ജൂലായ് 2007

# പഞ്ചായത്ത് രാജ്



സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ

പ്രത്യേകപതിപ്പ്

## കെട്ടിട നിർമ്മാണ ചട്ടങ്ങൾ എല്ലാ പഞ്ചായത്തുകളിലും

**വികേന്ദ്രീകൃതാസൂത്രണ പരിപാടിയുടെ പുത്തൻ ചുവടുവെയ്പ്**
ആർ.എൽ. ഭാട്യ

**ആവശ്യത്തിന് ഊർജ്ജം എല്ലാവർക്കും എല്ലാനാളും**
പാലോളി മുഹമ്മദ്കുട്ടി

**സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷൻ ഉത്തരവാദിത്തങ്ങൾ ഏറെ**
എ.കെ. ബാലൻ

**സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷൻ രൂപീകരണവും നാൾവഴിയും**
പി.വി.ഉണ്ണികൃഷ്ണൻ

# പഞ്ചായത്ത് രാജ്

വെബ്സൈറ്റ് : www.localgovkerala.net

ജൂലായ്
2007

പുസ്തകം 47

ലക്കം 4

വാർഷിക വരിസംഖ്യ 90 രൂപ

ഒറ്റപ്രതി– 7.50 രൂപ

## പേജുകളിൽ

എഡിറ്ററുടെ പേജ്

**ഊർജ്ജസുരക്ഷ കൈവരിക്കാൻ**
**ഒത്തൊരുമിച്ചു പ്രവർത്തിക്കാം.** ........ ................. .................... 2

**സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ –**
**വികേന്ദ്രീകൃതാസൂത്രണ പരിപാടിയുടെ പുത്തൻ ചുവടുവെയ്പ്**
- ആർ.എൽ. ഭാട്യ ............................................................ 3

**ആവശ്യത്തിന് ഊർജ്ജം**
**എല്ലാവർക്കും എല്ലാനാളും**
- പാലോളി മുഹമ്മദ്കുട്ടി .................................................... 6

**സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ**
**ഉത്തരവാദിത്തങ്ങൾ ഏറെ**
- എ.കെ. ബാലൻ ............................................................ 8

**സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ**
**രൂപീകരണവും നാൾവഴിയും**
- പി.വി. ഉണ്ണികൃഷ്ണൻ ......................................................11

**ചെറുകിട ജലവൈദ്യുത പദ്ധതികൾ –**
**ഒരു മാർഗ്ഗരേഖ**
- അനിൽ. ജി ....................................................................20

**ഗ്രാമങ്ങൾ ഇനി മുതൽ**
**ടൂറിസ്റ്റുകളുടെയും സ്വപ്നഭൂമി**
- പഞ്ചായത്ത് ന്യൂസ് സർവ്വീസ് .........................................28

**പഞ്ചായത്ത് പ്രദേശങ്ങളിലും ബാധകമാക്കിയ**
**കെട്ടിട നിർമ്മാണ ചട്ടങ്ങൾ : ഒരു സംക്ഷിപ്തം**
- കെ. രാജശേഖരൻ ..........................................................30

*ഉത്തരവുകൾ, സർക്കുലറുകൾ, സ്ഥിരം പംക്തികൾ...*

എഡിറ്റർ

**എ. അജിത്കുമാർ, IAS**
**Ph: 2323286**

അസിസ്റ്റന്റ് എഡിറ്റർ

**ജി. ഹരികൃഷ്ണൻ**
**Ph: 2321054**

**ഉപദേശക സമിതി**

ചെയർമാൻ

**ശ്രീ. പാലോളി മുഹമ്മദ്കുട്ടി, തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി**

**ശ്രീ. എസ്.എം. വിജയാനന്ദ്**, ഐ.എ.എസ്.
(പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്)

**ശ്രീ. പി. വേണുഗോപാൽ**, ഐ.എ.എസ്
(ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്)

**ശ്രീ. കെ. നാരായണൻ**, പ്രസിഡന്റ്
(കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ)

**ശ്രീ. ബി.എസ്. പ്രസന്നൻ**
(സെക്രട്ടറി, പ്രസ് ക്ലബ്ബ്, തിരുവനന്തപുരം)

**ശ്രീ. ജി. ഹരികൃഷ്ണൻ**
(പബ്ലിസിറ്റി ഓഫീസർ)

**ശ്രീ. എ. അജിത്കുമാർ**, ഐ.എ.എസ്.
(പഞ്ചായത്ത് ഡയറക്ടർ, കൺവീനർ)

കവർ ഡിസൈൻ & ലേ ഔട്ട് - ഗോഡ്ഫ്രെ

**ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല, അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.**

എഡിറ്ററുടെ പേജ്

ജൂലായ് 2007

# ഊർജ്ജ സുരക്ഷ കൈവരിക്കാൻ ഒത്തൊരുമിച്ചു പ്രവർത്തിക്കാം

സമ്പൂർണ്ണ സാക്ഷരതാ പ്രസ്ഥാനവും ജനകീയാസൂത്രണ പരിപാടിയും ഏറ്റെടുത്ത് വിജയിപ്പിച്ച കേരളജനത പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി പുതുമയുള്ള മറ്റൊരു പരിപാടി ഏറ്റെടുക്കുകയാണ്. കേരളത്തിലെ എല്ലാ കുടുംബങ്ങൾക്കും ജീവത് പ്രധാന ഊർജ്ജ ലഭ്യത ഉറപ്പു വരുത്തുകയെന്ന ലക്ഷ്യവുമായി കേരളസർക്കാർ രൂപീകരിച്ചിട്ടുള്ള "സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ" പരിപാടിയാണ് അത്. സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷന്റെ ഔപചാരികമായ പ്രവർത്തനോദ്ഘാടനം ഇക്കഴിഞ്ഞ ജൂൺ അഞ്ചിന് ആദരണീയനായ കേരള ഗവർണർ ശ്രീ. ആർ. എൽ. ഭാട്യ നിർവഹിക്കുകയുണ്ടായി.

ഏറ്റവും ആദ്യം നൂറുശതമാനം ഗ്രാമവൈദ്യുതീകരണമെന്ന ലക്ഷ്യം നേടിയ സംസ്ഥാനങ്ങളിലൊന്നാണ് കേരളം. എന്നാൽ 2001-ലെ സെൻസസ് കണക്കനുസരിച്ച് ഏതാണ്ട് 30% വീടുകൾ കേരളത്തിൽ ഇനിയും വൈദ്യുതീകരിക്കപ്പെടാതെയുണ്ട്. ഇവയിൽ ബഹുഭൂരിപക്ഷവും പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളുടെയും മറ്റു പാർശ്വവത്കൃത ജനവിഭാഗങ്ങളുടെയുമാണുതാനും. കൂടാതെ ഭവന വൈദ്യുതീകരണത്തിന്റെ ഗ്രാമ- നഗര വ്യത്യാസവും ശ്രദ്ധേയമാണ്. അതായത് ഊർജ്ജസേവനങ്ങളുടെ ലഭ്യതയിൽ വ്യക്തമായും പിന്നോക്കം നിൽക്കുന്നത് സമൂഹത്തിലെ പാർശ്വവത്കൃത ജനവിഭാഗങ്ങളായ ആദിവാസികളും പട്ടികജാതി ജനവിഭാഗങ്ങളും പരമ്പരാഗത മത്സ്യത്തൊഴിലാളികളടക്കമുള്ള മറ്റു ദരിദ്രജനങ്ങളുമാണ്. പാചകഇന്ധനലഭ്യതയും, ലഭിക്കുന്ന ഊർജ്ജസേവനങ്ങളുടെ ഗുണമേന്മയും കൂടി കണക്കിലെടുത്താൽ ഊർജ്ജവികസനത്തിലെ പാർശ്വവത്ക്കരണത്തിന്റെ ചിത്രം കൂടുതൽ വ്യക്തമാകും. തുല്യതയ്ക്കും കാര്യക്ഷമതയ്ക്കും പാർശ്വവത്കൃത വിഭാഗങ്ങളോടുള്ള പ്രത്യേക പരിഗണനയ്ക്കും പ്രാധാന്യം നൽകുന്ന പ്രവർത്തനപരിപാടിയിലൂടെ മാത്രമേ ഈ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനാകൂ. സാമൂഹികനീതിക്കും സാങ്കേതികമികവിനും തുല്യ പ്രാധാന്യം നൽകുന്ന സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷന്റെ പ്രവർത്തനം പ്രാധാന്യമർഹിക്കുന്നത് ഇക്കാരണത്താലാണ്.

അനെർട്ട്, ഇ.എം.സി., വൈദ്യുതിബോർഡ് തുടങ്ങിയ ഊർജ്ജമേഖലാസ്ഥാപനങ്ങളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും പരസ്പരാനുപൂരകമാക്കുകയും ചെയ്തുകൊണ്ട് കേരളത്തിന്റെ ഊർജ്ജമേഖലയുടെ സവിശേഷ പ്രശ്നങ്ങളെ നേരിടാനാണ് "സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷൻ" ലക്ഷ്യമിട്ടിട്ടുള്ളത്. ഈ പ്രവർത്തനങ്ങളുടെ വിജയം വലിയൊരളവ് ആശ്രയിച്ചിരിക്കുന്നത്, നമ്മുടെ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനകീയ പ്രവർത്തകരുടെയും ജീവനക്കാരുടെയും കർമ്മകുശലതയിലും ആത്മാർത്ഥതയിലും തന്നെയാണ്. പ്രാദേശിക ഊർജ്ജലഭ്യതയുടെയും ഊർജ്ജ വിതരണത്തിന്റെയും യഥാർത്ഥ വിശദാംശങ്ങൾ ശേഖരിച്ചും പ്രശ്നങ്ങൾ തിരിച്ചറിഞ്ഞും, ജനപക്ഷത്തുനിന്നു കൊണ്ട് ഗ്രാമവികസനത്തിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഉതകുന്ന വിധത്തിൽ ഊർജ്ജമേഖലാവികസനം നടപ്പാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മുൻകൈ കൂടിയേ തീരൂ. അതിലൂടെയേ കേരളത്തിന് സമ്പൂർണ്ണ ഊർജ്ജ സുരക്ഷ കൈവരിക്കാനുമാകൂ. അതിനായി നമുക്ക് ഒത്തൊരുമിച്ചു പ്രവർത്തിക്കാം.

എ. അജിത്കുമാർ, ഐ.എ.എസ്.
എഡിറ്റർ




*സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷന്റെ പ്രവർത്തനോദ്ഘാടനം പ്രഖ്യാപിച്ചുകൊണ്ട് കേരള ഗവർണ്ണർ ആർ.എൽ.ഭാട്യ സംസാരിക്കുന്നു. 2007 ജൂൺ 5 – പാലക്കാട് മുനിസിപ്പൽ ടൗൺ ഹാൾ*

**ജനക്ഷേമ നടപടികൾ ശക്തിപ്പെടുത്തുന്നതിനും മാനവ വികസന മാതൃകകൾ മെച്ചപ്പെടുത്തുന്നതിനുമുള്ള ഒട്ടനവധി നവീന ദേശീയ മാതൃകകൾ മുന്നോട്ടു വയ്ക്കുന്നതിന് കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. സമ്പൂർണ്ണ സാക്ഷരതാ പ്രസ്ഥാനവും വികേന്ദ്രീകൃതാസൂത്രണം ഫലപ്രദമാക്കുന്നതിനായുള്ള ജനകീയ പരിപാടിയുമൊക്കെ ഇത്തരത്തിലുള്ള നടപടികളായിരുന്നു. അതിനൊക്കെ തുടർച്ചയായി കേരള ജനതയ്ക്ക് ജീവത് പ്രധാന ഊർജ്ജ– വൈദ്യുതിലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള ഒരു മുൻനിര പദ്ധതിക്ക് സംസ്ഥാനം രൂപംനൽകിയിരിക്കുന്നുവെന്നത് ആഹ്ലാദകരമാണ്.**

# സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ:

## വികേന്ദ്രീകൃതാസൂത്രണ പരിപാടിയുടെ പുത്തൻ ചുവടുവെയ്പ്

***കേരള ഗവർണ്ണർ ആർ.എൽ. ഭാട്യയുടെ ഉദ്ഘാടന പ്രസംഗത്തിൽ നിന്നും***

**മാനവ** വികസന സൂചികകളിലെ നേട്ടങ്ങളുടെ കാര്യത്തിൽ ഇന്ത്യയിലെ മറ്റേതൊരു സംസ്ഥാനത്തേക്കാളും വ്യക്തമായ മുൻതൂക്കം കൈവരിച്ചിട്ടുള്ള സംസ്ഥാനമാണ് കേരളം. ഈ നേട്ടം ഇവിടത്തെ സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങളുടെയും ജനകീയ മുന്നേറ്റങ്ങളുടെയും ജനാധിപത്യ സർക്കാരുകൾ കാലാകാലങ്ങളിൽ സ്വീകരിച്ച ജനപക്ഷനടപടികളുടെയും ഫലമാണ്. ജനക്ഷേമ നടപടികൾ ശക്തിപ്പെടുത്തുന്നതിനും മാനവവികസനമാതൃകകൾ മെച്ചപ്പെടുത്തുന്നതിനുമുള്ള ഒട്ടനവധി നവീന ദേശീയ മാതൃകകൾ മുന്നോട്ടു വയ്ക്കുന്നതിന് കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. സമ്പൂർണ്ണ സാക്ഷരതാ പ്രസ്ഥാനവും വികേന്ദ്രീകൃതാസൂത്രണം ഫലപ്രദമാക്കുന്നതിനായുള്ള ജനകീയ പരിപാടിയുമൊക്കെ ഇത്തരത്തിലുള്ള നടപടികളായിരുന്നു. അതിനൊക്കെ തുടർച്ചയായി കേരള ജനതയ്ക്ക് ജീവത് പ്രധാന ഊർജ്ജ– വൈദ്യുതിലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള ഒരു മുൻനിര പദ്ധതിക്ക് സംസ്ഥാനം രൂപംനൽകിയിരിക്കുന്നുവെന്നത് ആഹ്ലാദകരമാണ്. ഈ പ്രവർത്തനത്തിന് എല്ലാ ഭാവുകങ്ങളും അറിയിക്കട്ടെ.

എഴുപതുകളിൽ തന്നെ നൂറു ശതമാനം ഗ്രാമവൈദ്യുതീകരണമെന്ന ലക്ഷ്യം കൈവരിച്ച ചുരുക്കം ചില സംസ്ഥാനങ്ങളിലൊന്നാണ് കേരളം. എന്നാൽ

- **നൂറുശതമാനം ഭവനവൈദ്യുതീകരണവും ഓരോ കുടുംബത്തിനും പ്രതിദിനം കുറഞ്ഞത് ഒരു യൂണിറ്റ് വൈദ്യുതിയും**
- **എല്ലാ കുടുംബത്തിനും പ്രതിമാസം ആളോഹരി രണ്ടു കിലോഗ്രാം എൽ.പി.ജി.യ്ക്കു തുല്യമായ പാചകഇന്ധനം**
- **ഗ്രാമതലത്തിൽ പ്രവർത്തിക്കുന്ന ചെറുകിടയും ഇടത്തരവുമായ വിവിധ സംരംഭങ്ങൾക്ക് ആവശ്യത്തിന് ഊർജ്ജം**



ഭവനവൈദ്യുതീകരണത്തിൽ ഉയർന്ന നേട്ടം കൈവരിക്കാൻ കേരളത്തിനായിട്ടില്ല. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെയും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെയും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മറ്റു പാർശ്വവത്കൃത ജനവിഭാഗങ്ങളുടെയും വീടുകൾ വൈദ്യുതീകരിക്കുന്നതിൽ ഇനിയും ഒരുപാടു മുന്നേറേണ്ടതുണ്ട്. തദ്ദേശഭരണസ്ഥാപനങ്ങളുമായി ചേർന്നു നടപ്പാക്കുന്നതിനായി സംസ്ഥാന സർക്കാർ രൂപം നൽകിയിട്ടുള്ള ഈ "സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷൻ" എന്ന മുൻനിര പ്രോജക്ടിന്, നാം ഏറെനാളായി ആഗ്രഹിക്കുന്ന നൂറുശതമാനം ഭവനവൈദ്യുതീകരണവും ഓരോ കുടുംബത്തിനും പ്രതിദിനം കുറഞ്ഞത് ഒരു യൂണിറ്റ് വൈദ്യുതിയും എന്ന ലക്ഷ്യം നേടാനാകുമെന്നു പ്രതീക്ഷിക്കുന്നു.

ഗാർഹിക ഊർജ്ജ സുരക്ഷ എന്നതിൽ പാചക ഇന്ധനലഭ്യതയും ഏറെ പ്രധാനമാണ്. എല്ലാ കുടുംബത്തിനും പ്രതിമാസം ആളോഹരി രണ്ടു കിലോഗ്രാം എൽ.പി.ജി.യ്ക്കു തുല്യമായ പാചക ഇന്ധനം ലഭ്യമാക്കാനാകണം എന്ന ലക്ഷ്യമാണ് ദേശീയതലത്തിൽ ആസൂത്രണ കമ്മീഷൻ മുന്നോട്ടു വച്ചിട്ടുള്ളത്. എൽ.പി.ജി., മണ്ണെണ്ണ, ജൈവവാതകം, പ്രൊഡ്യൂസർ ഗ്യാസ്, വിറക് എന്നിങ്ങനെ ലഭ്യമായ വിവിധ ഇന്ധനരൂപങ്ങളെ ഉയർന്ന കാര്യക്ഷമതയോടെ ഉപയോഗപ്പെടുത്തിക്കൊണ്ട് ജനങ്ങൾക്ക് പാചക ഇന്ധനലഭ്യത ഉറപ്പാക്കുന്നതിനുള്ള ശ്രമങ്ങളും സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷന്റെ ലക്ഷ്യമായിരിക്കണം. ഗാർഹിക മേഖലയിലും ഹോട്ടലുകൾ, ആശുപത്രികൾ തുടങ്ങിയ സ്ഥാപനങ്ങളിലും ആവശ്യമായ ചൂടുവെള്ളം ലഭ്യമാക്കുന്നതിന് സൗരതാപോർജ്ജപദ്ധതികൾ കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നതിനും ശ്രമിക്കണം.

ഗ്രാമതലത്തിൽ പ്രവർത്തിക്കുന്ന ചെറുകിടയും ഇടത്തരവുമായ വിവിധ സംരംഭങ്ങളുടെ ഊർജ്ജാവശ്യങ്ങൾ നിറവേറ്റുന്നത് സുസ്ഥിരമായ തൊഴിൽ ലഭ്യത ഉറപ്പാക്കുന്നതിന് അത്യാവശ്യമാണ്. ബേക്കറികൾ, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ തുടങ്ങിയ വിവിധ പരമ്പരാഗതസംരംഭങ്ങൾക്കും കളിമണ്ണ്, ലോഹം, തടി, കൈത്തറി, മത്സ്യബന്ധനവും മൃഗസംരക്ഷണവും അടക്കമുള്ള കാർഷിക സംസ്കരണം തുടങ്ങിയ മേഖലകളിലെ ചെറുകിട സംരംഭങ്ങൾക്കുമൊക്കെ വ്യത്യസ്ത അളവിലും ഗുണമേന്മയിലും തുടർച്ചയായ ഊർജ്ജലഭ്യത ഉറപ്പാക്കേണ്ടതുണ്ട്. ഈ സംരംഭങ്ങളുടെ നിലനിൽപ്പും സാമ്പത്തിക സാദ്ധ്യതയും മെച്ചപ്പെടുത്തുന്നതിന് കുറഞ്ഞ ചെലവിലുള്ള ഊർജ്ജലഭ്യത ഉറപ്പാക്കുന്നത് പ്രധാനമാണ്. ആധുനിക ലഘു എഞ്ചിനീയറിംഗ്, ഇലക്ട്രോണിക് സംരംഭങ്ങൾക്കും കമ്പ്യൂട്ടർ അധിഷ്ഠിത സേവനകേന്ദ്രങ്ങൾക്കും, ബിസിനസ് പ്രോസസ് ഔട്ട്സോഴ്സിങ് കേന്ദ്രങ്ങൾക്കുമൊക്കെ ഉയർന്ന ഗുണമേന്മയുള്ള ഊർജ്ജലഭ്യത ഉറപ്പാക്കേണ്ടതുണ്ട്. എഞ്ചിനീയറിംഗ് കോളേജുകളുടെയും പോളിടെക്നിക്കുകളുടെയും സംസ്ഥാനത്തെ മറ്റ് സാങ്കേതിക വിദ്യാ സ്ഥാപനങ്ങളുടെയും സഹായത്തോടെ മേൽപ്പറഞ്ഞ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ യഥാർത്ഥ ഊർജ്ജ പ്രശ്നങ്ങൾക്ക് പ്രായോഗിക പരിഹാരങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനും സമ്പൂർണ ഊർജ്ജ സുരക്ഷാമിഷൻ ശ്രദ്ധപതിപ്പിക്കണം. ഇവയ്ക്കുപുറമേ ഊർജ്ജത്തിന്റെ ഉപയോക്തൃതല പരിപാലനം, ഊർജ്ജസംരക്ഷണം, നവീനവും നവീകരണീയവുമായ ഊർജ്ജസ്രോതസ്സുകളുടെ വികസനം തുടങ്ങിയവയ്ക്കും പ്രാധാന്യം നൽകാനാകണം. അനെർട്ട്, ഇ.എം.സി., സംസ്ഥാന വൈദ്യുതി ബോർഡ് തുടങ്ങി ഊർജ്ജവകുപ്പിനു കീഴിലുള്ള വിവിധ സ്ഥാപനങ്ങളോടൊപ്പം സംസ്ഥാനത്തെ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങൾകൂടി സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷന്റെ പ്രവർത്തനങ്ങളിൽ

പ്രധാന പങ്കാളികളാണെന്നു കാണുന്നത് അതീവ സന്തോഷകരമാണ്. ഊർജ്ജ മേഖലയിൽ ഇത്തരമൊരു വിപുലമായ അടിസ്ഥാനതല പങ്കാളിത്ത പ്രവർത്തന രൂപീകരണം തന്നെ ഇതാദ്യമാണെന്ന് എനിക്കുറപ്പുണ്ട്.

വളരെ സമഗ്രമായ ഒരു സങ്കല്പന രേഖയാണ് ഈ പരിപാടിക്കായി തയ്യാറാക്കിയിട്ടുള്ളതെന്ന് കാണാനായി. ഊർജ്ജ-വൈദ്യുതി മേഖലകളിലെ വിപുലമായ ഇടപെടൽ പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്. അതിൽ വനവൽക്കരണം, ഊർജ്ജ ഓഡിറ്റിംഗ്, സർവ്വേകളും പഠനങ്ങളും, ഊർജ്ജ സംരക്ഷണം, നവീനവും നവീകരണീയവുമായ സ്രോതസുകളിൽ നിന്നുമുള്ള ഊർജ്ജോൽപ്പാദനം തുടങ്ങിയവയൊക്കെ ഉൾപ്പെടുന്നു. ഈ പ്രവർത്തനങ്ങളുടെയൊക്കെ വിജയകരമായ നിർവഹണത്തിന്, ശേഷിവർധനവും വിവര-വിദ്യാഭ്യാസ-സംവേദനവും ഉൾപ്പെടെയുള്ള ശ്രമങ്ങൾ ആവശ്യ



മാണ്. അടിസ്ഥാനതലത്തിൽ, ഊർജ്ജ-പരിസ്ഥിതിസേനയെന്ന പ്രവർത്തക ശൃംഖലയ്ക്കു രൂപം നൽകുന്നതിനുള്ള വ്യക്തമായ സമീപനം മിഷൻ രൂപീകരിച്ചിട്ടുണ്ടെന്നു കാണുന്നു. ജില്ലാസംസ്ഥാനതലങ്ങളിൽ പ്രവർത്തന ഏകോപനത്തിനായി സമിതികളും ഉണ്ടാകുമെന്നു മനസ്സിലാകുന്നു.

ഈ സംവിധാനങ്ങളിലൂടെ തയ്യാറാക്കപ്പെടുന്ന പ്രാദേശികതല പ്രവർത്തനപരിപാടികൾ അഥവാ സമ്പൂർണ്ണ ഊർജ്ജ-പരിസ്ഥിതി സുരക്ഷാ പദ്ധതികളായിരിക്കും ഈ മിഷന്റെ വിജയത്തിന് അടിസ്ഥാനം. ഏതാണ്ട് 250 തദ്ദേശഭരണ സ്ഥാപനങ്ങളായിരിക്കും ഓരോ വർഷവും മിഷൻ പ്രവർത്തനങ്ങളിൽ ഉണ്ടാകുക എന്നാണ് സങ്കല്പനമെന്ന് ഞാൻ മനസ്സിലാക്കുന്നു. ഇത് അല്പം ഉയർന്ന ലക്ഷ്യമായാണ് തോന്നുന്നത്. എങ്കിലും നല്ല രീതിയിൽ ഒരുക്കപ്പെട്ട പശ്ചാത്തലവും ഇതേവരെയുള്ള പ്രവർത്തനങ്ങളുടെ വൈപുല്യവും വെച്ചുനോക്കുമ്പോൾ ഈ ലക്ഷ്യം കൈവരിക്കുക സാദ്ധ്യമാണെന്നു തന്നെ ഞാൻ കരുതുന്നു.

രാജ്യത്തിനകത്തുനിന്നും പുറത്തുനിന്നും ഏറെ അനുമോദനങ്ങൾ ഏറ്റുവാങ്ങിയ വികേന്ദ്രീകൃതാസൂത്രണ പരിപാടിക്ക് മറ്റൊരു മികവുറ്റ നേട്ടം തന്നെയായിരിക്കും ഇത്.

•

# പാചക ഇന്ധനം ലാഭിക്കാൻ

**ലളിതമായ ചില കാര്യങ്ങൾ ശ്രദ്ധിച്ചാൽ പാചക ഇന്ധനം 30 ശതമാനത്തോളം ലാഭിക്കാൻ കഴിയും**



- പാചകത്തിനു വേണ്ടതെല്ലാം ഒരുക്കി വെച്ചിട്ട് മാത്രമേ അടുപ്പ് കത്തിക്കാവൂ.
- ആവശ്യത്തിന് മാത്രം വെള്ളം ഉപയോഗിച്ചാൽ ഇന്ധനച്ചെലവ് കുറയും. ആവശ്യത്തിന്റെ ഇരട്ടി വെള്ളം ഉപയോഗിച്ച് അരി വേവിച്ചാൽ 65% ഇന്ധനം കൂടുതൽ ചെലവാകും.
- ധാന്യങ്ങളും പയറുവർഗ്ഗങ്ങളും പാചകത്തിന് ഏതാനും മണിക്കൂറുകൾക്ക് മുൻപ് കുതിർത്ത് വെച്ചാൽ ഇന്ധനച്ചെലവ് 25-30 ശതമാനത്തോളം കുറക്കാം.
- പാത്രം മൂടി കൊണ്ട് അടച്ച് പാചകം ചെയ്താൽ താപനഷ്ടം ഗണ്യമായി കുറക്കാം. സമയവും ലാഭിക്കാം.

**ഊർജ്ജ സംരക്ഷണം വീടുകളിൽ**

**എല്ലാ വീട്ടിലും വൈദ്യുതി എത്തിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാവണം. വീടൊന്നിന് പ്രതിദിനം ഒരു യൂണിറ്റ് വൈദ്യുതി എന്ന ലക്ഷ്യം മൂന്ന് വർഷങ്ങൾക്കുള്ളിൽ കൈവരിക്കാനാവണം. എല്ലായിടത്തും, ആദിവാസി ഊരുകളിലും, പട്ടികജാതി വീടുകളിലും, പരമ്പരാഗത മത്സ്യത്തൊഴിലാളി വീടുകളിലും, മറ്റെല്ലാ ദരിദ്രനാരായണന്മാരുടെ വീടുകളിലും വൈദ്യുതി എത്തണം.**



# ആവശ്യത്തിന് ഊർജ്ജം എല്ലാവർക്കും എല്ലാനാളും

*സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ ഉൽഘാടന ചടങ്ങിനോടനുബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി നടത്തിയ പ്രസംഗത്തിൽ നിന്ന്:*



**പതിനൊന്നാം** പഞ്ചവത്സര പദ്ധതിയിൽ കേരള സർക്കാർ ഏറ്റെടുത്തിട്ടുള്ള വളരെ നൂതനമായ ഒരു മുൻനിര പ്രോജക്ടാണ് സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ. തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സജീവമായ നേതൃത്വത്തിലാണ് ഈ മിഷന്റെ ആശയങ്ങൾ ഉടലെടുത്തതും മുന്നോട്ടു പോകുന്നതും. ഇതിൽ എനിക്ക് ഏറെ സന്തോഷവും, സംതൃപ്തിയുമുണ്ട്.

പ്രാദേശിക സർക്കാരുകൾ എന്ന നിലയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തങ്ങളുടെ പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളും സ്ഥാപനങ്ങളുമായി ഫലപ്രദമായി ഏകോപിപ്പിക്കാനും മറ്റ് ഏജൻസികളിൽ നിന്ന് വൈദഗ്ദ്ധ്യം കണ്ടെത്തി ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും കഴിയണം. ഈ ദിശയിൽ വിവിധ മേഖലകളിൽ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങളുടെ ആദ്യ പടിയാണ് ഊർജ്ജ മേഖലയിലെ ഏകോപന ശ്രമങ്ങൾ. അനെർട്ട്, ഇ എം സി, കെ. എസ്.ഇ.ബി, എഞ്ചിനീയറിംഗ് കോളേജുകൾ, പോളീടെക്നിക്കുകൾ, യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റുകൾ, ദേശീയ തലത്തിലുള്ള ഊർജ്ജ ഗവേഷണസ്ഥാപനങ്ങൾ എന്നിവരായിരിക്കും ഈ മേഖലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി യോജിച്ചു പ്രവർത്തിക്കുക. പ്രാദേശിക തലത്തിൽ രൂപം നൽകുന്ന ഊർജ്ജ – പരിസ്ഥിതി സേനകളായി

രിക്കും ഈ സംവിധാനത്തിന് കരുത്തും സാങ്കേതിക സഹായവും നൽകുക.

73 ഉം 74 ഉം ഭരണഘടന ഭേദഗതികളുടെ ഭാഗമായി വിപുലമായ പ്രവർത്തന സാധ്യതകളാണ്, ഊർജ്ജമേഖലയിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തുറന്നു കിട്ടിയിട്ടുള്ളത്. കേരളപഞ്ചായത്തിരാജ് ആക്റ്റിലും, നഗരപരിപാലിക ആക്റ്റിലും 1999 ൽ വരുത്തിയിട്ടുള്ള ഭേദഗതികൾ ഇവയെ കൂടുതൽ സമ്പുഷ്ടമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾ ബയോഗ്യാസ്, ജൈവദ്രവ്യ മാനേജുമെന്റ് എന്നീ മേഖലകളിലും, ബ്ലോക്ക് പഞ്ചായത്തുകൾ അക്ഷയ ഊർജ്ജ സ്രോതസ്സുകളുടെ പ്രോത്സാഹനത്തിന്റെ മേഖലയിലും, ജില്ലാപഞ്ചായത്തുകൾ ചെറുകിട ഊർജ്ജ ഉല്പാദനത്തിന്റെയും, ഗ്രാമീണ വൈദ്യുതീകരണത്തിന്റെയും മുൻഗണനകൾ നിശ്ചയിക്കുന്നതിന്റെ മേഖലകളിലും പ്രവർത്തിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഈ വിപുലമായ പ്രവർത്തന സാധ്യതകൾ തിരിച്ചറിയാനും അവയനുസരിച്ച് പ്രവർത്തനങ്ങൾ ആവിഷ്കരിക്കാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായിട്ടില്ല.

പ്രധാനമായും സൗരവൈദ്യുതീകരണം, സൗരതാപ പ്രവർത്തനങ്ങൾ, ലൈൻ എക്സ്റ്റെൻഷൻ, കോളനി വൈദ്യുതീകരണം, ഗാർഹിക വൈദ്യുതീകരണം എന്നീ മേഖലകളിലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒമ്പത്, പത്ത് പഞ്ചവത്സര പദ്ധതികളിൽ ശ്രദ്ധ കേന്ദ്രീകരിച്ചത്. പുതിയ മേഖലകളിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കുകയും, ഇപ്പോൾ ഏറ്റെടുത്തിട്ടുള്ളവയുടെ സമഗ്രതയും ഗുണനിലവാരവും മെച്ചപ്പെടുത്തുകയും വേണം.

വീടുകൾ, അറവുശാല, മാർക്കറ്റ്, ഹോട്ടലുകൾ തുടങ്ങിയ സ്ഥാപനങ്ങളിലെ ജൈവമാലിന്യങ്ങളിൽ നിന്ന് ബയോഗ്യാസ് പ്ലാന്റുകൾ വഴി മീഥേൻ വാതകം ഉല്പാദിപ്പിച്ച് വൈദ്യുതിക്കും താപാവശ്യങ്ങൾക്കും വേണ്ടി ഉപയോഗിക്കുക, വിറക്, തെങ്ങിന്റെ മടല്, കൊതുമ്പ്, കോഞ്ഞാട്ട എന്നിവ ഗ്യാസിഫയറുകളിൽ കത്തിച്ച് പ്രൊഡ്യൂസർ ഗ്യാസ് (കാർബൺ മോണോക്സൈഡ്, ഹൈഡ്രജൻ, നൈട്രജൻ എന്നിവയുടെ മിശ്രിതം) ഉത്പാദിപ്പിച്ച് താപാവശ്യങ്ങൾക്കും വൈദ്യുതിക്കുമായി ഉപയോഗിക്കുക തുടങ്ങിയ വ്യത്യസ്ത സാങ്കേതിക വിദ്യകൾ ഇന്ന് ലഭ്യമാണ്, ഇവ പ്രായോഗികമായി പരീക്ഷിച്ച് ആദായകരമെന്നും സാങ്കേതിക പ്രശ്നങ്ങൾ ഇല്ല എന്നും ഉറപ്പുവരുത്തിയിട്ടുണ്ട്. കേരളത്തിൽ ഇവ വ്യാപകമായി സ്ഥാപിക്കാൻ 11–ാം പഞ്ചവത്സരപദ്ധതിക്കാലത്ത് കഴിയണം. ഇത്തരം പ്രോജക്ടുകൾ നടപ്പിലാക്കാനും നടത്തിപ്പിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാനും നേതൃത്വം നൽകാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാവണം. സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ ഇതിനാവശ്യമായ സങ്കേതിക സഹായം നൽകണം.

എന്നാൽ മിഷൻ പ്രവർത്തനത്തിന്റെ പുതിയ ഊർജ്ജ ഉല്പാദന മേഖലയല്ല ഏറ്റവും ശ്രദ്ധേയമാവാൻ പോകുന്നത്, മിഷൻ പ്രവർത്തനം വഴി കൈവരിക്കാൻ ലക്ഷ്യമിട്ടിട്ടുള്ള ഊർജ്ജസുരക്ഷ തന്നെയാണ്. എല്ലാ വീട്ടിലും വൈദ്യുതി എത്തിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാവണം. വീടൊന്നിന് പ്രതിദിനം ഒരു യൂണിറ്റ് വൈദ്യുതി എന്ന ലക്ഷ്യം മൂന്ന് വർഷങ്ങൾക്കുള്ളിൽ കൈവരിക്കാനാവണം. എല്ലായിടത്തും, ആദിവാസി ഊരുകളിലും, പട്ടികജാതി വീടുകളിലും, പരമ്പരാഗത മത്സ്യത്തൊഴിലാളി വീടുകളിലും, മറ്റെല്ലാ ദരിദ്രനാരായണന്മാരുടെ വീടുകളിലും വൈദ്യുതി എത്തണം.

പാചകാവശ്യങ്ങൾക്ക് ആളോഹരി പ്രതിമാസം രണ്ട് കിലോഗ്രാം പാചക വാതകത്തിന് തുല്യമായ ഊർജ്ജം എന്ന ലക്ഷ്യവും കൈവരിച്ചേ മതിയാകൂ. ഇതിന് മെച്ചപ്പെട്ട വിറകടുപ്പുകളും ബയോഗ്യാസ് സാദ്ധ്യതകളും, ഗ്യാസിഫയർ സാദ്ധ്യതകളും പരിശോധിക്കണം. ഇതിനൊക്കെ സഹായകരമായ രീതിയിൽ സാമൂഹ്യവനവൽക്കരണവും വൃക്ഷവൽക്കരണവും നടത്തി കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും ഉപജീവനത്തിനും നിലനില്പിനും ആവശ്യമായ ഊർജ്ജം സ്ഥിരമായും സ്ഥായിയായും ലഭ്യമാക്കാൻ എല്ലാവിധ പ്രവർത്തനങ്ങളും നടത്തുമെന്ന് നമുക്ക് പ്രതിജ്ഞയെടുക്കാം. •





# സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷൻ: ഉത്തരവാദിത്തങ്ങൾ ഏറെ

*സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ പ്രവർത്തനങ്ങളുടെ ആരംഭം പ്രഖ്യാപിക്കുന്ന ചടങ്ങിൽ പട്ടികജാതി, പട്ടികവർഗ്ഗ, പിന്നോക്ക വിഭാഗക്ഷേമ, വൈദ്യുതി വകുപ്പ് മന്ത്രി എ.കെ. ബാലൻ നടത്തിയ പ്രസംഗത്തിൽനിന്ന്:*

സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷന് അതിന്റെ പ്രാരംഭപ്രവർത്തനങ്ങളിലൂടെ ഊർജ്ജമേഖലയിലെ തുല്യതയുടെ പ്രശ്നങ്ങൾ ഫലപ്രദമായി മുന്നോട്ടു വയ്ക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നത് ഏറെ പ്രധാനമാണ്.

- പ്രതിദിനം ഏറ്റവും ചുരുങ്ങിയത് ഒരു യൂണിറ്റ് വൈദ്യുതി ഓരോ വീട്ടിലും ലഭ്യമാക്കുക.
- പ്രതിമാസം ആളോഹരി രണ്ട് കിലോഗ്രാം പാചകവാതകത്തിന് തുല്യമായ ഊർജ്ജലഭ്യത ഓരോ വീട്ടിലും ഉറപ്പാക്കുക.
- ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലുമുള്ള പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിലുള്ള പൊതു സ്ഥാപനങ്ങൾ – ആശുപത്രികൾ, അംഗൻവാടികൾ, സ്കൂളുകൾ, കൃഷിഭവനുകൾ, വെറ്റിനറി ആശുപത്രികൾ, വായനശാലകൾ മറ്റ് പൊതുസ്ഥാപനങ്ങൾ തുടങ്ങിയവയുടെ വൈദ്യുതി – ഊർജ്ജ ആവശ്യങ്ങൾ നിറവേറ്റുക.
- ഗ്രാമ പ്രദേശങ്ങളിലെ ചെറുകിട – ഇടത്തരം സംരംഭങ്ങളുടെ വൈദ്യുതി–ഊർജ്ജ ആവശ്യങ്ങൾ നിറവേറ്റുക എന്നിവയാണ് മിഷൻ ലക്ഷ്യമിടുന്നത്.
- ഇവ കൈവരിക്കാനും സ്ഥായിയായി നിലനിർത്താനും 11–ാം പഞ്ചവത്സര പദ്ധതിയിൽ നിശ്ചയമായും നമുക്ക് കഴിയണം.



വൻകിട ജലവൈദ്യുത പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതോടൊപ്പം പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ വികസനവും ശക്തിപ്പെടുത്തേണ്ടതുണ്ട്. ബയോഗ്യാസ്, ബയോമാസ്സ് ഊർജ്ജ വികസനം, സൗരതാപം, സൗരവെളിച്ചം, കാറ്റ് എന്നിവ ഉപയോഗിച്ചുള്ള വൈദ്യുതീകരണം എന്നിങ്ങനെയുള്ള വ്യത്യസ്ത പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കാനുള്ള നടപടികൾ നാം എടുക്കേണ്ടതുണ്ട്. ഈ പ്രവർത്തനങ്ങൾക്ക് സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷൻ നേതൃത്വപരമായ പങ്ക് വഹിക്കുന്നതാണ്. ഇതോടൊപ്പം ഊർജ്ജത്തിന്റെ ഡിമാൻഡ് സൈഡ് മാനേജുമെന്റ് മേഖലയിലും ഊർജ്ജ സംരക്ഷണത്തിന്റെ മേഖലയിലും ഗണ്യമായി മുന്നോട്ടുപോകാൻ നമുക്കാവണം. ദക്ഷതയേറിയ വിളക്കുകളായ കോംപാക്റ്റ് ഫ്ലൂറസെന്റ്

ലാമ്പ് (സിഎഫ് എൽ) ലൈറ്റ് എമിറ്റിംഗ് ഡയോഡ് (എൽ.ഇ.ഡി) തുടങ്ങിയവയും ദക്ഷതയേറിയ അടുപ്പുകളും (വിറക് നേരിട്ട് കത്തുന്നതും, ഗ്യാസാക്കി കത്തുന്നവയുമടക്കം) വ്യാപിപ്പിക്കാൻ വിപുലമായ പരിപാടികൾ നമുക്ക് തയ്യാറാക്കണം. ഈ പരിപാടികളിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ഫലപ്രദമായ പങ്കാളിത്തം ഉറപ്പുവരുത്തണം.

വരുന്ന ഏതാനും മാസങ്ങളിലെ മിഷൻ പ്രവർത്തനങ്ങളുടെ രൂപരേഖ ഇതിനകം തയ്യാറാക്കിയിട്ടുണ്ട്. ജൂലൈ മാസത്തിൽ മെച്ചപ്പെട്ട പ്രകാശ സാങ്കേതിക വിദ്യകൾ, വിറകടുപ്പുകൾ, ആഗസ്റ്റ് മാസത്തിൽ ബയോഗ്യാസ്, ബയോമാസ്സ് ഗ്യാസിഫയർ സാങ്കേതിക വിദ്യകൾ എന്നിവയുടെ വിശകലനവും വിപണന വിന്യാസ സാദ്ധ്യതകളും പരിശോധിച്ച് ഉറപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. സെപ്തംബർ മാസത്തിൽ അക്ഷയ ഊർജ്ജനയം, സംസ്ഥാന ഊർജ്ജ സംരക്ഷണ നയം എന്നിവ ആവിഷ്കരിക്കാനാകണം. ഇവയുടെ പശ്ചാത്തലത്തിൽ ഒക്ടോബർ, നവംബർ മാസങ്ങളിലായി ഗ്രാമതല ഊർജ്ജ പ്ലാനുകളും, ഡിസംബർ, ജനുവരി മാസങ്ങളിൽ ജില്ലാതല ഊർജ്ജ പ്ലാനുകളും തയ്യാറാക്കാനാണ് ലക്ഷ്യമിടുന്നത്. ഈ പരിപാടികൾ സമയബന്ധിതമായി പൂർത്തീകരിക്കാനായാൽ 11–ാം പഞ്ചവൽസര പദ്ധതിക്കാലത്ത് ഏറ്റെടുത്ത് നടത്താനുള്ള പ്രവർത്തനങ്ങളുടെ ചട്ടക്കൂടാവും അത്. ഈ ചട്ടക്കൂടിനകത്തുനിന്ന് ഫലപ്രദമായ ഊർജ്ജാസൂത്രണത്തിലേയ്ക്ക് കേരളത്തിന് നീങ്ങാനാകും.

ഈ വിധത്തിൽ വിപുലമായ ഊർജ്ജാസൂത്രണം നടത്താൻ പ്രാദേശിക തലത്തിലുള്ള വിവര വ്യൂഹങ്ങൾ സൃഷ്ടിക്കേണ്ടതാണ്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും തലത്തിലുള്ള ഊർജ്ജ ഉപയോഗ പഠനങ്ങൾ, വൈദ്യുതി ലൈൻ മാപ്പിംഗ്, ചെറുകിട വൈദ്യുതോത്പാദന സാധ്യതാ പഠനങ്ങൾ, അന്തിമ ഉപയോഗത്തിൽ കണ്ടെത്താനാവുന്ന കുറവുകളെ സംബന്ധിക്കുന്ന പഠനങ്ങൾ ഇവയൊക്കെ നടത്തേണ്ടിയിരിക്കുന്നു. ഈ പഠന വിവരങ്ങളുടെ കൂടി അടിസ്ഥാനത്തിലാവണം ഊർജ്ജ പ്ലാനുകൾ തയ്യാറാക്കേണ്ടത്. ഈ പ്രവർത്തനങ്ങൾക്ക് വൈദ്യുതി ബോർഡ്, അനെർട്ട്, ഇ.എം.സി എന്നിവയെ കൂടാതെ എഞ്ചിനീയറിംഗ് കോളേജുകളെയും പോളിടെക്നിക്കുകളെയും അണി നിരത്തണം. പ്രാദേശിക വളണ്ടിയർമാരെ പരിശീലിപ്പിച്ചാവണം പഠന പ്രവർത്തനങ്ങൾ. ഇത്തരം സമഗ്ര പഠനങ്ങളുടെ അടിസ്ഥാനത്തിലുള്ള ഇടപെടലുകൾക്ക് കേന്ദ്ര സഹായം സംഘടിപ്പിക്കാൻ സാദ്ധ്യമാവും. കാർബൺ ട്രേഡിങ്ങ് അടക്കമുള്ള പുത്തൻ സങ്കേതങ്ങളും ഇത്തരം ഏകോപിത പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കാനാവും. സംസ്ഥാനത്തൊട്ടാകെ തൃണമൂലതലത്തിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ ഏകോപനമാണ് ഏറ്റവും വലിയ വെല്ലുവിളി. ഇതിന് ഉതകും വിധം ജില്ലാ–സംസ്ഥാന കോർഡിനേഷൻ കമ്മിറ്റികളെ ചിട്ടപ്പെടുത്തുകയും അനെർട്ട്, ഇ.എം.

**വൻകിട ജലവൈദ്യുത പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതോടൊപ്പം പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ വികസനവും ശക്തിപ്പെടുത്തേണ്ടതുണ്ട്. ബയോഗ്യാസ്, ബയോമാസ്സ് ഊർജ്ജവികസനം, സൗരതാപം, സൗരവെളിച്ചം, കാറ്റ് എന്നിവ ഉപയോഗിച്ചുള്ള വൈദ്യുതീകരണം എന്നിങ്ങനെയുള്ള വ്യത്യസ്ത പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കാനുള്ള നടപടികൾ നാം എടുക്കേണ്ടതുണ്ട്. ഈ പ്രവർത്തനങ്ങൾക്ക് സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷൻ നേതൃത്വപരമായ പങ്ക് വഹിക്കുന്നതാണ്.**



സി. തുടങ്ങിയ സ്ഥാപനങ്ങളെ തയ്യാറെടുപ്പിക്കുകയും ആവശ്യമാണ്. ഈ കാര്യത്തിനായിരിക്കും ഉടനടി മുൻഗണന നൽകുക.

ചെറുകിട ജലവൈദ്യുത പദ്ധതികളുടെ ആസൂത്രണവും നിർവ്വഹണവും ചിട്ടപ്പെടുത്താനായി സുപ്രധാനമായൊരു ഇടപെടൽ നടത്താനും ഉദ്ദേശിക്കുന്നു. വന പ്രാന്ത പ്രദേശങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ യോഗം വിളിച്ചു ചേർക്കാനും അവരുടെ പങ്കാളിത്തത്തോടെ സമ്പൂർണ്ണമായ ഒരു ചെറുകിട ജല വൈദ്യുത സർവ്വേ നടത്താനും ഉദ്ദേശിക്കുന്നു. ഇതിനായി ഒരു സംസ്ഥാനതല ടീമിന് രൂപം നൽകും. അനെർട്ട്, ഇ.എം.സി, കെ.എസ്.ഇ.ബി എന്നീ സ്ഥാപനങ്ങൾക്കുപുറമേ എഞ്ചിനീയറിംഗ് കോളേജുകളെയും, പോളിടെക്നിക്കുകളേയും യോജിപ്പിച്ചാണ് ഇത് ചെയ്യുക. സിവിൽ എഞ്ചിനീയറിംഗ് സർവ്വേ, ജല ലഭ്യതാ പഠനങ്ങൾ കൂടാതെ വൃഷ്ടി പ്രദേശ മാനേജ്മെന്റ് സാദ്ധ്യതകളും ഇതോടൊപ്പം



പരിശോധിക്കും. ഈ പഠനങ്ങൾ നടത്തുന്നതോടൊപ്പം തന്നെ ചെറുകിട ജല വൈദ്യുത പദ്ധതികൾ നടപ്പിലാക്കാൻ ഉതകും വിധം പുതിയ രൂപകല്പനാ സ്റ്റാൻഡേർഡുകൾക്ക് രൂപം നൽകാനും സർക്കാർ മുൻകയ്യെടുക്കും. ക്ലസ്റ്റർ വികസന രീതി വഴിയും, ഹെഡും ഡിസ്ചാർജ്ജും മാനകീകരിച്ചും ചെറുകിട ജലവൈദ്യുത പദ്ധതികളുടെ ഫലപ്രദമായ വികസനത്തിന് വഴിയൊരുക്കും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ചെറുകിട ജല വൈദ്യുത പദ്ധതികൾ നടപ്പാക്കാൻ പ്രത്യേക സംവിധാനമുണ്ടാക്കും.

രാജീവ് ഗാന്ധി അക്ഷയ ഊർജ്ജ ദിനം ആഗസ്റ്റ് 20 നാണ്. ജൂൺ 5 ന് ആരംഭിക്കുന്ന ക്യാമ്പെയിൻ പ്രവർത്തനങ്ങൾ ആഗസ്റ്റ് 30 വരെ നിലനിറുത്താനുള്ള സാദ്ധ്യതകൾ പരിശോധിക്കണം. ഇതിനകം പ്രാദേശിക തല ഊർജ്ജ പരിസ്ഥിതി സേനകളെ പൂർണ്ണമായും സംഘടിപ്പിക്കണം. വാർഡ് വരെ ചെന്നെത്താൻ കഴിയുന്ന ബോധവൽക്കരണ നടത്തിപ്പ് സംവിധാനങ്ങൾ ഉണ്ടെങ്കിൽ മാത്രമേ നാം ലക്ഷ്യമിട്ടിട്ടുള്ള വിപുലമായ ഊർജ്ജ ഉത്പാദന, സംരക്ഷണ പ്രവർത്തനങ്ങൾ ചടുലവും കാര്യക്ഷമവുമായി നടപ്പാക്കാൻ കഴിയൂ. ഇതിനായിരിക്കട്ടെ വരും ദിവസങ്ങളിൽ നമ്മുടെ ഊന്നൽ. •

## പാചക ഇന്ധനം ലാഭിക്കാൻ




- തിളയ്ക്കുന്ന വെള്ളത്തിന്റെ താപനില ഉയരുന്നില്ല. അതിനാൽ തിളനില നിലനിർത്താൻ ആവശ്യമുള്ള ചൂട് നൽകിയാൽ മതി. ഇതുവഴി 35 ശതമാനത്തോളം ഇന്ധനം ലാഭിക്കാം.
- കച്ചിപ്പെട്ടി / ചൂടാറാപ്പെട്ടി / റൈസ് കുക്കർ എന്നിവ ഉപയോഗിക്കുന്നതുവഴി ഇന്ധനം ലാഭിക്കാം.
- ഒരേ പോലെ കത്തുന്ന തെളിച്ചമുള്ള നീല തീനാളമാണ് വേണ്ടത്. ഓറഞ്ചോ മഞ്ഞയോ നിറത്തിൽ അല്ലെങ്കിൽ നിരപ്പില്ലാത്ത കത്തുന്ന തീനാളം കണ്ടാൽ ബർണറോ തിരിയോ വൃത്തിയാക്കണം.
- ഫ്രിഡ്ജിൽ നിന്നും എടുത്ത ആഹാരസാധനങ്ങൾ കുറച്ച് സമയം കഴിഞ്ഞേ അടുപ്പിൽ വെയ്ക്കാവൂ.
- പ്രഷർ കുക്കർ ഉപയോഗിച്ച് പാചകം ചെയ്താൽ അരിക്ക് 20, കുതിർത്ത കടലപരിപ്പിന് 46, മാംസത്തിന് 42 ശതമാനത്തോളം ഇന്ധനം ലാഭിക്കാം. സാധാരണ പാചകം $100^0$C നടക്കുമ്പോൾ കുക്കറിൽ $122.2^0$C നടക്കുന്നു. വായു മർദ്ദം 1.055 $Kg/cm^2$ ആയി ഉയർത്തിയാണ് ഇത് സാധ്യമാക്കുന്നത്.
- വൃത്തിയുള്ള പാത്രത്തിൽ ആഹാരം പാചകം ചെയ്യുന്നത് ആരോഗ്യത്തിന് മാത്രമല്ല ഇന്ധനലാഭത്തിനും നല്ലതാണ്. കുക്കറുകളിലും മറ്റും പിടിച്ചിരിക്കുന്ന നേർത്ത ലവണ പാളികൾ ഇന്ധനനഷ്ടത്തിന് കാരണമാകുന്നു.

ഊർജ്ജ സംരക്ഷണം വീടുകളിൽ



# സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷൻ രൂപീകരണവും നാൾവഴിയും

**പി.വി.ഉണ്ണികൃഷ്ണൻ**
*സംസ്ഥാന ആസൂത്രണബോർഡംഗം*

**വി**കേന്ദ്രീകൃതാസൂത്രണത്തിലും പ്രാദേശിക സർക്കാരുകൾക്ക് അധികാരം കൈമാറുന്നതിലും വൻമുന്നേറ്റങ്ങൾ നടത്തിയ സംസ്ഥാനമാണ് കേരളം. പങ്കാളിത്ത ജനാധിപത്യത്തിലും പ്രാദേശിക സർക്കാരുകൾ വഴി ജനതയുടെ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റുന്നതിലും കൈവരിച്ച കേരള മാതൃക ദേശീയ അന്തർദേശീയ തലങ്ങളിൽ ആസൂത്രണ വിദഗ്ദ്ധരുടെയും വികസന വിദഗ്ദ്ധരുടെയും ശ്രദ്ധയാകർഷിച്ചിട്ടുള്ളതാണ്. കേരളത്തിലെ വികേന്ദ്രീകരണ പ്രക്രിയയ്ക്ക് ഇപ്പോൾ പത്തു വയസായിരിക്കുന്നു. ഇപ്പോൾ ഈ പ്രക്രിയവഴി നാം കൈവരിച്ച നേട്ടങ്ങളെ തുടർന്നു മുന്നോട്ട് നയിക്കുന്നതിന് പര്യാപ്തമായ ഒരു വ്യവസ്ഥാപിത ചട്ടക്കൂട് ചിട്ടപ്പെടുത്തുന്നതിനുള്ള ശ്രമമാണ് സർക്കാർ നടത്തിവരുന്നത്.

**ഗ്രാമീണ വൈദ്യുതീകരണവും ചെറുകിട ജലശക്തി, കാറ്റ്, ജൈവദ്രവ്യം തുടങ്ങിയ അക്ഷയ ഊർജ്ജ സ്രോതസ്സുകളെ അടിസ്ഥാനമാക്കിയുള്ള വികേന്ദ്രീകൃത ഊർജ്ജ ഉത്പാദനവും പാരമ്പര്യേതര ഊർജ്ജ ഉപകരണങ്ങളുടെ പ്രചരണവും ഗ്രാമീണ ഊർജ്ജ മേഖലയിലെ പ്രധാന ഇടപെടൽ പ്രവർത്തനങ്ങളാണ്.**

ഗ്രാമീണ മേഖലയിൽ സുസ്ഥിരമായ സാമ്പത്തിക പ്രവർത്തനങ്ങൾ നടക്കുന്നതിന് ആധുനിക ഊർജ്ജ സംവിധാനങ്ങളിലേക്കുള്ള മാറ്റം അനിവാര്യമാണെന്ന് ദേശീയ തലത്തിൽ തന്നെ തിരിച്ചറിഞ്ഞിട്ടുള്ളതാണ്. ഗ്രാമീണ വൈദ്യുതീകരണവും ചെറുകിട ജലശക്തി, കാറ്റ്, ജൈവദ്രവ്യം തുടങ്ങിയ അക്ഷയ ഊർജ്ജ സ്രോതസ്സുകളെ അടിസ്ഥാനമാക്കിയുള്ള വികേന്ദ്രീകൃത ഊർജ്ജ ഉത്പാദനവും പാരമ്പര്യേതര ഊർജ്ജ ഉപകരണങ്ങളുടെ പ്രചരണവും ഗ്രാമീണ ഊർജ്ജ മേഖലയിലെ പ്രധാന ഇടപെടൽ പ്രവർത്തനങ്ങളാണ്. എന്നാൽ പരമ്പരാഗത ഊർജ്ജ ഉപയോഗ മേഖലയായ വിറകിന്റെ ക്ഷാമം പരിഹരിക്കുന്നതിനുള്ള ഇടപെടലുകൾ പോലെ അതിപ്രധാനമായവിഷയങ്ങൾക്ക് അടുത്തിടയായി വേണ്ട



*സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷൻ ജില്ലാ കൺവെൻഷൻ, പാലക്കാട് ജില്ല*

**ഭരണഘടനയിൽ വിഭാവന ചെയ്തിട്ടുള്ളതിനേക്കാളും, സമഗ്രമായ ചുമതലാകൈമാറ്റമാണ് ഈ മേഖലയിൽ കേരളത്തിൽ നടപ്പായിട്ടുള്ളത്. എങ്കിലും ദരിദ്ര ജനവിഭാഗങ്ങൾക്ക്, ശുചിയായതും സൗകര്യപ്രദവുമായ ജീവത്പ്രധാന ഊർജ്ജ ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള സമഗ്ര സമീപനം അവരുടെ നിലനില്പിന്റെ സുപ്രധാനഘടകം തന്നെയാണെന്നത് ഉൾക്കൊണ്ടുകൊണ്ട് ഈ പ്രശ്നത്തിന് ഗ്രാമവികസനത്തിൽ പ്രമുഖ സ്ഥാനം നൽകാൻ കേരളത്തിനായിട്ടില്ല.**

ത്രശ്രദ്ധ ലഭിക്കുന്നില്ല. സമൂഹത്തിന്റെ മൊത്തം ഊർജ്ജ സുരക്ഷ ലക്ഷ്യമാക്കുന്ന ഒരു സമഗ്ര ഊർജ്ജ നയത്തിൽ ജൈവ ഇന്ധന ഉപയോഗത്തിന്റെ വിശദാംശങ്ങൾ ഉൾപ്പെടാതിരിക്കാനാവില്ല.

വികേന്ദ്രീകൃത ഊർജ്ജോത്പാദനം, ഗ്രാമീണ വൈദ്യുതീകരണം, ഊർജ്ജ സംരക്ഷണം എന്നീ മേഖലകളുമായി ബന്ധപ്പെട്ട് 73 ഉം 74 ഉം ഭരണഘടനാ ഭേദഗതികളിലൂടെ പ്രാദേശിക സർക്കാരുകൾക്ക് കൈമാറപ്പെട്ട പ്രവർത്തനങ്ങൾ നോക്കുക. 243 ജി. യിലെ പതിനൊന്നാം പട്ടികപ്രകാരം പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ വികസനം, ഗ്രാമീണ വൈദ്യുതീകരണവും വൈദ്യുതി വിതരണവും, ഇന്ധനവും കാലിത്തീറ്റയും എന്നീ വിഷയങ്ങളും പന്ത്രണ്ടാം പട്ടികപ്രകാരം ഖരമാലിന്യ പരിപാലനവും പരിസ്ഥിതി സംരക്ഷണവും തെരുവുവിളക്കുകളുടെ പരിപാലനവും പ്രദേശിക സർക്കാരുകളുടെ ചുമതലയായി. നഗരപാലിക സർക്കാരുകളുടെ കാര്യത്തിൽ ഊർജ്ജ മേഖലയിലെ ഇടപെടലുകൾ നഗര ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെയും നഗര പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളുടെയും പ്രധാന ഘടകമാണ്. നഗരവനവത്ക്കരണ പ്രവർത്തനങ്ങളുമായും ഖര-ദ്രാവക മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുമായും ഊർജ്ജമേഖലാ ഇടപെടലുകൾ ബന്ധപ്പെട്ടിരിക്കുന്നു.

മുൻപറഞ്ഞ ഭരണഘടനാ ഭേദഗതിയുടെ ചുവടുപിടിച്ച് 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലും കേരള പഞ്ചായത്തീരാജ് ആക്ടിലും പാരമ്പര്യേതര ഊർജ്ജം, ഗ്രാമീണ വൈദ്യുതീകരണം, ഊർജ്ജ സംരക്ഷണം എന്നിവയുമായി ബന്ധപ്പെട്ട ചുമതലകൾ വിവിധതല പ്രാദേശിക സർക്കാരുകളെ ഏൽപ്പിക്കുന്നതിനുള്ള നിബന്ധനകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

പാചക ഇന്ധനത്തിനും വെളിച്ചത്തിനും വൈദ്യുതോത്പാദനത്തിനുമായുള്ള ബയോഗ്യാസ് ഉത്പാദനം, തെരുവുവിളക്കുകൾ, വനവത്ക്കരണം എന്നിവയാണ് ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ള പ്രധാന ചുമതലകൾ. ബ്ലോക്കു പഞ്ചായത്തുകൾക്ക് നൽകിയിട്ടുള്ള ചുമതല ഗ്രാമ-ജില്ലാ പഞ്ചായത്തുകളുടേതിന് അനുപൂരകമാണ്. പാരമ്പര്യേതര ഊർജ്ജ ഉപകരണങ്ങളായ കാറ്റാടി പമ്പുകൾ സൗരോർജ്ജപമ്പുകൾ, സോളാർ സ്റ്റില്ലുകൾ, കുക്കറുകൾ, ഡ്രയറുകൾ, സോളാർ വാട്ടർ ഹീറ്ററുകൾ, സൗര റാന്തലുകൾ, സൗര വേലികൾ, സൗര വൈദ്യുതോത്പാദന സംവിധാനങ്ങൾ തുടങ്ങിയവയുടെ പ്രചരണം, ബൾബുകൾക്കു പകരം സി.എഫ്.എൽ. കൾ നൽകൽ, ഊർജ്ജ പഠനം നടത്തൽ തുടങ്ങിയവയാണ് ബ്ലോക്കു പഞ്ചായത്തുകളുടെ ചുമതല. പ്രധാനമായും ഊർജ്ജ ഉത്പാദനവും വിതരണവുമാണ് ജില്ലാ പഞ്ചായത്തുകളുടെ ചുമതല. ഇതിൽ ചെറുകിട ജലശക്തി വികസനമാണ് എടുത്തു പറഞ്ഞിട്ടുള്ളതെങ്കിലും കാറ്റും ജൈവദ്രവ്യവും കൂടി ഇതിൽ ഉൾപ്പെടുത്താവുന്നതാണ്. മുനിസിപ്പാലിറ്റികളുടെ ചുമതലകളും മുനിസിപ്പൽ ആക്ടു പ്രകാരം വ്യക്തമാണ്. അതിൽ ബയോഗ്യാസ് സംവിധാനങ്ങളും മറ്റു വിവിധ പാരമ്പര്യേതര ഊർജ്ജ ഉപകരണങ്ങളുടെ പ്രചരണവും ഉൾപ്പെടുന്നു. മുനിസിപ്പൽ

ഖരമാലിന്യ പരിപാലനത്തിന്റെ ഭാഗമായും ഊർജ്ജ മേഖലാ ഇടപെടൽ ബന്ധപ്പെട്ടിരിക്കുന്നു.

ഭരണഘടനയിൽ വിഭാവന ചെയ്തിട്ടുള്ളതിനേക്കാളും, മറ്റു പല സംസ്ഥാനങ്ങളിലും പ്രാദേശിക സർക്കാരുകൾക്കു കൈമാറിയിട്ടുള്ളതിനേക്കാളുമൊക്കെ സമഗ്രമായ ചുമതലാകൈമാറ്റമാണ് ഈ മേഖലയിൽ കേരളത്തിൽ നടപ്പായിട്ടുള്ളത്. എങ്കിലും ദരിദ്രജനവിഭാഗങ്ങൾക്ക്, പൂർണ്ണ ചെലവ് താങ്ങാനാവില്ലെങ്കിലും, ശുചിയായതും സൗകര്യപ്രദവുമായ ജീവത്പ്രധാന ഊർജ്ജലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള സമഗ്ര സമീപനം അവരുടെ നിലനില്പിന്റെ സുപ്രധാനഘടകംതന്നെയാണെന്നത് ഉൾക്കൊണ്ടുകൊണ്ട് ഈ പ്രശ്നത്തിന് ഗ്രാമവികസനത്തിൽ പ്രമുഖ സ്ഥാനം നൽകാൻ കേരളത്തിനായിട്ടില്ല.

മേല്പറഞ്ഞ അധികാര കൈമാറ്റങ്ങൾക്കനുസൃതമായി പാരമ്പര്യേതര ഊർജ്ജ – ഗ്രാമീണ വൈദ്യുതീകരണ മേഖലകളിൽ ഒമ്പതും പത്തും പദ്ധതിക്കാലത്ത് പ്രാദേശിക ഭരണകൂടങ്ങൾ ഒട്ടേറെ പരിപാടികൾ ആസൂത്രണം ചെയ്തിരുന്നു. തങ്ങൾക്കു ലഭിച്ചിട്ടുള്ള ചുമതലകളിലെല്ലാം ഇപ്രകാരം പ്രാദേശിക ഭരണകൂടങ്ങൾ പദ്ധതികൾ ഏറ്റെടുത്തു. പ്രാദേശിക സമൂഹങ്ങളുമായുള്ള ചർച്ചകളിലൂടെ തിരിച്ചറിഞ്ഞ യഥാർത്ഥ ജനകീയ ആവശ്യങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു ഈ പദ്ധതികളുടെ മുൻഗണനകൾ നിശ്ചയിക്കപ്പെട്ടത്.

പ്രാദേശിക ആവശ്യങ്ങളോട് ഊഷ്മളമായി പ്രതികരിച്ചുകൊണ്ട് ഒമ്പതും പത്തും പദ്ധതിക്കാലത്ത് പ്രാദേശിക സർക്കാരുകൾ ഊർജ്ജമേഖലക്കായി ഗണ്യമായ തുക നീക്കിവയ്ക്കുകയും ചെയ്തു. ഇങ്ങനെ ഊർജ്ജമേഖലാ പദ്ധതികൾക്കായി ഒമ്പതും പത്തും പദ്ധതിക്കാലത്ത് പ്രാദേശിക സർക്കാരുകൾ യഥാക്രമം 120.96 കോടി രൂപയും 90.73 കോടി രൂപയുമാണ് നീക്കിവച്ചത്. പത്താം പദ്ധതിയിൽ ഊർജ്ജമേഖലക്കായുള്ള നീക്കിയിരിപ്പിൽ ഗണ്യമായ കുറവുവന്നത് ശ്രദ്ധേയമാണ്. ആകെ വിഭവലഭ്യത ഉയർന്നപ്പോഴും ഈ മേഖലയിലെ നീക്കിയിരിപ്പ് 2.12% ൽ നിന്ന് 1.36% ആയി കുറയുകയാണുണ്ടായത്. ഒമ്പതാം പദ്ധതിയുടെ ഒന്നാം വർഷം മുതൽ 5–ാം വർഷം വരെ ഊർജ്ജമേഖലാ നീക്കിയിരിപ്പിലുണ്ടായ വ്യതിയാനം 2.12, 2.62%, 3.21%, 2.77%, 2.27% എന്നിങ്ങനെയും പത്താം പദ്ധതിയിലത് 2.74%, 1.29%, 0.87%, 1.05%, 0.93% എന്നിങ്ങനെയുമാണ്.

ഊർജ്ജ മേഖലക്കായുള്ള പദ്ധതി നീക്കിയിരിപ്പ് കുറഞ്ഞു വരുന്നത് കണക്കുകളിൽ വ്യക്തമാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ വഴിയായി ഏറ്റെടുക്കപ്പെടുന്ന ഊർജ്ജമേഖലാ പ്രോജക്ടുകളിൽ ഓരോ ഏജൻസിയും



*സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷൻ ജില്ലാതല പരിശീലനം*

നിർവ്വഹിക്കുമെന്നു ആസൂത്രണ ബോർഡ് വിഭാവനം ചെയ്തിരുന്ന ചുമതലകളും ശ്രദ്ധേയമാണ്. പദ്ധതിയുടെ ഉടമസ്ഥത തദ്ദേശഭരണ സ്ഥാപനങ്ങൾക്കാണ്. പ്രാഥമിക പഠനങ്ങൾ, ആസൂത്രണം, ഗുണഭോക്തൃ തെരഞ്ഞെടുപ്പ്, പദ്ധതി നടത്തിപ്പിനുള്ള സ്ഥലം തെരഞ്ഞെടുക്കൽ, വിഭവസമാഹരണം തുടങ്ങിയവയും പ്രാദേശിക സർക്കാരുകളുടെ ചുമതലയാണ്. വിവിധതല പ്രാദേശിക സർക്കാരുകളുടെ ചുമതലകൾ നിശ്ചയിച്ചിട്ടുള്ളത് കൈമാറപ്പെട്ട അധികാര വിതരണത്തിന് അനുസൃതമായാണ്.

അനെർട്ട്, EMC, KSEB എന്നിവയുടെ ചുമതലകൾ പ്രധാനമായും സാങ്കേതിക പഠനങ്ങളും സാദ്ധ്യതാ വിലയിരുത്തലും പദ്ധതി രൂപകല്പന, നടത്തിപ്പ്, പ്രക്രിയാ സംയോജനം, നിർവ്വഹണം, നിർവ്വഹണ ശേഷമുള്ള സഹായം തുടങ്ങിയവയുമായി ബന്ധപ്പെട്ടിരിക്കുന്നു.

ഈ പ്രവർത്തനതല പരസ്പര ബന്ധങ്ങൾ വിവിധ തദ്ദേശഭരണ സ്ഥാപന പദ്ധതികളിൽ എത്രകണ്ടു പ്രാവർത്തികമായെന്ന് പരിശോധിക്കുന്നത് കൗതുകകരമായിരിക്കും. തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഭവങ്ങൾ വിവിധ പാരമ്പര്യേതര ഊർജ്ജ പദ്ധതികളിലും ഗ്രാമീണ വൈദ്യുതീകരണ മേഖലയിലും എങ്ങനെ വിതരണം ചെയ്യപ്പെട്ടിരിക്കുന്നുവെന്ന് നോക്കുക.

ഒമ്പതാം പദ്ധതിക്കാലത്ത് ഏറ്റവും കൂടുതൽ വിഭവം നീക്കിവയ്ക്കപ്പെട്ടത് സൗരവൈദ്യുതീകരണത്തിനാണ് (65%), പിന്നെ പവനോർജ്ജ പദ്ധതികൾക്കും (15%) സൂര്യതാപോർജ്ജ പദ്ധതികൾക്കും (7%) ജൈവോർജ്ജ പദ്ധതികൾക്കും (7%), കോളനി വൈദ്യുതീകരണത്തിനും (3%) എന്നിങ്ങനെയാണ് പദ്ധതി വിഹിതം വിതരണം



*സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷൻ ജില്ലാതല പരിശീലനത്തിലെ ഗ്രൂപ്പുചർച്ച, പാലക്കാട് ജില്ല*

**കേരളത്തിലെ അക്ഷയ ഊർജ്ജ വികസന-ഗ്രാമീണ വൈദ്യുതീകരണ മേഖലകൾക്കു പുതു ജീവൻ പകരുന്നതിനുള്ള ശ്രമമെന്ന നിലയ്ക്കാണ് പ്രാദേശിക സർക്കാരുകളുടെയും അനെർട്ടിന്റെയും ഇ.എം.സിയുടെയും പങ്കാളിത്തത്തോടെ ഒരു സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ പരിപാടിക്ക് തുടക്കം കുറിക്കുക എന്ന നിർദ്ദേശമുണ്ടായത്.**

ചെയ്യപ്പെട്ടത്. എന്നാൽ പത്താം പദ്ധതികാലത്ത് തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനാണ് (57%) ഏറ്റവു മധികം വിഭവം നീക്കിവയ്ക്കപ്പെട്ടത്. കോളനി വൈദ്യുതീകരണം (27%), ഭവന വൈദ്യുതീകരണം (8%), വിതരണ നഷ്ടം കുറയ്ക്കലും വോൾട്ടേജ് മെച്ചപ്പെടുത്തലും (4%), സൗരവൈദ്യുതീകരണം (2%) എന്നാണ് പത്താം പദ്ധതിയിലെ മറ്റു പദ്ധതികൾക്കുള്ള നീക്കിയിരിപ്പു ക്രമം. പാരമ്പര്യേതര ഊർജ്ജ വികസനത്തിൽ നിന്നും ഗ്രാമീണ വൈദ്യുതീകരണത്തിലേക്കുള്ള ലക്ഷ്യമാറ്റം പത്താം പദ്ധതിയിൽ വ്യക്തമാണ്. സമ്പൂർണ്ണ ഊർജ്ജാസൂത്രണത്തിനും ചെറുകിട വൈദ്യുതി വികസനത്തിനുമുള്ള ചില പദ്ധതികൾ ലക്ഷ്യമിട്ടിരുന്നുവെങ്കിലും അവയുടെ നിർവ്വഹണം പ്രാദേശിക സർക്കാരുകളും സംസ്ഥാനതല ഏജൻസികളും തമ്മിലുള്ള പ്രവർത്തന ഏകോപനത്തിലെ അപര്യാപ്തതകളാൽ പാളിപ്പോയതായി കാണാം. (കേരള സംസ്ഥാന ആസൂത്രണ ബോർഡ് (2002).

പാരമ്പര്യേതര ഊർജ്ജ ഉപകരണങ്ങളുടെ പ്രചരണത്തിൽ ദൃശ്യമായ പിന്നോട്ടടി, പ്രാദേശിക സർക്കാരുകളും ബന്ധപ്പെട്ട സർക്കാർ ഏജൻസിയും തമ്മിൽ ശരിയായ ബന്ധം നിലനിർത്താനാകാഞ്ഞതിന്റെ വ്യക്തമായ സൂചനയാണ്. ലക്ഷ്യമിട്ട വിവിധ ചുമതലകൾ പ്രായോഗികതലത്തിൽ നിർവ്വഹിക്കപ്പെട്ടില്ല എന്നു വ്യക്തം. പ്രാദേശിക സർക്കാരും സംസ്ഥാന സർക്കാർ ഏജൻസികളും തമ്മിലുള്ള ഫലപ്രദമായ പ്രവർത്തന ഏകോപനത്തിനായി വ്യക്തമായ പരിപാടി തയ്യാറാക്കുന്നതിന് ഈ ഏജൻസികളുടെ കഴിവും കഴിവുകേടുകളും കൂടി വിലയിരുത്തേണ്ടതുണ്ട്.

ഗ്രാമീണ വൈദ്യുതീകരണത്തിലും പാരമ്പര്യേതര ഊർജ്ജ വികസനത്തിലും പ്രാദേശിക സർക്കാരുകൾക്ക് ലക്ഷ്യം കൈവരിക്കാൻ തടസ്സമായവ എന്തൊക്കെ എന്നു വിശകലനം ചെയ്യുന്നതിലൂടെ താഴെ പറയുന്ന കാര്യങ്ങൾ മനസിലാകുന്നു.

1. ഗ്രാമീണ വൈദ്യുതീകരണത്തിലോ പാരമ്പര്യേതര ഊർജ്ജ വികസനത്തിലോ പ്രാദേശിക സർക്കാരുകളുടെയും സംസ്ഥാനതല നോഡൽ ഏജൻസികളുടെയും പ്രവർത്തനങ്ങൾക്ക് വേണ്ടത്ര ഏകോപനമുണ്ടായിരുന്നില്ല.

2. വികേന്ദ്രീകരണവും ജനപങ്കാളിത്തവും വഴിയായി പാരമ്പര്യേതര ഊർജ്ജവികസന രംഗത്തും ഗ്രാമീണ വൈദ്യുതീകരണ മേഖലയിലും കൈവന്ന വിപുലമായ സാദ്ധ്യതകൾക്കനുസരിച്ച് തങ്ങളുടെ പ്രവർത്തനശൈലി പുനഃക്രമീകരിക്കാൻ സംസ്ഥാനതല ഏജൻസികൾക്കു കഴിഞ്ഞില്ല.

3. പ്രാദേശിക സർക്കാരുകളുടെ സഹായത്തോടെ, സ്ഥാപിക്കപ്പെട്ട വിവിധ ഊർജ്ജ ഉപാധികൾക്കാവശ്യമായ സാങ്കേതിക സഹായസംവിധാനം ലഭ്യമാക്കാനായില്ല. തെരുവുവിളക്കുകളുടെ കാര്യത്തിൽ പഞ്ചായത്തുകൾ സ്വന്തമായ ക്രമീകരണങ്ങളുണ്ടാക്കിയെങ്കിലും മറ്റു മേഖലകളിൽ ഒരു സഹായ സംവിധാനവും ഉരുത്തിരിഞ്ഞുവന്നില്ല.

സംസ്ഥാനത്തുള്ള കേന്ദ്രീകൃത ഊർജ്ജസ്രോതസ്സുകൾ ഉപയോഗപ്പെടുത്തുന്നതിന് സംസ്ഥാനതല പ്രവർത്തന

പരിപാടി വൈദ്യുതി ബോർഡിന് ഉണ്ടെങ്കിലും മറ്റ് ഏജൻസികൾക്കൊന്നിനും സമഗ്രമായ സംസ്ഥാനതല പ്രവർത്തന പരിപാടി നടപ്പാക്കാനായില്ല. പ്രാദേശികതലത്തിൽ ഏറ്റവും ഫലപ്രദമായി പ്രവർത്തിക്കുന്നതിന് സഹായകമാകുന്ന തരത്തിൽ ദേശീയ-അന്തർദേശീയ വൈജ്ഞാനിക സ്ഥാപനങ്ങളുമായോ വിദഗ്ദ്ധരുമായോ ബന്ധം വളർത്തുന്നതിനും ഈ സ്ഥാപനങ്ങൾക്കായില്ല. ചെറുകിട ജലവൈദ്യുത പദ്ധതി വികസനത്തിനായുള്ള UNIDO റീജിയണൽ സെന്റർ സ്ഥാപിച്ചതു മാത്രമാണ് ഇതിന് അപവാദം. എന്നാൽ ആ സാഹചര്യത്തിലും വികേന്ദ്രീകരണത്തിലൂടെ തുറന്നുകിട്ടിയ സാദ്ധ്യതകൾ ചെറുകിട ജലവൈദ്യുതി വികസനത്തിന് പൂർണ്ണമായി ഉപയോഗിക്കാനുള്ള സംസ്ഥാനതല പരിപാടിയിടാനായില്ല. ശൃംഖലാബന്ധിതമല്ലാത്ത വൈദ്യുതോത്പാദനവും വിതരണവും നടത്തുന്നതിനും സ്വതന്ത്ര വിതരണവും വീലിങ്ങും നടത്തുന്നതിനുള്ള സൗകര്യം നൽകുന്നതിനും വൈദ്യുതി നിയമത്തിൽ (2003 നു മുൻപ്) ഉണ്ടായിരുന്ന പരിമിതികളും പ്രശ്നമായിരുന്നു.

ഈ സാഹചര്യങ്ങളിലും പ്രാദേശികമായി നടപ്പാക്കാവുന്ന വിവിധ മാതൃകകൾ ജനകീയാസൂത്രണ പ്രസ്ഥാനം മുന്നോട്ടു വയ്ക്കുകയുണ്ടായി.

1. കരിമ്പ പഞ്ചായത്ത് ഏറ്റെടുത്ത ജനപങ്കാളിത്തത്തോടെയുള്ള ചെറുകിട ജലവൈദ്യുത പദ്ധതി.

2. ഊർജ്ജ സർവ്വേയും പവർലൈൻ മാപ്പിങ്ങും അടിസ്ഥാനമാക്കി കല്യാശ്ശേരി പഞ്ചായത്ത് ഏറ്റെടുത്ത ജനപങ്കാളിത്തത്തോടെയുള്ള സമ്പൂർണ്ണ ഊർജ്ജാസൂത്രണം എന്നിവ അതിന് ഉദാഹരണങ്ങളാണ്.

എങ്കിലും പ്രാദേശിക സർക്കാരുകൾക്ക് ഈ വക പ്രവർത്തനങ്ങൾ നടത്തുന്നതിന് സ്ഥാപനാധിഷ്ഠിത പിന്തുണ ആവശ്യമായിരുന്നു. അത് ലഭ്യമാക്കുന്നതിന് സംസ്ഥാനതല ഏജൻസികൾക്ക് കഴിഞ്ഞതുമില്ല. ഊർജ്ജ ലഭ്യത ഒരു അടിസ്ഥാനാവശ്യമായിരുന്നിട്ടുപോലും കേരളത്തിലെ സാഹചര്യങ്ങളിൽ അതൊരു ജീവത്പ്രധാന ഘടകമായി പരിഗണിക്കപ്പെട്ടിട്ടില്ല. പ്രാദേശിക വികസനം ഉറപ്പാക്കുന്നതിന് ഊർജ്ജ ലഭ്യത ഉയർത്തുകയെന്നത് ഒരു പ്രധാന ഘടകമാണെന്നതോ, ഊർജ്ജ ലഭ്യതയും ശുദ്ധജലം, ആരോഗ്യം, ചെറുകിട വ്യവസായം തുടങ്ങിയ മേഖലകളും തമ്മിലുള്ള ബന്ധമോ ഒന്നും ശരിയായി ഉൾക്കൊള്ളപ്പെട്ടിട്ടുമില്ല. ഭക്ഷണം, വസ്ത്രം, പാർപ്പിടം തുടങ്ങിയ അടിസ്ഥാനാവശ്യങ്ങൾ നൽകുന്നതിനുള്ള ആസൂത്രണത്തേക്കാൾ അധികം ഉയർന്ന വൈദഗ്ദ്ധ്യം ഊർജ്ജാസൂത്രണത്തിന് ആവശ്യമാണ്. എന്നാൽ പാരമ്പര്യേതര ഊർജ്ജാസൂത്രണത്തിനാവശ്യമായ എഞ്ചിനീയറിംഗ് വൈദഗ്ദ്ധ്യം പ്രാദേശിക സർക്കാരുകൾക്കു ലഭ്യമാക്കാനായതുമില്ല. ഗ്രാമീണ വൈദ്യുതീകരണത്തിനും പാരമ്പര്യേതര ഊർജ്ജ വികസനത്തിനും ശക്തമായ ഒരു ദേശീയ പരിപാടി ഉരുത്തിരിഞ്ഞു വന്നത് 2004-ൽ രാജീവ്ഗാന്ധി വൈ

## സോളാർ വാട്ടർ ഹീറ്റർ








- ഫ്ളാറ്റ് പ്ലേറ്റ് കളക്ടർ സോളാർ വാട്ടർ ഹീറ്റർ
- 100 ലിറ്റർ ഹീറ്ററിൽ ഒരു വർഷം 1500 യൂണിറ്റ് വൈദ്യുതി ലാഭിക്കാം.
- വെള്ളം $80^0C$ വരെ ചൂടാകും
- പ്രവർത്തന തത്വം – ബ്ലാക്ക് ബോഡി റേഡിയേഷൻ, ഗ്രീൻ ഹൗസ് ഇഫക്ട്, തെർമോസൈഫൺ

അക്ഷയ ഊർജ്ജ സ്രോതസ്സുകൾ



ദ്യുതീകരൺ യോജന ആരംഭിച്ചതോടെ മാത്രമാണ്. മെച്ചപ്പെട്ട വിറകടുപ്പുകൾക്കായുള്ള ദേശീയ പരിപാടിയും ദേശീയ ജൈവവാതക പരിപാടിയും, പത്താം പദ്ധതിക്കാലത്ത്, അവയുടെ നടത്തിപ്പു ചുമതലയുണ്ടായിരുന്ന സംസ്ഥാനതല ഏജൻസിയായ അനെർട്ടിന്റെ ഭരണപരമായ പരിമിതികളിൽ പെട്ട് പോവുകയും പഞ്ചായത്തു തല പരിപാടികളിലേക്ക് എത്താതിരിക്കുകയും ചെയ്തു.

ജില്ലാതല ഊർജ്ജ പരിപാടി രൂപീകരിക്കുന്നതിനുള്ള സ്ഥാപനാധിഷ്ഠിത സംവിധാനവും പഞ്ചായത്തുകൾ ഈ മേഖലയിൽ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങളുടെ ഏകോപനവും ജില്ലാ ആസൂത്രണ സമിതിയെ സഹായിക്കുന്നതിനുള്ള ഒരു വിദഗ്ദ്ധ സമിതി സംവിധാനം ആവശ്യമാക്കി. ജില്ലാതല ഓഫീസ് സംവിധാനമുള്ള ഏക ഏജൻസി അനെർട്ടാണ് – എന്നാലത്, മുമ്പ് ഓരോ ജില്ലയിലും ഉണ്ടായിരുന്ന രണ്ടു ബ്ലോക്കുതല ഓഫീസിൽ ഒന്നു മാത്രം നിലനിർത്തി ജില്ലാതല ഓഫീസായി നാമകരണം ചെയ്തെടുത്ത സംവിധാനമാണ്. അതുകൊണ്ടുതന്നെ അവയ്ക്ക് ജില്ലാ ഭരണ സംവിധാനവുമായി ചേർന്നു പ്രവർത്തിക്കുന്നതിന് മുൻപരിചയമൊന്നും ഉണ്ടായിരുന്നില്ല. ഇത് പദ്ധതികളുടെ തിരശ്ചീനതല സംയോജന സാദ്ധ്യത തടഞ്ഞു. ഈ ഓഫീസുകളിലെ ജീവനക്കാരുടെ ഔദ്യോഗിക നിലയും പ്രവർത്തന നിലവാരവും മേലുകീഴ് പ്രവർത്തന സംയോജനവും എളുപ്പമല്ലാതാക്കി. 2004 ൽ കേന്ദ്ര പാരമ്പര്യേതര ഊർജ്ജ മന്ത്രാലയം അക്ഷയ ഊർജ്ജ വികസനത്തിൽ ജില്ലാ ഭരണകൂടത്തെ ഉപദേശിക്കാൻ ജില്ലാതല ഉപദേശക സമിതി (DAC) കൾ രൂപീകരിച്ചു. എന്നാൽ ഈ സമിതികൾ ഫലപ്രദമായി പ്രവർത്തിക്കുകയോ ജില്ലയിലെ അക്ഷയ ഊർജ്ജ വികസന പരിപാടികളുടെ പോരായ്മകൾ പരിഹരിക്കുന്നതിൽ ഇടപെടാനാകുന്ന വിദഗ്ദ്ധ സംഘമായി വളരുകയോ ചെയ്തില്ല. ഈ ഉപദേശക സമിതിയുടെ പ്രവർത്തനം ജില്ലാ ആസൂത്രണ സമിതിയുമായോ ജില്ലയിലെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുമായോ ഏകോപിപ്പിക്കുന്നതിനും ശ്രമിക്കുകയുണ്ടായില്ല. ജില്ലയിൽ നടന്നുവരുന്ന ഊർജ്ജ മേഖലാ പദ്ധതികളുമായി പോലും ഈ സമിതിക്ക് അതിദുർബ്ബലമായ ബന്ധമേയുള്ളൂ.

2002–ൽ കേരളത്തിന്റെ അക്ഷയ ഊർജ്ജ നയം പ്രഖ്യാപിക്കപ്പെട്ടെങ്കിലും അതിൽ നിന്നും പ്രചാരണതലത്തിലോ നിയമനിർമ്മാണ തലത്തിലോ നടപടികളൊന്നും ഉണ്ടായില്ല. ബന്ധപ്പെട്ട ഒരു മേഖലയിലും സമഗ്ര പരിപാടികൾ ആവിഷ്കരിക്കാനും ശ്രമം നടന്നില്ല. ഈ രംഗത്തു പ്രവർത്തിക്കുന്ന വിവിധ ഏജൻസികൾ തമ്മിൽ പ്രവർത്തന ഏകോപനവും ഒത്തൊരുമിച്ചുള്ള പ്രവർത്തനങ്ങളും ഉണ്ടായില്ല. വിവിധ ഊർജ്ജ സംരക്ഷണ ഉപാധികൾ നിയമപരമായി നിർബന്ധിതമാക്കണമെന്ന് അക്ഷയ ഊർജ്ജ നയം നിർദ്ദേശിക്കുന്നു.

നയരേഖ മുന്നോട്ടുവച്ചിട്ടുള്ള ചില നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

1. ഫ്ളൂറസെന്റ് ട്യൂബുകളും കോംപാക്ട് ഫ്ളൂറസെന്റ് ലാമ്പുകളും (CFL) പുതിയ ആശുപത്രികളിലും ഹോട്ടലുകളിലും സർക്കാർ ഓഫീസുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലുമെല്ലാം നിർബന്ധിതമാക്കണം. നിലവിലുള്ള ആശുപത്രികളിലും ഹോട്ടലുകളിലും സർക്കാർ ഓഫീസുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ഇപ്പോഴുള്ള എല്ലാ ഇൻകാൻഡസന്റ് ബൾബുകളും ഈ നയം നടപ്പാക്കുമ്പോൾ മുതൽ രണ്ടു വർഷത്തിനകം ഫ്ളൂറസെന്റ് ട്യൂബുകളോ CFL-കളോ ആയി മാറ്റണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായും മറ്റു സർക്കാർ സ്ഥാപനങ്ങളുമായും ചേർന്ന് ഇത് നടപ്പാക്കുന്നുവെന്ന് അനെർട്ട് ഉറപ്പാക്കണം.

2. പത്തു മുറികളിലധികമുള്ള എല്ലാ ഹോട്ടലുകളിലും ലോഡ്ജുകളിലും ഇരുപത് കിടക്കയിലധികമുള്ള എല്ലാ ആശുപത്രികളിലും സോളാർ

വാട്ടർ ഹീറ്റർ നിർബന്ധിതമാക്കണം.

3. എല്ലാ ഹോട്ടലുകളിലും ഹോസ്റ്റലുകളിലും ഉച്ചഭക്ഷണ പദ്ധതിയുള്ള സ്കൂളുകളിലും വിറക് ഇന്ധനമായി ഉപയോഗിക്കുന്ന എല്ലാ വ്യവസായങ്ങളിലും ഊർജ്ജക്ഷമത ഏറിയ ഉപാധികളായ മെച്ചപ്പെട്ട (സാമൂഹിക) വിറകടുപ്പുകളും ഗ്യാസിഫയറുകളും നിർബന്ധമാക്കണം.

4. 2000 KVA യിലധികം കണക്ടഡ് ലോഡുള്ള വൻകിട വ്യവസായങ്ങൾ അവരുടെ ആവശ്യത്തിന്റെ അഞ്ചുശതമാനമെങ്കിലും അക്ഷയ ഊർജ്ജ സ്രോതസ്സുകളെ അടിസ്ഥാനമാക്കിയുള്ള ക്യാപ്റ്റീവ് പവർ പ്ലാന്റുകളിൽ നിന്ന് ഉത്പാദിപ്പിക്കണം. എന്നാൽ ഇവയൊന്നും നടപ്പിലാക്കാൻ ഒരു ശ്രമവുമുണ്ടായില്ല.

ഈ സാഹചര്യങ്ങളിൽ കേരളത്തിലെ അക്ഷയ ഊർജ്ജ വികസന– ഗ്രാമീണ വൈദ്യുതീകരണ മേഖലകൾക്കു പുതുജീവൻ പകരുന്നതിനുള്ള ശ്രമമെന്ന നിലയ്ക്കാണ് പ്രാദേശിക സർക്കാരുകളുടെയും അനെർട്ടിന്റെയും ഇ.എം.സിയുടെയും പങ്കാളിത്തത്തോടെ ഒരു സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷൻ പരിപാടിക്ക് തുടക്കം കുറിക്കുക എന്ന നിർദ്ദേശമുണ്ടായത്.

2007 ജനുവരി 15ന് പട്ടികജാതി – പട്ടികവർഗ്ഗ പിന്നോക്ക വിഭാഗ ക്ഷേമ വകുപ്പു മന്ത്രി എ.കെ. ബാലന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിലാണ് സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷന്റെ ആശയം ഉരുത്തിരിയുന്നത്. അന്ന് എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി വകുപ്പ് 2007 മാർച്ച് 26–ാം തീയതിയിലെ സ.ഉ (സാധാരണം) 69/2007/ ഊർജ്ജ വകുപ്പ് ഉത്തരവനുസരിച്ച് സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷന് രൂപം നൽകി.

മിഷൻ രൂപീകരണത്തിന് മുമ്പു തന്നെ 2007 ഫെബ്രുവരി 14 ന് വൈദ്യുതി വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിലുള്ള ഒരു ഉന്നതതല സംഘം കേന്ദ്ര സർക്കാരിന്റെ നവീന–നവീകരണീയ ഊർജ്ജ മന്ത്രാലയത്തിലെത്തി കേന്ദ്രമന്ത്രി വിലാസ് മുട്ടേംവാറുമായി ചർച്ച നടത്തിയിരുന്നു.

തുടർന്ന് ആസൂത്രണ ബോർഡംഗമായ പി. വി. ഉണ്ണികൃഷ്ണൻ, വൈദ്യുതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കെ. കെ. വിജയകുമാർ എന്നിവരുടെ നേതൃത്വത്തിൽ ഒരു സംഘം 2007 ഫെബ്രുവരി 15 ന് കേന്ദ്ര നവീന– നവീകരണീയ ഊർജ്ജ മന്ത്രാലയവു മായി ഉദ്യോഗസ്ഥതല ചർച്ച നടത്തി. ഇതിന് മുമ്പ് കേന്ദ്ര നവീന–നവീകരണീയ ഊർജ്ജ വകുപ്പു സെക്രട്ടറി തിരുവനന്തപുരത്ത് എത്തിയപ്പോൾ, (2006 ഡിസംബർ 12) മിഷൻ പ്രവർത്തനങ്ങളുടെ സാധ്യതകളെ സംബന്ധിച്ച് പ്രാഥമികതല ആലോചനകൾ നടത്തിയിരുന്നു. പി.വി. ഉണ്ണികൃഷ്ണൻ, എസ്.എം.വിജയാനന്ദ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി) എന്നിവർ പഞ്ചായത്തിരാജ് മന്ത്രാലയവുമായും മിഷൻ പ്രവർത്തനങ്ങൾക്ക് കേന്ദ്ര സഹായം ലഭിക്കാനുള്ള സാദ്ധ്യതകളെക്കുറിച്ച് (2007 ഫെബ്രുവരി 7 ന്) ചർച്ച നടത്തുകയുണ്ടായി. ഇതുകൂടാതെ പി. വി. ഉണ്ണികൃഷ്ണൻ, വൈദ്യുതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയം ഭരണ

## സൗരോർജ്ജം



- പ്രതിദിനം ഒരു ചതുരശ്രമീറ്ററിന് 1kW സൗരോർജ്ജം ലഭിക്കുന്നു.
- ലോകത്ത് ഒരു വർഷം ഉപയോഗിക്കുന്ന ആകെ ഊർജ്ജത്തിന്റെ 100 ഇരട്ടി സൗരോർജ്ജം പ്രതിദിനം ഭൂമിയിൽ (2.9 x $10^{15}$ kW പതിക്കുന്നു.
- കേരളത്തിൽ (2.9 x $10^{7}$ MW) വൈദ്യുതോർജ്ജത്തിന് തുല്യമായ സൗരോർജ്ജം ഒരു വർഷം ലഭിക്കുന്നു.

അക്ഷയ ഊർജ്ജ സ്രോതസ്സുകൾ

വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർ ചേർന്ന് ദി എനർജി റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന ഊർജ്ജ മേഖലയിലെ ഏറ്റവും പ്രമുഖ ദേശീയ ഇൻസ്റ്റിറ്റ്യൂട്ടിൽ എത്തി ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ.രാജേന്ദ്ര കെ. പച്ചൗരിയുമായി മിഷൻ പ്രവർത്തനങ്ങളെക്കുറിച്ച് ആശയ വിനിമയം നടത്തി. ഇതിനു മുമ്പ് പി. വി. ഉണ്ണികൃഷ്ണൻ ഡോ.പച്ചൗരിയെ സന്ദർശിച്ചിരുന്നു സന്ദർഭത്തിൽ ഡോ. വി വി എൻ കിഷോർ, സുനിൽ ഡിങ്ക്ര, ഡോ.ലീനാ ശ്രീവാസ്തവ, മാലിനി ബാലകൃഷ്ണൻ, കെ.രാമനാഥൻ, ലിനോജ് കുമാർ തുടങ്ങിയ ശാസ്ത്രജ്ഞൻമാരുമായും വിശദാംശ ചർച്ചകൾ നടത്തിയിരുന്നു.

തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുത്ത ജനപ്രതിനിധി നേതാക്കളുമായി 11-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഊർജ്ജ മേഖലയിൽ നടത്തേണ്ട ഇടപെടലുകളെ സംബന്ധിച്ച് വിശദമായ ചർച്ചകൾക്കായി ഒരു ഏകദിന ശിൽപശാല 2007 ഫെബ്രുവരി 27 ന് നടത്തുകയുണ്ടായി. ഈ ശിൽപശാലയിൽ 10 ജില്ലാ പഞ്ചായത്തു പ്രസിഡന്റുമാരും, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ നേതാക്കളും, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ നേതാക്കളും, 5 കോർപ്പറേഷൻ മേയർമാരും സജീവമായി പങ്കെടുത്തു.

ഇതു കൂടാതെ അനെർട്ട്. ഇ.എം. സി. എന്നീ ഏജൻസികളിലെ ജീവനക്കാരുടെ ഒരു സംയുക്ത യോഗം 2007 ഫെബ്രുവരി 12 ന് ചേർന്നിരുന്നു. ഈ യോഗത്തിൽവച്ച് മിഷൻ പ്രവർത്തനങ്ങൾ അനെർട്ടും, ഇ.എം.സിയുമായി ഏകോപിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തി. യോഗത്തിൽ നാല്പതോളം ജീവനക്കാർ പങ്കെടുത്തു.

മിഷൻ പ്രവർത്തനങ്ങളിൽ പാരിസ്ഥിതിക പരിഗണന ഉറപ്പുവരുത്താ



ൻ താഴെ പറയുന്ന ശിൽപശാലകൾ സംഘടിപ്പിക്കപ്പെട്ടു.

1. 2007 മാർച്ച് 21ന് നടന്ന പരിസ്ഥിതി പ്രവർത്തകരുടെ യോഗത്തിൽ വിവി ധ പരിസ്ഥിതിസംഘടനകളിൽനിന്നായി നാൽപ്പതുപേർ പങ്കെടുത്തു.

2. ജില്ല ഊർജ്ജ പ്ലാൻ തയ്യാറാക്കുന്നതിന്റെ രീതിശാസ്ത്രം ചർച്ച ചെയ്യുന്നതിനായി 2007 മാർച്ച് 12ന് നടന്ന യോഗത്തിൽ വിവിധ ഗവേഷണ സ്ഥാപനങ്ങളിൽനിന്നായി 24 പേർ പങ്കെടുത്തു.

3. 2007 മാർച്ച് 12നുതന്നെ വൈദ്യുതി ലൈൻ മാപ്പിംഗ് നടത്തുന്നതിന്റെ രീതിശാസത്രം ചർച്ചചെയ്യുന്നതിനുള്ള യോഗവും നടന്നു.

2007 മാർച്ച് 8-ാം തീയതി ചേർന്ന മിഷൻ ഗ്രൂപ്പ് യോഗം മിഷൻ ഗ്രൂപ്പിന് ഒരു പ്രവർത്തന സംവിധാനം തീരുമാനിച്ചു. ആവശ്യമായ സ്ഥലം ഇതിനായി അനെർട്ടിൽ മാറ്റിവെയ്ക്കാൻ തീരുമാനിച്ചു. മിഷൻ പ്രവർത്തനത്തിനായി അനെർട്ട്, ഇ.എം.സി എന്നിവിടങ്ങളിൽ നിന്ന് ജീവനക്കാരെ നിയോഗിക്കുകയും ചെയ്തു.

2007 മാർച്ച് 27-ാം തീയതി ചേർന്ന മിഷൻ ഗ്രൂപ്പ് മിഷൻ തയ്യാറാക്കിയ പ്രോജക്ടുകൾക്ക് അംഗീകാരം നൽകി.

- Proposal for a preliminary reconnaissance study and preparation of a database of potential small hydro power sites for the total energy security mission with the participation of local governments.
- Proposal for a district level project on total energy security in Palakkad. എന്നിവയാണ് ഇങ്ങനെ ഏറ്റെടുക്കപ്പെട്ട പ്രോജക്ടുകൾ.

2007 ഏപ്രിൽ 7-ാം തീയതി ചേർന്ന മിഷൻ ഗ്രൂപ്പ് യോഗം വൈദ്യുതി മന്ത്രിയുമായി പര്യാലോചിച്ച് മിഷൻ ഉദ്ഘാടനത്തെ സംബന്ധിച്ച് തീരുമാനമെടുക്കാൻ ആസൂത്രണബോർഡംഗം പി.വി ഉണ്ണികൃഷ്ണനെ ചുമതലപ്പെടുത്തി. ഇതിനെത്തുടർന്ന് ജൂൺ 5-ലോക പരിസ്ഥിതി ദിനത്തിന് മിഷൻ ഉദ്ഘാടനം തീരുമാനിച്ചു. ഉദ്ഘാടനത്തിന്റെ മുന്നോടിയായി നടത്തേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് ആലോചിക്കാൻ 2007 ഏപ്രിൽ 27നും മെയ് 19നുമായി രണ്ട് സംസ്ഥാനതല യോഗങ്ങൾ നടന്നു. ഏതാണ്ട് 100 പേർ വീതം ഈ യോഗങ്ങളിൽ സംബന്ധിച്ചു.

2007 മെയ് 17-ാം തീയതിയിലെ GO (Rt) No. 111/2007/PD പ്രകാരം മിഷന് ഒരു സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി തീരുമാനിക്കപ്പെട്ടു. ഈ കോർഡിനേഷൻ കമ്മിറ്റിയിൽ

നൂറോളം പേർ അംഗങ്ങളാണ്. മിഷന് വിവിധ ജില്ലാതല കോർഡിനേഷൻ കമ്മിറ്റികൾ 2007 മെയ് 21–ാം തീയതിയിലെ GO (Rt) No. 1460/07/LSGD പ്രകാരം തീരുമാനിക്കപ്പെട്ടു. ഈ കോർഡിനേഷൻ കമ്മിറ്റികളിൽ ഓരോ ജില്ലയിലും മുപ്പതോളം പേർ വീതം അംഗങ്ങളാണ്.

സംസ്ഥാനതല ഉദ്ഘാടനത്തിന്റെ മുന്നോടിയായി എല്ലാ ജില്ലകളിലും തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതാക്കളുടെ ജില്ലാ കൺവെൻഷനുകൾ മെയ് 21–24 വരെയായി നടത്തപ്പെട്ടു. തുടർന്ന് ജൂൺ 5–ാം തീയതി പദ്ധതിയുടെ ഉദ്ഘാടനം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പ്രഖ്യാപിക്കുന്നതിനായി ഒരു പ്രഭാഷണ പരമ്പര നടത്തുന്നതിന് തീരുമാനിക്കുകയും അതിനുവേണ്ടി അധ്യാപകരെ സജ്ജരാക്കാനുള്ള ശ്രമം തുടങ്ങുകയും ചെയ്തു. ഈ അദ്ധ്യാപക പരിശീലനത്തിനായി മാസ്റ്റർ ട്രെയിനർമാരുടെ പരിശീലനം മെയ് 23 മുതൽ 25 വരെയും ജില്ലാതല പരിശീലനം മെയ് 26, 27 നുമായിട്ടും നടത്തുകയുണ്ടായി. ഈ പരിശീലന പരിപാടികളിൽ രണ്ടായിരത്തിലധികം പേർ പങ്കെടുത്തു.

ഉദ്ഘാടന സമ്മേളനം നടത്തുന്നതിന്റെ മുന്നൊരുക്കങ്ങളായി സിനിമാ തിയേറ്ററുകളിലെ സ്ലൈഡുകൾ വീഡിയോ സ്പോട്ടുകൾ, റേഡിയോ സ്പോട്ടുകൾ, പോസ്റ്ററുകൾ തുടങ്ങിയവ ഇറക്കുകയും വാർത്താ ബോർഡുകളിലും നോട്ടീസ് ബോർഡുകളിലും പോസ്റ്ററുകൾ പ്രദർശിപ്പിക്കുകയും ചെയ്തു. അയൽക്കൂട്ടം കൺവീനർമാർ, സന്നദ്ധ പ്രവർത്തകർ എന്നിവരുടെ യോഗങ്ങൾ എന്നിവയും സംഘടിപ്പിക്കപ്പെട്ടു. ഈ വിശദാംശങ്ങളടങ്ങുന്ന സർക്കുലർ 2007 മെയ് 19ന് സർക്കാർ പുറത്തിറക്കി.

ഇതേത്തുടർന്ന് ലോകപരിസ്ഥിതി ദിനമായ ജൂൺ 5–ാം തീയതി പാലക്കാട് മുനിസിപ്പൽ ടൗൺഹാളിൽനടന്ന ആവേശകരമായ ചടങ്ങിൽ കേരള ഗവർണ്ണർ ആർ.എൽ. ഭാട്യ സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷന്റെ ഔപചാരിക ഉദ്ഘാടനപ്രഖ്യാപനം നടത്തി. അന്നേദിവസം ഏതാണ്ട് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും താഴെപ്പറയുന്ന വിഷയങ്ങളിലുള്ള പ്രഭാഷണങ്ങൾ നടത്തപ്പെട്ടു.

1. സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷൻ ദർശനം ദൗത്യം പരിപ്രേക്ഷ്യം.
2. ജൈവദ്രവ്യ പുനരുജ്ജീവനവും ജൈവോർജ്ജോത്പാദനവും
3. അക്ഷയ ഊർജ്ജ വികസന സാധ്യതകൾ.

ഏതാണ്ട് കാൽലക്ഷംപേർ ഈ പ്രഭാഷണ പരമ്പരകളിൽ പങ്കെടുക്കുകയുണ്ടായി.

ഉദ്ഘാടനത്തെത്തുടർന്ന് 462 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ ധനകാര്യവർഷത്തിൽത്തന്നെ സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷൻ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ മുന്നോട്ടുവന്നിട്ടുണ്ട്. ഈ സ്ഥലങ്ങളിൽ ഊർജ്ജ–പരിസ്ഥിതി സേനകൾ രൂപീകരിക്കാനും സമഗ്ര ഊർജ്ജാസൂത്രണ പരിപാടികൾ നടപ്പാക്കാനുമുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. •

## സോളാർ കുക്കർ

### സൂര്യന്റെ ചൂട് ഉപയോഗിച്ച് പാചകം ചെയ്യാം



- **ബോക്സ് മോഡൽ**
  സ്ഥിരമായി ഉപയോഗിക്കുകയാണെങ്കിൽ 3, 4 സിലിണ്ടർ ഗ്യാസ് ഒരു വർഷത്തിൽ ലാഭിക്കാം. പാചകത്തിന് ഏകദേശം 2, 3 മണിക്കൂർ സമയം വേണ്ടിവരും. 3, 4 പേർക്കുള്ള ഭക്ഷണം പാചകം ചെയ്യാം.
- **ഡിഷ് മോഡൽ**
  സ്ഥിരമായി ഉപയോഗിക്കുകയാണെങ്കിൽ 10 സിലിണ്ടർ ഗ്യാസ് ഒരു വർഷത്തിൽ ലാഭിക്കാം. പ്രഷർകുക്കർ ഉപയോഗിച്ചാൽ ഇതിൽ അരമണിക്കൂർ കൊണ്ട് പാചകം ചെയ്യാം. 10–15 പേർക്കുള്ള ഭക്ഷണം പാചകം ചെയ്യാം.

ഊർജ്ജ സംരക്ഷണം വീടുകളിൽ



# ചെറുകിട ജലവൈദ്യുതപദ്ധതികൾ ഒരു മാർഗ്ഗരേഖ

**അനിൽ ജി.**
*സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷൻ ഡയറക്ടർ*

**കേരളം** വൈദ്യുതി കമ്മിയുള്ള ഒരു സംസ്ഥാനമാണെന്നത് സുവിദിതമാണല്ലോ. കേരള സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള 'സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷന്റെ' ആഭിമുഖ്യത്തിൽ അക്ഷയ ഊർജ്ജ വികസനത്തിനും ഗ്രാമീണ വൈദ്യുതീകരണത്തിനും പ്രാദേശിക സർക്കാരുകൾ വഴി ഊന്നൽ നൽകിക്കൊണ്ട് ഈ ദുരവസ്ഥ മറികടക്കാനുള്ള അവസരമാണ് ഇപ്പോൾ സംജാതമായിട്ടുള്ളത്.

താപവൈദ്യുതി ഉല്പാദിപ്പിക്കുവാനുപയോഗിക്കുന്ന ഇന്ധനങ്ങളായ കൽക്കരി, ഡീസൽ, നാഫ്താ, എൽ.എസ്.എച്ച്.എസ്. എന്നിവ ഒന്നും തന്നെ കേരളത്തിൽ സ്വാഭാവിക ലഭ്യതയില്ലാത്തതും, ഇറക്കുമതി ചെയ്യേണ്ടതുമാണ്. അതേ സമയം, മൂലധനച്ചെലവും, ഉല്പാദനച്ചെലവും തുലോം കുറവായ വൻകിട ജല വൈദ്യുതപദ്ധതികൾ പലതും പരിസ്ഥിതിക്ക് അസന്തുലിതാവസ്ഥ സൃഷ്ടിക്കുന്നതിനാൽ നടപ്പിലാക്കുവാൻ സാധിക്കുന്നില്ല. ഈ സന്ദർഭത്തിൽ പരിസ്ഥിതിക്കനുയോജ്യമായതും, ചെലവുകുറഞ്ഞതും നിർമ്മാണസമയം കുറവുള്ളതുമായ ചെറുകിട ജലവൈദ്യുത പദ്ധതികളെപ്പററി നാം ചിന്തിക്കേണ്ടതാണ്. പ്രാദേശികമായി ചെറുകിട ജലവൈദ്യുത പദ്ധതികൾ വികസിപ്പിക്കുന്നതിലൂടെ വൈദ്യുതി ലഭ്യതയില്ലാത്ത പ്രദേശങ്ങളിൽ എളുപ്പത്തിൽ വൈദ്യുതി എത്തിക്കാൻ സാധിക്കും. അതു മാത്രമല്ല, വലിയ അണകെട്ടിയുള്ള പദ്ധതികളേക്കാൾ വേഗത്തിൽ ലാഭം ഉണ്ടാക്കാൻ ഉതകുന്നതുമാണ് ഇവ.

കേരളത്തിൽ നദികളിലെ ജലലഭ്യതയനുസരിച്ച് ചെറുകിട ജലവൈദ്യുത പദ്ധതിക്കുള്ള സാധ്യതകൾ ധാരാളമുണ്ട്. ഇത് കണക്കിലെടുത്താണ് കേരള സർക്കാർ ചെറുകിട ജലവൈദ്യുതി ഉല്പാദന രംഗത്ത് വിപ്ലവകരങ്ങളായ പുരോഗതിക്ക് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. നാളിതുവരെയുള്ള ചെറുകിട വൈദ്യുതോൽപ്പാദനത്തിൽ പ്രാദേശിക സവിശേഷതകൾ പരിഗണിച്ച് പദ്ധതി രൂപകൽപ്പന ചെയ്യുന്ന സംവിധാനമോ ഒട്ടേറെ

ചെറുകിട പദ്ധതികളുടെ സാധ്യത ഒരുമിച്ച് കണ്ട് (ക്ലസ്റ്റർ) മാനകീകരിച്ച ഉപകരണങ്ങൾ ഉപയോഗിക്കുന്ന രീതിയോ പ്രയോഗത്തിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല. ചെറുകിട പദ്ധതികളുടെ രൂപകൽപ്പന, ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻസ് മുതലായവ സംബന്ധിക്കുന്ന സ്റ്റാന്റേർഡുകളിൽ മാറ്റംവരുത്താൻ കഴിയാത്തതും പങ്കാളിത്ത ചെറുകിട ജലവൈദ്യുത വികസനത്തിനുവേണ്ടിയുള്ള ശ്രമങ്ങൾ നടത്താനാകാത്തതുമാണ് ഈ പോരായ്മകൾക്ക് അടിസ്ഥാനം. ഇവ പരിഹരിച്ചുകൊണ്ട് ചെറുകിട ജലവൈദ്യുത പദ്ധതി വികസനം ജില്ലാപഞ്ചായത്തുകൾവഴി മുന്നോട്ടുകൊണ്ടുപോകാൻ സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ ഉദ്ദേശിക്കുന്നു.

വൻകിട ജലവൈദ്യുത പദ്ധതിയിലേതുപോലെ, ഒരു വലിയ ജലാശയം (ജലസംഭരണി) ചെറുകിട ജലവൈദ്യുത പദ്ധതിയിൽ ഉദ്ദേശിക്കുന്നില്ല. അതുകൊണ്ട് തന്നെ, പദ്ധതിക്ക് വിനിയോഗിക്കുന്ന സ്ഥലത്തിന്റെ അളവ് വളരെ കുറവാണ്. മിക്കവാറും നദിയിൽ സാധാരണ ഉണ്ടാകുന്ന വെള്ളപൊക്കത്തിന്റെ ജലനിരപ്പു വരെമാത്രമായിരിക്കും ചെക്ക് ഡാമിന്റെ (വിയറിന്റെ) പൊക്കം. ജലസംഭരണിയില്ലാത്തതുകൊണ്ട്, വേനൽക്കാലത്ത് ചെറുകിട ജലവൈദ്യുത പദ്ധതികളിൽ ഉല്പാദനം തുലോം കുറവായിരിക്കും. ചിലപ്പോൾ ഉല്പാദനം ഒട്ടും തന്നെ ഉണ്ടായിരിക്കുകയില്ല. ചെറുകിട ജലവൈദ്യുത പദ്ധതിക്കുള്ള ഒരു ന്യൂനത ഇത് മാത്രമാണ്. വർഷത്തിൽ ശരാശരി ഏഴ് മുതൽ എട്ട് മാസക്കാലം മാത്രമേ വൈദ്യുതി ഉല്പാദനം സാധിക്കുകയുള്ളൂ. പക്ഷെ വൻകിട ജലവൈദ്യുത പദ്ധതികളുള്ള കേരളത്തിൽ മഴക്കാലത്തുള്ള വൈദ്യുതി ഉല്പാദനം, ചെറുകിട ജലപദ്ധതിയിൽ നിന്നാക്കി, വൻകിട ജലപദ്ധതിയിൽ ജലം ധാരാളം സംഭരിച്ച്, വേനൽക്കാലത്തേയ്ക്കുള്ള ഉല്പാദനം സാദ്ധ്യമാക്കാം. മാത്രമല്ല മററ് ഊർജ്ജ ഉറവിടങ്ങളായ സൗരോർജ്ജം, ജൈവപദാർത്ഥങ്ങളിൽ നിന്നുള്ള ഊർജ്ജം എന്നിവയെ വേനൽക്കാല വൈദ്യുതോൽപ്പാദനത്തിനായി ചെറുകിട ജലവൈദ്യുത പദ്ധതികളോടൊപ്പം ഉപയോഗപ്പെടുത്തുകയുമാകാം.

ചെറുകിട ജലവൈദ്യുത പദ്ധതിയുടെ സ്ഥാപിത ശേഷിയനുസരിച്ച്, അവയെ താഴെപ്പറയുന്ന വിധത്തിൽ മൂന്നായി തരംതിരിച്ചിരിക്കുന്നു.

1. പീക്കോ ഹൈഡൽ – 10 കിലോ വാട്ട് വരെ.
2. മൈക്രോ ഹൈഡൽ – 10 കിലോ വാട്ട് മുതൽ 100 കിലോ വാട്ട് വരെ
3. മിനി ഹൈഡൽ – 101 കിലോ വാട്ട് മുതൽ 3000 കിലോ വാട്ട് വരെ.
4. സ്മോൾ ഹൈഡൽ – 3001 മുതൽ 25000 കിലോ വാട്ട് വരെ.

ഓരോ തോടിലും നദിയിലും ഒഴുകുന്ന ജലത്തിന്റെ അളവും, ആ സ്ഥലത്തുള്ള വെള്ളച്ചാട്ടത്തിന്റെ ഉയരവ്യത്യാസവും ആശ്രയിച്ചാണ്

## ജൈവ വാതക പ്ലാന്റുകൾ






- പാചക വാതക ഇന്ധനം
- ജൈവ വളം
- മാലിന്യ നിർമ്മാർജ്ജനം
- വൈദ്യുതോല്പാദനം

- ജൈവവസ്തുക്കളിൽ അന്തരീക്ഷ വായുവിന്റെ അസാന്നിദ്ധ്യത്തിൽ സൂഷ്മാണു ജീവികൾ പ്രവർത്തിക്കുമ്പോഴാണ് ജൈവവാതകം അഥവാ ബയോഗ്യാസ് ഉല്പാദിപ്പിക്കപ്പെടുന്നത്. 45–55% മീഥെയ്ൻ, 35–45% കാർബൺഡൈഓക്സൈഡ്. മീഥെയിന്റെ കലോറിഫിക് മൂല്യം 4700 Kcal ആണ്.
- ഒരു ക്യൂബിക് മീറ്റർ ബയോഗ്യാസ് 0.84 Kg. LPGക്ക് തുല്യമാണ്.
- ഒരു യൂണിറ്റ് വൈദ്യുതി ഉല്പാദനത്തിന് 0.21 $m^3$ ഗ്യാസ് വേണം.

അക്ഷയ ഊർജ്ജ സ്രോതസ്സുകൾ



ചെറുകിട ജലവൈദ്യുത പദ്ധതിയുടെ സ്ഥാപിതശേഷി നിശ്ചയിക്കുന്നതും മേൽപ്പറഞ്ഞരീതിയിൽ തരം തിരിക്കുന്നതും.

**ചെറുകിട ജലവൈദ്യുത പദ്ധതികൾ പഞ്ചായത്ത് തലത്തിൽ**

കേരള സർക്കാരിന്റെ ഊർജ്ജ നയപരിപാടിയനുസരിച്ച് പഞ്ചായത്ത് തലത്തിൽ ജനപങ്കാളിത്തത്തോടെ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്. ഇതിനായി ഒരു സമഗ്ര പ്രോജക്ട് സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ തയ്യാറാക്കിയിട്ടുണ്ട്. വനപ്രദേശത്തോടു ചേർന്നു കിടക്കുന്ന ഗ്രാമപഞ്ചായത്തുകൾ, അവ ഉൾപ്പെടുന്ന ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ എന്നിവയെ ഉൾപ്പെടുത്തിയാണ് ഈ പ്രോജക്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ഇ.എം.സി., അനെർട്ട് എന്നീ സംഘടനകളുടെ സഹായം കൂടാതെ വിവിധ എഞ്ചിനീയറിംഗ് കോളേജുകളെയും പോളീടെക്നിക്കുകളെയുംകൂടി ഈ പ്രവർത്തനത്തിൽ പങ്കാളികളാക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങുന്ന കൈപ്പുസ്തകം സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ തയ്യാറാക്കുന്നതാണ്.

**ചെറുകിട ജലവൈദ്യുത പദ്ധതികൾ എവിടെയൊക്കെ സ്ഥാപിക്കാം?**

ചെറിയ അരുവികൾക്ക് കുറുകെ ഒരു താല്ക്കാലിക അണ (1 മുതൽ 5 വരെ മീറ്റർ ഉയരത്തിൽ) കെട്ടി വെള്ളം തടഞ്ഞ് നിർത്തി അത് കനാലിൽ കൂടെയോ, പെൻസ്റ്റോക്കിൽ കൂടെയോ, പവർഹൗസിൽ എത്തിച്ച് വൈദ്യുതി ഉല്പാദിപ്പിക്കാം. അങ്ങനെയുള്ള ഒരു അരുവി തെരഞ്ഞെടുക്കുമ്പോൾ പ്രത്യേകം ശ്രദ്ധിക്കേണ്ടത് ഒരു സെക്കൻഡിൽ 10 ലിററർ (ഏകദേശം അര ബക്കറ്റ്) ജലപ്രവാഹം എങ്കിലും ഉള്ള ഒരു അരുവിയിലോ കനാലിലോ മാത്രമേ ഈ തരത്തിലുള്ള ജലവൈദ്യുത പദ്ധതികൾ ലാഭകരമായി ആരംഭിക്കാൻ സാധിക്കുകയുള്ളൂ എന്നതാണ്. മാത്രമല്ല, വളരെക്കുറച്ചു ദൂരം സഞ്ചരിക്കുമ്പോൾ തന്നെ ഗണ്യമായ (ഏകദേശം 20-50 മീറ്റർ) ഉയര വ്യത്യാസം ഉള്ളവയാണെങ്കിൽ വളരെ ലാഭകരമായി പദ്ധതി പ്രവർത്തിപ്പിയ്ക്കുവാൻ സാധിക്കും. അരുവിയിൽ വെള്ളച്ചാട്ടങ്ങളുള്ള സ്ഥലങ്ങൾ ആയിരിക്കും ഇതിന് വളരെ യോജിച്ചത്.

മേല്പറഞ്ഞ രീതിയിലുള്ള അരുവിയിൽ ഒരു തടയണയും അടുത്തു തന്നെ ഒരു പവ്വർ ഹൗസും പണിയുവാൻ യോജിച്ച സ്ഥലം കണ്ടു പിടിക്കേണ്ടതാണ്.

അരുവി സ്ഥിതി ചെയ്യുന്ന പഞ്ചായത്ത്, വനസംരക്ഷണ സമിതി, ഊർജ്ജ-പരിസ്ഥിതി സേന എന്നിവയിലെ അംഗങ്ങളെ ഉൾപ്പെടുത്തി തയ്യാറാക്കുന്ന ഊർജ്ജ മേഖലാ കർമ്മസമിതിയായിരിക്കും ചെറുകിട ജലവൈദ്യുത പദ്ധതികൾ വിഭാവനം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടത്.

പദ്ധതിയ്ക്ക് അനുയോജ്യമായ ഒരു സ്ഥലം ഉണ്ടെന്നറിഞ്ഞാൽ ഊർജ്ജ സമിതി മുൻകൈയെടുത്ത് ഒരു വിദഗ്ധ സംഘത്തെ അയച്ച് പ്രാഥമിക സാധ്യതാ പഠനം നടത്തണം. സാധ്യതാപഠനത്തിന് പോകുന്നത് സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷന്റെ നിർദ്ദേശമനുസരിച്ച് പഞ്ചായത്തിൽ രൂപീകരിക്കുന്ന വിദഗ്ധ സമിതി അംഗങ്ങളായിരിക്കണം. അരുവിയുടെ പ്രവാഹനിരക്ക്, ഉയര വ്യത്യാസം മുതലായ കാര്യങ്ങൾ ഏകദേശ രൂപത്തിൽ കണക്കാക്കി വൈദ്യുതിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുപയോഗിക്കാവുന്ന വിവരശേഖരണ ഫോർമാറ്റ് സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷൻ ലഭ്യമാക്കും.

1. പദ്ധതിക്കനുയോജ്യമെന്ന് കണ്ട സ്ഥലം ഏതു വാർഡിൽ/പഞ്ചായത്തിൽപ്പെട്ടതാണ്?
2. ഈ സ്ഥലം ആരുടെ കൈവശത്തിലാണ് ഉള്ളത്?
   ഉദാ: സ്ഥലവാസികളുടെ/പുറംപോക്ക്/വനപ്രദേശം മുതലായ വിവരങ്ങൾ ശേഖരിക്കണം.
3. അരുവിയിലെ നീരൊഴുക്കിനെ

പറ്റിയുള്ള വിവരങ്ങൾ

i. ഒരാണ്ടിൽ എത്ര മാസക്കാലം അരുവിയിൽ നീരൊഴുക്കുണ്ട്?

ii. മഴക്കാലത്ത് ഉണ്ടായിട്ടുള്ള വെള്ളപ്പൊക്കം മൂലം എത്ര മീറ്റർ ഉയരത്തിൽ അരുവിയിലെ വെള്ളം ഉയർന്നു?

iii. പവ്വർഹൗസിനു വേണ്ടി ഉദ്ദേശിച്ച സ്ഥലം വെള്ളപ്പൊക്കംമൂലം മുങ്ങിപ്പോകാൻ സാദ്ധതയുണ്ടോ?

iv. ഈ വാർഡിൽ കെ.എസ്.ഇ.ബി. യുടെ വൈദ്യുതിലൈനുകൾ ഉണ്ടോ? എങ്കിൽ അത് പദ്ധതിക്കുദ്ദേശിച്ച സ്ഥലത്ത് നിന്ന് എത്ര ദൂരെയാണ്?

v. വാർഡിൽ കെ.എസ്.ഇ.ബി. ലൈനില്ലെങ്കിൽ എത്ര ദൂരെയാണ് നിലവിലുള്ള ലൈൻ വന്നു നിൽക്കുന്നത്?

vi. വാർഡിൽ എത്ര വീടുകൾ വൈദ്യുതീകരിക്കാത്തവയാണ്?

vii. നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളിൽ നിന്നും എത്ര വീടുകൾ വൈദ്യുതീകരിക്കുവാൻ കഴിയും?

viii. വാർഡിൽ ദാരിദ്ര്യരേഖക്കു താഴെയുള്ള കുടുംബങ്ങൾ എത്ര?

ix. വാർഡിൽ വൈദ്യുതിക്ക് വില നൽകേണ്ടതായിട്ടുള്ള വീടുകൾ ഉണ്ടോ, ഉണ്ടെങ്കിൽ എത്ര?

x. വാർഡിൽ കൃഷി ആവശ്യങ്ങൾക്ക് വൈദ്യുതി ആവശ്യമുണ്ടോ? നിലവിലുള്ള സംവിധാനം എന്താണ്? ഉദാ: ഡീസൽ പമ്പ്, ജലചക്രം മുതലായവ.

xi. വൈദ്യുതി ലഭിച്ചാൽ ചെറുകിട വ്യവസായങ്ങൾ, പാരമ്പര്യ കൈത്തൊഴിലുകൾ എന്നിവയ്ക്ക് വികസന സാദ്ധ്യതയുണ്ടോ?

xii. ഈ പദ്ധതി നടപ്പിലാക്കാൻ വേണ്ടിയോ അല്ലെങ്കിൽ വൈദ്യുതി ലൈൻ നീട്ടുന്നതിനുവേണ്ടിയോ പഞ്ചായത്ത് തലത്തിൽ ശ്രമങ്ങൾ നടത്തിയിട്ടുണ്ടോ? പഞ്ചായത്തിലെ ബഡ്ജറ്റിൽ ഇതിനുള്ള തുക വക കൊള്ളിച്ചിട്ടുണ്ടോ?

xiii. ജനപങ്കാളിത്തത്തോടെ ഈ പദ്ധതി നടപ്പിലാക്കുമ്പോൾ, പഞ്ചായത്തു വിഹിതം കൂടാതെ, ജനങ്ങളുടെ സാമ്പത്തിക പങ്കാളിത്തം എത്രമാത്രം നല്കുവാൻ സാധിക്കും?

xiv. പദ്ധതി നടപ്പിലാക്കിയാൽ പഞ്ചായത്തിന് പിന്നീട് എന്തുവാർഷിക വരുമാനം പ്രതീക്ഷിക്കാം?

xv. പദ്ധതി നടപ്പിലാക്കിയാൽ, ഒരു പക്ഷെ ആരംഭിക്കുവാനാകുന്ന വ്യവസായ സംരംഭങ്ങൾ എന്തെല്ലാം?

ഈ വിവരങ്ങളെല്ലാം ഉൾപ്പെടുത്തി, വാർഡ് മെമ്പർ ഈ പദ്ധതി പഞ്ചായത്തിന്റെ പരിഗണനയിൽ കൊണ്ടുവരണം. ഊർജ്ജ മേഖലാ കർമ്മസമിതിയുടെ ശുപാർശയോടുകൂടി പഞ്ചായത്തിന്റെ അംഗീകാരം ഈ പദ്ധതി നേടിയിരി ക്കണം.

പഞ്ചായത്തുതല ഊർജ്ജസമിതി ഇങ്ങനെ നടത്തുന്ന സാധ്യതാപഠനത്തിന്റെ വെളിച്ചത്തിൽ സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ നിയോഗിക്കുന്ന വിദഗ്ധന്മാരുടെ നേതൃത്വത്തിൽ പദ്ധതി പ്രദേശത്ത് പ്രാഥമിക സർവ്വേ നടത്തി അതുപയോഗിച്ച് പ്രാഥമിക പ്രോജക്ട് റിപ്പോർട്ട് ഉണ്ടാക്കേണ്ടതാണ്. പ്രാഥമിക

## ഗ്യാസിഫയറുകൾ





- ഗ്യാസിഫയറിൽ നിന്ന് ലഭിക്കുന്ന വാതകത്തെ ബർണറുകളിൽ നേരിട്ട് കത്തിച്ച് താപോർജ്ജ ആവശ്യങ്ങൾക്കും ഡീസലിനുപകരം ഡീസൽ എഞ്ചിനുകളിൽ ഉപയോഗിച്ച് വൈദ്യുതി ഉത്പാദന ആവശ്യങ്ങൾക്കും ഉപയോഗിക്കാം.
- 1.5 – 1.7 Kg ബയോമാസിൽ നിന്ന് ഒരു യൂണിറ്റ് വൈദ്യുതി ലഭിക്കുന്നു.
- 225Kw വരെ കപ്പാസിറ്റിയുള്ള ഗ്യാസിഫയറുകൾ ലഭ്യമാണ്.

അക്ഷയ ഊർജ്ജ സ്രോതസ്സുകൾ



അതിന്റെ അടിസ്ഥാനത്തിൽ സമഗ്രമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യുന്നു. ഈ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുകൾക്ക് നേരിട്ടോ ഏജൻസികൾ മുഖേനയോ പദ്ധതി നടപ്പാക്കാവുന്നതാണ്.

പ്രാഥമിക പദ്ധതി റിപ്പോർട്ട്, സമഗ്രമായ സാങ്കേതിക പദ്ധതി രൂപരേഖ എന്നിവ തയ്യാറാക്കുമ്പോൾ, കേന്ദ്ര പാരമ്പര്യേതരമന്ത്രാലയം (MNRE), IREDA, CEA, CWC എന്നീ സ്ഥാപനങ്ങൾ പുറത്തിറക്കിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായ വിവരങ്ങൾ ഉൾപ്പെടുത്തിയിരിക്കേണ്ടതാണ്. സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ നിർദ്ദേശിക്കുന്ന വിദഗ്ധന്മാർ നിർമ്മിക്കുന്ന പദ്ധതി രൂപരേഖയിൽ ഈ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കാം.

ഇതിനെത്തുടർന്ന് അതതു പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കേണ്ടതുണ്ട്. ഇതി

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് സമഗ്രമായ സർവ്വേ നടത്തി തടയണയും, പവർ ചാനൽ, ഫോർബേ, പെൻസ്റ്റോക്ക് എന്നിവ യുടെ സ്ഥാനവും കിടപ്പും നിശ്ചയിക്കുകയും വേണം.

ഈ സർവ്വേക്ക് ശേഷം പ്രോജക്ട് നടത്തുന്ന സ്ഥലത്തിനനുസരിച്ച് നടത്തിയ ഭൂഗർഭ സർവ്വേ, വനഭൂമി സർവ്വേ, ഭൂമി ഉപയോഗ സർവ്വേ മുതലായ പഠനങ്ങൾ നടത്തി പദ്ധതിയുടെ വിവിധ ഘടകങ്ങൾ സ്ഥാപിക്കുന്നതിനു ഏറ്റവും യോജ്യമായ സ്ഥലം കണ്ടുപിടിക്കുകയും

## ഫാൻ

- സാധാരണയായി 50 മുതൽ 80 വരെ വാട്ട് ശക്തിയുള്ള ഫാനാണ് ഉപയോഗിക്കുന്നത്. മുറിയുടെ വലിപ്പത്തിനനുസരിച്ച് ഫാനിന്റെ സ്വീപ്പ് (ബ്ളേഡുകൾ കറങ്ങുന്ന വൃത്തത്തിന്റെ വ്യാസം) എത്ര വേണം എന്ന് നിശ്ചയിക്കണം.
- ഗുണമേന്മയുള്ള ബേയറിംഗ് ഫാനിന്റെ കറന്റ് ചെലവ് നല്ലൊരു പരിധി വരെ കുറയ്ക്കും. അസാധാരണ മൂളലോടും ശബ്ദത്തോടുംകൂടി ഓടുന്ന ഫാൻ ബേയറിംഗ് കേടായി എന്ന് ഊഹിക്കാം. അപ്പോൾ മോട്ടോർ ഭയങ്കരമായി ചൂടാകും. കറന്റ് ചെലവ് വർദ്ധിക്കും.
- ഫാൻ രണ്ടു കൊല്ലത്തിൽ ഒരിക്കലെങ്കിലും അഴിച്ചെടുത്ത് ഗ്രീസ്സിട്ട് സംരക്ഷിച്ചാൽ കറന്റ് ചെലവ് കുറയും.
- ഫാനുകൾ രണ്ടേമുക്കാൽ മീറ്റർ ഉയരത്തിൽ തൂക്കണം.
- സാധാരണ റെഗുലേറ്റർ ഉള്ള ഫാൻ ഏതു വേഗത്തിൽ ഓടിച്ചാലും കറന്റ് ചെലവ് ഒന്നാണ്. കുറഞ്ഞ വേഗത്തിൽ ഓടിക്കുമ്പോൾ വൈദ്യുതി ലാഭിക്കാൻ ഇലക്ട്രോണിക് റെഗുലേറ്റർ ഉപയോഗിക്കണം.



ഊർജ്ജ സംരക്ഷണം വീടുകളിൽ

നുള്ള വിദഗ്ധസഹായം സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ ലഭ്യമാക്കും. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുവാൻ വേണ്ടി നേരത്തേ ശേഖരിച്ച വിവരങ്ങൾ മുഴുവൻ ഈ വിദഗ്ധന്മാരെ ഏൽപ്പിക്കണം. പ്രോജക്ട് റിപ്പോർട്ട് വളരെ വേഗത്തിൽ തയ്യാറാക്കുവാൻ ഇത് സഹായിക്കും. ഇങ്ങനെ തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട് പവർ ഡിപ്പാർട്ട്മെന്റിന്റെ അനുമതിയ്ക്കായി പഞ്ചായത്ത് അയച്ചുകൊടുക്കേണ്ടതും അനുമതി വാങ്ങേണ്ടതുമാണ്. അനുമതി ലഭിച്ച പ്രോജക്ട് റിപ്പോർട്ട്, പഞ്ചായത്തിന്റെ പരിഗണനയ്ക്ക് വെച്ച് പദ്ധതിക്കാവശ്യമായ പണം സ്വരൂപിക്കുകയും വേണം.

പദ്ധതിക്കാവശമായ മൂലധനം ജില്ലാ സഹകരണ ബാങ്കുകൾ, IREDA, MNRE, മററ് ദേശസാൽകൃത ബാങ്കുകൾ എന്നിവയിൽ നിന്ന് വായ്പയായി ലഭിക്കുന്നതാണ്. വിദഗ്ധരുടെ നിർദ്ദേശ പ്രകാരം പവർഹൗസിന് ആവശ്യമായ ജനറേറ്റർ, ടർബൈൻ മുതലായ മെഷീനുകൾ ക്ക് ഓർഡർ കൊടുക്കാം. പദ്ധതിയുടെ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ വേണ്ട സാങ്കേതിക ഉപദേശം കൊടുക്കുവാനും വിദഗ്ധസഹായം ലഭ്യമാക്കണം.

പദ്ധതി പൂർത്തിയായി വൈദ്യുതി ഉല്പാദനം ആരംഭിക്കുമ്പോൾ ആ പഞ്ചായത്തിലെ ഉപഭോക്താക്കൾക്ക് നേരത്തേ നിശ്ചയിച്ച പ്രകാരം വൈദ്യുതി എത്തിക്കുന്നതിനുള്ള പണികൾ വിദഗ്ധരുടെ ഉപദേശത്തോടു കൂടി ആരംഭിക്കേണ്ടതാണ്. ഈ വൈദ്യുതി ഉപഭോക്താക്കളുടെ മുൻഗണനാ ക്രമവും ആ വാർഡിലെ കർമ്മ സമിതി തന്നെ തയ്യാറാക്കണം.

പവർ ഹൗസിലെ ഉല്പാദനം, വിതരണം എന്നിവ നിയന്ത്രിക്കുന്നതിനുള്ള സാങ്കേതിക സംവിധാനം പഞ്ചായത്തുതലത്തിൽ വേണ്ടിവരും. വൈദ്യുതി വിതരണത്തിൽനിന്നുള്ള വരുമാനം, പദ്ധതിക്കുവേണ്ടി എടുത്തിട്ടുള്ള വായ്പ തിരിച്ചടയ്ക്കൽ എന്നിവയ്ക്കും ജനകീയ സംവിധാനങ്ങൾ ഉണ്ടാക്കേണ്ടിവരും. ഇവയെ സംബന്ധിക്കുന്ന വിശദമായ മാർഗ്ഗരേഖ മിഷന്റെ കൈപ്പുസ്തകത്തിൽ ഉൾപ്പെടുത്തുന്നതാണ്.

അരുവിയിലെ നീരൊഴുക്കിനെയും അരുവിയുടെ പ്രതലത്തിന്റെ ഉയര വ്യത്യാസത്തെയും അനുസരിച്ചാണല്ലൊ അതിൽ നിന്ന് ലഭിക്കുന്ന വൈദ്യുതിയുടെ തോത് നിശ്ചയിക്കുന്നത്. അതിനനുസരിച്ചുള്ള വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ട്.

**ഉപസംഹാരം**

നല്ല പ്രവർത്തനം കാഴ്ചവെക്കാൻ ശ്രമകരമായ ഡിസൈൻ ആവശ്യമാണെങ്കിലും, ഒരു മൈക്രോ സിസ്ററം നടത്തുന്നത് അത്ര ദുഷ്ക്കരമല്ല. ചെറിയ ഒരു പരിശീലനം നൽകി ഇവ ഒരു പ്രയാസവും കൂടാതെ പ്രവർത്തിപ്പിക്കുവാനും പരിപാലിക്കുവാനും കഴിയും. ഇത്തരം പ്രോജക്ടുകളുടെ സാധാരണ ആയുസ്സ് 20-25 വർഷ

## ടി.വി.





റിമോട്ട് കൺട്രോൾ കൊണ്ട് ഓഫ് ചെയ്താലും ടി.വി. 5W പവർ ഉപയോഗിച്ചുകൊണ്ടിരിക്കും. അതുകൊണ്ട് ടി.വി. പ്ലഗ് പോയിന്റിൽ തന്നെ ഓഫ് ചെയ്യുക.

**ഊർജ്ജസംരക്ഷണം വീടുകളിൽ**

ത്തോളമാണ്. മൈക്രോ ജല വൈദ്യുത പദ്ധതി, മററു വിധത്തിലുള്ള പുതുക്കപ്പെടാവുന്ന ഊർജ്ജ സ്രോതസ്സുകളേക്കാളേറെ ചെലവു കുറഞ്ഞവയാണ്. ഈ സ്കീമുകൾ "run of river'' (സംഭരണം ഇല്ലാത്തവ) ആയതിനാൽ വേനൽക്കാലത്ത് മുഴുവൻ സമയവും പ്രവർത്തിപ്പിയ്ക്കാൻ കഴിയുകയില്ല. ഈ സമയത്ത് സൗരോർജ്ജം, ജൈവോർജ്ജം, പവനോർജ്ജം പോലുള്ള മറ്റുപാധികൾ പ്രയോജനപ്പെടുത്തേണ്ടതാകുന്നു. അതതു പ്രദേശത്തെ ആൾക്കാരുടെ സഹകരണത്തോടു കൂടി ഇത്തരം വൈദ്യുതി സ്രോതസ്സുകളെ നമ്മുടെ ഗ്രാമങ്ങളുടെ വികസനത്തിന് പ്രത്യേകിച്ച് ഗ്രിഡ് കണക്ഷൻ ഇല്ലാത്തിടങ്ങളിൽ ധാരാളമായി ഉപയോഗപ്പെടുത്താവുന്നതാണ്. ഗ്രിഡുമായി ബന്ധിപ്പിച്ചും ഇത്തരം പദ്ധതികൾ നടത്താനാകും.

ഒററപ്പെട്ടു കിടക്കുന്ന മലയോരഗ്രാമങ്ങളിൽ വൈദ്യുതി എത്തിയ്ക്കുവാനുള്ള ഏററവും പററിയ സ്രോതസ്സാണ് ചെറുകിട ജലവൈദ്യുത പദ്ധതികൾ. നിലവിലുള്ള വൈദ്യുതശൃംഖല എത്തിച്ചേരാത്തിടത്ത് ഇങ്ങനെ പ്രാദേശികമായി വൈദ്യുതി വിതരണം ചെയ്യാനാവും. എന്നാൽ ഇത്തരത്തിലുള്ള ചില പദ്ധതികളിൽ കൂടി നിലവിലുള്ള വൈദ്യുത ശൃംഖലയിലേക്ക് വൈദ്യുതി നല്കുവാനും തദ്വാരാ ആ പ്രദേശത്താകമാനമുള്ള വോൾട്ടേജ് ക്ഷാമം കുറച്ചൊക്കെ പരിഹരിയ്ക്കുവാനും നമുക്കു കഴിയുന്നതാണ്.

ഒററപ്പെട്ടു കിടക്കുന്ന പ്രദേശങ്ങളെ ഉദ്ദേശിച്ചുള്ള ചെറുകിട ജലവൈദ്യുത പദ്ധതികളിൽ മുതൽ മുടക്കാൻ വൈദ്യുതി ബോർഡു പോലുള്ള വലിയ സ്ഥാപനങ്ങൾക്ക് സ്വാഭാവികമായും താല്പര്യമുണ്ടാവില്ല. എന്തെന്നാൽ ഇത്തരം പദ്ധതികൾക്കു വേണ്ടി വരുന്ന അടിസ്ഥാന ചെലവുകൾ പദ്ധതിയുടെ ആകപ്പാടെയുള്ള സാമ്പത്തിക ഭദ്രതയെ തകിടം മറിക്കുന്ന തരത്തിലായിരിക്കും. ഊർജ്ജോല്പാദന മേഖലയിൽ പുത്തൻ ഉണർവ്വുണ്ടാക്കിക്കൊണ്ടാണ് ഈ പദ്ധതികളുമായി വിവിധ തദ്ദേശഭരണ സ്ഥാപനങ്ങൾ മുന്നേറിക്കൊണ്ടിരിക്കുന്നത്. മൈക്രോ തലത്തിലുള്ള പദ്ധതികളുടെ വൈദ്യുതി, ഗ്രിഡ് ഇല്ലാത്ത സ്ഥലങ്ങളിൽ വൈദ്യുതി എത്തിയ്ക്കാനാണെങ്കിൽ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പ്രധാന ലക്ഷ്യം വൈദ്യുതി ഇല്ലാത്ത സ്ഥലങ്ങളിൽ വൈദ്യുതി എത്തിക്കുന്നതോടൊപ്പം, നിലവിലുള്ള വൈദ്യുതശൃംഖലയിലേക്ക് വൈദ്യുതി വിൽക്കുന്നതിലൂടെ സ്ഥിരമായ ഒരു വരുമാനം ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുവാനും അതിനോടൊപ്പം ഉല്പാദിപ്പിക്കുന്ന വൈദ്യുതോർജ്ജം അതത് ഇടങ്ങളിൽ തദ്ദേശ വികസനത്തിന് ഉപയോഗിക്കുന്നതിന് പ്രോത്സാഹനം കൊടുക്കുവാനും ആയിരിക്കുകയും വേണം.

•

## കാറ്റിൽ നിന്നും ഊർജ്ജം - കേരളം

- കേരളത്തിൽ 25 സ്ഥലങ്ങളിൽ കാറ്റിന്റെ ലഭ്യതാ പഠനം നടത്തിയിട്ടുണ്ട്. ഇവയിൽ 17 സ്ഥലങ്ങൾ വൈദ്യുതോൽപ്പാദനം സാധ്യമാകും.
- ഇടുക്കിയിലെ രാമക്കൽമേട്ടിൽ 20 മീറ്ററിൽ വേഗത 29.7 km/h, ശക്തി സാന്ദ്രത 532 $W/m^2$
- അട്ടപ്പാടിയിലെ നല്ലസിംഗത്ത് 20 മീറ്ററിൽ വേഗത 22.90 km/h, ശക്തി സാന്ദ്രത 324 $W/m^3$
- കഞ്ചിക്കോട്ട് 20 മീറ്ററിൽ വേഗത 22.60 km/h, ശക്തി സാന്ദ്രത 218 $W/m^2$
- നിലവിൽ പാലക്കാട് കഞ്ചിക്കോട് 2MW വിൻഡ് ഫാം.
- അട്ടപ്പാടിയിൽ 20MW, ഇടുക്കിയിൽ 20MW വീതം ശേഷിയുള്ള കാറ്റാടിപ്പാടം സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടന്നു വരുന്നു.




**അക്ഷയ ഊർജ്ജ സ്രോതസ്സുകൾ**

# 'സീറോ വാട്ട്' ബൾബാണോ 3000 W വാട്ടർ ഹീറ്ററാണോ കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നത്?





സീറോ വാട്ട് ബൾബ് എന്ന് മിക്കവരും ധരിച്ചുവെച്ചിരിക്കുന്ന കളർലാമ്പുകളുടെ യഥാർത്ഥ വാട്ടേജ് 15 മുതൽ 28 വാട്ട് വരെയാണ്. 15 വാട്ടിന്റെ ഒരു ബൾബ് ഒരുദിവസം മുഴുവൻ കത്തിച്ചിടുകയാണെങ്കിൽ രണ്ടുമാസത്തേക്ക് 21.6 യൂണിറ്റ് വൈദ്യുതി ചെലവാകും. എന്നാൽ ഇതിനുപകരം ഒരു വാട്ടിന്റെ LED ലാമ്പ് ഉപയോഗിക്കുകയാണെങ്കിൽ വൈദ്യുതി ഉപയോഗം ഒന്നര യൂണിറ്റായി കുറയ്ക്കാനാകും.

ഒരാൾക്ക് കുളിക്കാനുള്ള ചൂടുവെള്ളം കിട്ടാനായി 3000 W വാട്ടർ ഹീറ്റർ 5 മിനിട്ടോളം മാത്രം പ്രവർത്തിപ്പിച്ചാൽ മതി. ഇതിനായി ചിലവാകുന്ന വൈദ്യുതി 0.25 യൂണിറ്റാണ്. എന്നാൽ സീറോ വാട്ട് എന്നറിയപ്പെടുന്ന ഒരു 15 വാട്ട് കളർ ബൾബ് ഒരുദിവസം പൂർണ്ണമായി കത്തിച്ചിട്ടാൽ ചിലവാകുന്നത് 0.36 യൂണിറ്റാണ്. ഇതിൽനിന്നും എത്ര ശക്തികൂടിയ ഉപകരണമാണെങ്കിലും ശക്തികുറഞ്ഞവ ആണെങ്കിലും അവ ഉപയോഗിക്കുന്ന വൈദ്യുതിയുടെ അളവ് തീരുമാനിക്കുന്ന ഘടകം അതിന്റെ വാട്ടേജ് മാത്രമല്ല അത് പ്രവർത്തിപ്പിക്കുന്ന സമയവുമാണെന്ന് ബോദ്ധ്യമാണല്ലോ.

## വൈദ്യുതി ഉപയോഗം എത്ര യൂണിറ്റാണെന്ന് നിങ്ങൾക്കുതന്നെ കണ്ടുപിടിക്കാം!!!

എത്ര യൂണിറ്റ് വൈദ്യുതി ഉപയോഗിച്ചു എന്നു കണ്ടുപിടിക്കാൻ വൈദ്യുതോപകരണങ്ങളുടെ യഥാർത്ഥ വാട്ടേജും അവ ഓരോന്നും എത്ര മണിക്കൂർ വീതം പ്രവർത്തിക്കുന്നു എന്നും അറിയുകയേ വേണ്ടൂ. ഒരു ഉപകരണത്തിന്റെ വാട്ടേജിനെ പ്രവർത്തിച്ച മണിക്കൂർകൊണ്ട് ഗുണിച്ച് ആയിരം കൊണ്ട് ഹരിച്ചാൽ ആ ഉപകരണം ഉപയോഗിച്ച വൈദ്യുതിയുടെ അളവ് യൂണിറ്റിൽ (kWh) കിട്ടും.

ഉദാഹരണത്തിന് ഒരു 60 വാട്ട് ഫാൻ 5 മണിക്കൂർ പ്രവർത്തിച്ചാൽ ഉപയോഗിക്കുന്ന വൈദ്യുതി = 60 X 5 / 1000 = 0.3 യൂണിറ്റ്.

ഇതുപോലെ വീടുകളിലെ ഓരോ വൈദ്യുതോപകരണവും ഉപയോഗിക്കുന്ന വൈദ്യുതി കണ്ടുപിടിച്ച് ആകെ എത്ര യൂണിറ്റ് വൈദ്യുതി ഉപയോഗിച്ചു എന്നു കണക്കാക്കാം. നിങ്ങളുടെ വൈദ്യുത മീറ്ററിലെ റീഡിംഗുമായി ഇതു താരതമ്യപ്പെടുത്തി നോക്കുകയുമാവാം.

# ഗ്രാമങ്ങൾ ഇനി മുതൽ ടൂറിസ്റ്റുകളുടെയും സ്വപ്നഭൂമി




**പഞ്ചായത്ത് ന്യൂസ് സർവ്വീസ്**

ടൂറിസം സാദ്ധ്യതയുള്ള ഗ്രാമപ്രദേശങ്ങളുടെയും ടൂറിസം ഉല്പന്നങ്ങളുടെയും വികസനത്തിലൂടെ ഗ്രാമങ്ങളിൽ ടൂറിസം സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിനുള്ള 'എന്റെ ഗ്രാമം ടൂറിസം സൗഹൃദഗ്രാമം' എന്ന നൂതന പദ്ധതി മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ ജൂൺ 6–ന് തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരത്തിൽ വെച്ച് ഉദ്ഘാടനം ചെയ്തു. ആഭ്യന്തര/ ടൂറിസം വകുപ്പുമന്ത്രി കോടിയേരി ബാലകൃഷ്ണൻ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

ജനപങ്കാളിത്തത്തോടെയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയും നടപ്പിലാക്കുന്ന ഈ പദ്ധതി കേരളത്തിന്റെ തനതായ ഗ്രാമീണഭംഗി ടൂറിസ്റ്റുകൾക്ക് പരിചയപ്പെടുത്തുന്നതോടൊപ്പം ഗ്രാമങ്ങളിൽ കൂടുതൽ തൊഴിലവസരങ്ങളും സൃഷ്ടിക്കും. പ്രകൃതിരമണീയമായ സ്ഥലങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുക, വില്ലേജ് സ്ക്വയറുകൾ വിപുലമാക്കുക, ജലകായിക വിനോദങ്ങളും, ട്രെക്കിംഗും ഉൾപ്പെടെയുള്ള അഡ്വെഞ്ചർ ടൂറിസം വികസിപ്പിക്കുക, പൈതൃക പ്രാധാന്യമുള്ള പ്രദേശങ്ങളും വസ്തുവകയും സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുക, പുതിയ

### വികേന്ദ്രീകൃത ചെറുകിട വികസന പദ്ധതികൾ ആവശ്യം



**ടൂറിസം വികസനത്തിന് വമ്പൻ പദ്ധതികളല്ല മറിച്ച് വികേന്ദ്രീകൃത ചെറുകിട വികസന പദ്ധതികളാണ് ആവശ്യമെന്ന് മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ പദ്ധതി ഉദ്ഘാടനം ചെയ്യവേ പറഞ്ഞു. ടൂറിസം വികസനമെന്നാൽ വനം കൈയേറ്റവും കെട്ടിടങ്ങൾ പണിയലുമാണെന്നാണ് ചിലർ കരുതുന്നത്. മലകളും കായലുകളും നശിപ്പിച്ചു കഴിഞ്ഞാൽ പിന്നെ ഇവിടെ ടൂറിസ്റ്റു വരുമോ? ഇവിടുത്തെ കോൺക്രീറ്റ് സൗധങ്ങൾ കാണാനല്ല അവർ വരുന്നതെന്നു നാം തിരിച്ചറിയണം. കേരളം ആഭ്യന്തര ടൂറിസത്തിലാണ് ഊന്നേണ്ടത്. നമ്മുടെ നാട്ടിലെ വിസ്മയക്കാഴ്ചകൾ നമ്മൾ തന്നെ കാണണം, അദ്ദേഹം പറഞ്ഞു.**

### ടൂറിസത്തെ ജനകീയ വല്ക്കരിക്കുക ലക്ഷ്യം



**അധികാരവികേന്ദ്രീകരണത്തിന്റെയും വികേന്ദ്രീകൃതാസൂത്രണത്തിന്റെയും പശ്ചാത്തലത്തിൽ തദ്ദേശസ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ടൂറിസത്തെ ജനകീയവല്ക്കരിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യമെന്ന് ചടങ്ങിൽ അദ്ധ്യക്ഷനായിരുന്ന ടൂറിസം വകുപ്പ് മന്ത്രി കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു. ഓരോ പ്രദേശത്തേയും ടൂറിസം കേന്ദ്രങ്ങൾ സംരക്ഷിക്കുന്നത് തദ്ദേശവാസികളുടെ ഉത്തരവാദിത്തമായി മാറണം. ഓരോ ജില്ലയിൽ നിന്നും പത്ത് തദ്ദേശ ഭരണ സ്ഥാപനങ്ങളെ വീതം പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുക്കും. അതുവഴി സംസ്ഥാനത്ത് ചുരുങ്ങിയത് 140 ഗ്രാമങ്ങളെങ്കിലും ടൂറിസം സൗഹൃദഗ്രാമമായി മാറുമെന്ന് അദ്ദേഹം പറഞ്ഞു.**

ടൂറിസം ഉല്പന്നങ്ങളെ പരിചയപ്പെടുത്തുക, പരമ്പരാഗത വ്യവസായങ്ങളും കാർഷികാടിസ്ഥാനത്തിലുള്ള ടൂറിസം ഉല്പന്നങ്ങളും പരിപോഷിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് പദ്ധതി മുന്നോട്ടുവയ്ക്കുന്നത്.

ടൂറിസം വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സംയുക്ത സംരംഭമായ പദ്ധതിയുടെ നിർവ്വഹണം നടത്തുന്ന ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും വർഷത്തിൽ ഒരു പദ്ധതിക്കായിരിക്കും അനുമതി നൽകുക. പദ്ധതി ചെലവിന്റെ 50% തുകയോ പരമാവധി 10 ലക്ഷം രൂപയോ സാമ്പത്തിക സഹായം ലഭിക്കും. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഖര-ദ്രവമാലിന്യ സംസ്കരണത്തിനും ശുചിത്വ പരിപാലനത്തിനും സംവിധാനം ഏർപ്പെടുത്തിയിട്ടുള്ള പദ്ധതികൾ മാത്രമേ പരിഗണനയ്ക്കായി തെരഞ്ഞെടുക്കുകയുള്ളു. ഗതാഗത സൗകര്യങ്ങൾക്കും, ഭൂമി ഏറ്റെടുക്കുന്നതിനുമുള്ള പദ്ധതികളും, പുതിയ തസ്തികകൾ ആവശ്യമുള്ള പദ്ധതികളും പരിഗണിക്കുന്നതല്ല. ജില്ലാ ആസൂത്രണ സമിതികൾ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ തയ്യാറാക്കി നൽകുന്ന പദ്ധതികളുടെ മുൻഗണനാക്രമം നിശ്ചയിച്ച് സംസ്ഥാനതല കമ്മിറ്റിക്ക് നൽകും. ടൂറിസം സെക്രട്ടറി അദ്ധ്യക്ഷനും, തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി, പഞ്ചായത്ത് മുനിസിപ്പൽ ഡയറക്ടർമാർ, ചീഫ് ടൗൺ പ്ലാനർ, സംസ്ഥാന പ്ലാനിംഗ് ബോർഡിലെ അടിസ്ഥാനസൗകര്യ വിഭാഗം ചീഫ് എന്നിവർ അംഗങ്ങളായും ടൂറിസം ഡയറക്ടർ കൺവീനറുമായ സംസ്ഥാനതല കമ്മിറ്റിയായിരിക്കും പദ്ധതികൾക്ക് അനുമതി നൽകുക.

എന്റെ ഗ്രാമം,
ടൂറിസം സൗഹൃദ ഗ്രാമം

പദ്ധതിയുടെ ലോഗോ മേയർ സി. ജയൻ ബാബു മുഖ്യമന്ത്രിക്ക് നൽകി പ്രകാശനം ചെയ്തു. വി. ശിവൻകുട്ടി എം.എൽ.എ, ജില്ലാ കളക്ടർ എൻ. അയ്യപ്പൻ, കെ.ടി.ഡി.സി ചെയർമാൻ ചെറിയാൻ ഫിലിപ്പ്, മാനേജിംഗ് ഡയറക്ടർ കെ.ജി മോഹൻലാൽ, ടൂറിസം സെക്രട്ടറി ഡോ. വി. വേണു, ടൂറിസം ഡയറക്ടർ സഞ്ജയ്കൗൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. •



*കണ്ണാടി ഗ്രാമപഞ്ചായത്തിനെ സംസ്ഥാനത്തെ ആദ്യസമ്പൂർണ്ണ വൈദ്യുതീകൃത ഗ്രാമപഞ്ചായത്തായി മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ പ്രഖ്യാപിക്കുന്നു. വൈദ്യുതിവകുപ്പ് മന്ത്രി എ.കെ. ബാലൻ, എസ്. അജയകുമാർ എം.പി, പഞ്ചായത്ത് പ്രസിഡന്റ് എസ്. രാധാകൃഷ്ണൻ തുടങ്ങിയവർ സമീപം*

# കണ്ണാടി

## സംസ്ഥാനത്തെ ആദ്യ സമ്പൂർണ്ണ വൈദ്യുതീകൃത ഗ്രാമപഞ്ചായത്ത്

**പാ**ലക്കാട് ജില്ലയിലെ കണ്ണാടി ഗ്രാമപഞ്ചായത്ത് സംസ്ഥാനത്ത് സമ്പൂർണ്ണമായി വൈദ്യുതീകരിക്കപ്പെട്ട ആദ്യ ഗ്രാമപഞ്ചായത്തായി. പാത്തിക്കലിൽ നിറഞ്ഞ ജനാവലിയെ സാക്ഷി നിർത്തി ഇതിന്റെ ഔദ്യോഗിക പ്രഖ്യാപനം മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ നിർവ്വഹിച്ചു. പുതുതായി വൈദ്യുതി എത്തിച്ച 746 വീടുകൾ ഉൾപ്പെടെ പഞ്ചായത്തിലെ എല്ലാ വീടുകളിലും വൈദ്യുതി എത്തിയതായി ചടങ്ങിൽ പ്രഖ്യാപിച്ചു. വൈദ്യുതി വകുപ്പ് മന്ത്രി എ.കെ. ബാലൻ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ 250 വീടുകൾക്ക് വൈദ്യുതീകരണത്തിനുള്ള ധനസഹായവിതരണം എസ്. അജയകുമാർ എം.പി. നിർവഹിച്ചു.

കുഴൽമന്ദം, കൊടുവായൂർ, പുതുനഗരം, സുൽത്താൻ പേട്ട, മേലാമുറി, ബിഗ്ബസാർ സെക്ഷനുകളിൽ നിന്നും ഇലക്ട്രിസിറ്റി ബോർഡ് അനുവദിച്ച 20 ലക്ഷം രൂപയും, സ്ട്രീറ്റ് മെയിൻ വലിക്കുന്നതിനും, ട്യൂബ് ലൈറ്റ് സ്ഥാപിക്കുന്നതിനും ജില്ലാ പഞ്ചായത്ത് അനുവദിച്ച 6.5 ലക്ഷം രൂപയും ഗ്രാമപഞ്ചായത്ത് അനുവദിച്ച 13.5 ലക്ഷം രൂപയും ചേർത്ത് ആകെ 40 ലക്ഷം രൂപയാണ് പദ്ധതിക്കു വേണ്ടി ചെലവായത്. *(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)*

**സുഭാഷ്ചന്ദ്രബോസിന്റെ നീർത്തടാധിഷ്ഠിത വികസനത്തെക്കുറിച്ചും, ഉദയഭാനു കണ്ടേത്തിന്റെ പഞ്ചായത്ത് അക്കൗണ്ടിനെക്കുറിച്ചുമുള്ള ലേഖന പരമ്പരകൾ സ്ഥലപരിമിതിമൂലം ഈ ലക്കത്തിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.**
**എഡിറ്റർ**

**കേരളത്തിലെ മുൻസിപ്പാലിറ്റികളിൽ നിലനിന്നുവരുന്ന മുൻസിപ്പൽ കെട്ടിടനിർമ്മാണ ചട്ടങ്ങൾ പഞ്ചായത്തുകളിലാകമാനവും ബാധകമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു കഴിഞ്ഞു. ആ ചട്ടത്തിലെ ചില പ്രസക്ത വിവരങ്ങൾ സാധാരണ പഞ്ചായത്ത് അംഗത്തിനു മനസ്സിലാകും വിധം ലളിതവൽക്കരിച്ചു തയ്യാറാക്കുകയാണ് ഈ കുറിപ്പിന്റെ ഉദ്ദേശം. നിയമപരമായ കാര്യങ്ങൾക്ക് ആ ചട്ടങ്ങൾ തന്നെ ആധാരമാക്കണം. സ്ഥലപരിമിതിമൂലം പലതും വിട്ടു കളഞ്ഞിട്ടുണ്ട്. കേരള മുൻസിപ്പൽ ബിൽഡിങ്ങ് റൂൾസ് 1999 ലേക്കുള്ള ഒരു പഠന പ്രവേശിക മാത്രമായി ഈ കുറിപ്പിനെ പരിഗണിക്കണം. തയ്യാറാക്കിയത് കില ലൈബ്രേറിയൻ കെ. രാജശേഖരൻ.**

# പഞ്ചായത്ത് പ്രദേശങ്ങളിലും ബാധകമാക്കിയ കെട്ടിട നിർമ്മാണ ചട്ടങ്ങൾ: ഒരു സംക്ഷിപ്തം

### 1. ആമുഖം

നിർമ്മിക്കാനുദ്ദേശിക്കുന്ന ഏതെങ്കിലും കെട്ടിടം ആ പ്രദേശത്തെ റോഡുകളുടെ ഭാവി വികസനത്തിനും മറ്റ് അയൽവാസികൾക്കും ശല്യമാകാതിരിക്കാനും അതിൽ ജീവിക്കേണ്ടി വരുന്നവരുടെ ആരോഗ്യത്തിന് ഹാനികരമാകാതിരിയ്ക്കാനുമാണ് ഗ്രാമ പഞ്ചായത്തുകളിൽ കൂടി കെട്ടിട നിർമ്മാണം നിയന്ത്രിക്കുന്നത്. 2007 ജൂൺ 6 മുതൽ സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തു (കന്റോൺമെന്റുകളും വ്യവസായ പ്രദേശങ്ങളും ഒഴികെ) കളിലും കേരള മുൻസിപ്പൽ ബിൽഡിങ്ങ് റൂൾസും കെട്ടിട നിർമ്മാണ സംബന്ധമായ കേരള മുൻസിപ്പൽ നിയമത്തിലെ എല്ലാ വ്യവസ്ഥകളും ബാധകമാക്കി സർക്കാർ വിജ്ഞാപനം പ്രസിദ്ധീകരിച്ചു കഴിഞ്ഞു. മുൻസിപ്പൽ പ്രദേശത്ത് കേരള മുൻസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ എങ്ങനെ ബാധകമാകുമോ അതേ രീതിയിൽ അതിന്റെ സാരാംശത്തെ ബാധിക്കാത്ത മാറ്റങ്ങളോടു കൂടി പഞ്ചായത്തു പ്രദേശത്തും ഇനി മുതൽ ആ ചട്ടങ്ങളിലെ വ്യവസ്ഥകൾ ബാധകമായിരിക്കും. രൂപപ്പെട്ടു വരുന്ന കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രസിദ്ധീകൃതമാകുമ്പോൾ അതായിരിക്കും പഞ്ചായത്ത് പ്രദേശത്ത് ബാധകമാവുക.

### 2. കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്തിനൊക്കെ ബാധകമാകും?

ഏതെങ്കിലും ഭൂമിയിൽ കെട്ടിട നിർമ്മാണം ഉൾപ്പെടെ എന്തെങ്കിലും വികസനമോ പുനർവികസനമോ നടത്തുമ്പോഴും പുതുതായി ഒരു കെട്ടിടം രൂപകല്പനയും നിർമ്മാണവും നടത്തുമ്പോഴും കെട്ടിടത്തിന്റെ പണിയിൽ മാറ്റം വരുത്തുമ്പോഴും കെട്ടിടത്തിലെ അധിവാസ (oocupancy) ത്തിലോ ഉപയോഗരീതിയിലോ മാറ്റം വരുത്തുമ്പോഴും കൂട്ടി ചേർക്കലോ വിപുലീകരണമോ നടത്തുമ്പോഴും കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിക്കേണ്ടതായി വരും.

മുൻസിപ്പൽ-ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ അതതു മുൻസിപ്പൽ-ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ അനുവാദം ഇല്ലാതെ ഏതെങ്കിലും ഭൂഭാഗം വികസിപ്പിക്കാനോ പുനർ വികസിപ്പിക്കാനോ അതിൽ കെട്ടിടം നിർമ്മിക്കാനോ പുതുക്കി പണിയാനോ ആ ഭൂമിയിൽ എന്തെങ്കിലും മാറ്റം വരുത്താനോ പാടില്ല. ഏതെങ്കിലും ഭൂമിയിൽ എന്തെങ്കിലും മാറ്റം വരുത്താനോ കെട്ടിടം പണിയാനോ താല്പര്യമുള്ളവർ മുൻസിപ്പൽ-ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ഡെവലെപ്പ്മെന്റ് പെർമിറ്റും സൈറ്റിന്റെയും സൈറ്റ് പ്ലാനിന്റെയും അംഗീകാരവും കെട്ടിടനിർമ്മാണ അനുവാദവും വാങ്ങിയിരിക്കണം. കിണർ കുഴിയ്ക്കുന്നതിനും റോഡരുകിൽ മതിൽ പണിയുന്നതിനും അനുവാദം വേണം.

### 3. ഡെവലെപ്പ്മെന്റ് (വികസന) പെർമിറ്റ്

മുൻസിപ്പൽ/ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ഏതെങ്കിലും ഭൂമിയിൽ എന്തെങ്കിലും വികസനമോ പുനർ വികസനമോ നടത്തുന്നതിനു മുമ്പ് മുൻസിപ്പൽ/ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഡെവലെപ്പ്മെന്റ് പെർമിറ്റ് വാങ്ങേണ്ടതാണ്. ആ ഭൂമിയിൽ വീടുനിർമ്മാണം ഉൾപ്പെടെ എന്തു മാറ്റം വരുത്തുന്നതിനും ഡെവലെപ്പ്മെന്റ് പെർമിറ്റ് വാങ്ങണം. ഭൂവികസനമെന്നത് ഭൂമി നികത്തുന്നതും ഭൂമിയുടെ മുൻപുണ്ടായിരുന്ന ഉപയോഗം മാറ്റലും താമസത്തിനായി ഭൂമി വിഭജിച്ചെടുക്കലും നിലത്തിന്റെ പരിവർത്തനവും മറ്റ് ഉപയോഗങ്ങൾക്കു വിധേയമാക്കലും ഉൾപ്പെടും. നിലം നികത്തുന്നതിനു അനുമതി നല്കുമ്പോൾ കേരള ലാന്റ് യൂട്ടിലൈസേഷൻ ഓഡറും പാലിക്കേണ്ടതാണ്.

ഡെവലപ്മെന്റ് പെർമിറ്റിനായി നിശ്ചിത ഫോറത്തിൽ (അപ്പെന്റിക്സ് AA) അപേക്ഷിക്കണം. അപേക്ഷയോടൊപ്പം ലൊക്കേഷൻ പ്ലാൻ, സൈറ്റ് പ്ലാൻ, സർവ്വീസ് പ്ലാൻ, മറ്റ് ആവശ്യമായ വിവരങ്ങൾ എന്നിവയുടെ രണ്ടുകോപ്പികളും ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖയും കരമടച്ച രസീതും അപേക്ഷാഫീസും അംഗീകൃത എൻജിനീയറുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കോപ്പിയും ഫീസ് ഒടുക്കിയ രേഖയും ഉണ്ടായിരിക്കണം.

***3.1 സൈറ്റ് പ്ലാനിൽ എന്തൊക്കെ വേണം?***

ഡെവലെപ്പ്മെന്റ് പെർമിറ്റിനുള്ള അപേക്ഷയോടൊപ്പമുള്ള സൈറ്റ് പ്ലാനിൽ പ്ലോട്ടിന്റെ അതിരുകളും സർവ്വേ വിശദാംശങ്ങളും അടുത്ത തെരുവും അതിന്റെ പ്രവേശന മാർഗ്ഗത്തിന്റെ സ്ഥിതിയും ആ തെരുവിന്റെ പേരും വീതിയും പ്ലോട്ടിലെ നിലവിലുള്ള സ്ഥിതിയും കാൽപ്പാതകളും സൈറ്റിലോ സൈറ്റിനരികിലോ അവസാനിക്കുന്ന വഴിയുടെ ലേ ഔട്ടും പ്ലോട്ട് സബ്ബ് ഡിവിഷനുകളുടെ ഉപയോഗങ്ങളും ഓരോ സബ്ഡിവിഷനിലേക്കുമുള്ള പ്രവേശന മാർഗ്ഗം, സർവ്വീസ് ലേഔട്ടുകളും, പ്ലോട്ടിലെ വികസന യോഗ്യമല്ലാത്ത ഭൂമിയുടെ സ്ഥാനം, വികസനത്തിനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ പ്രദേശവും സ്ഥാനവും, സൈറ്റുമായി ബന്ധപ്പെട്ട വടക്കു ദിശ, സൈറ്റിന്റെ ഭൂപ്രദേശ പരിധി രേഖയും സെക്രട്ടറിയ്ക്ക് ആവശ്യമായ മറ്റ് രേഖകളും വേണം.

***3.2 സർവ്വീസ് പ്ലാനിൽ എന്തൊക്കെ വേണം?***

സർവ്വീസ് പ്ലാനിൽ പ്ലോട്ടിലെ സബ്ബ് ഡിവിഷന്റെ ഉപയോഗങ്ങളും കണക്ഷൻ എടുക്കാവുന്ന ജലവിതരണ വൈദ്യുതി ഡ്രെയിനേജ് സീവറേജ് ലേ ഔട്ടുകളും പ്ലോട്ടിനുള്ളിലെ അത്തരം സംവിധാനങ്ങളും സെക്രട്ടറിയ്ക്ക് ആവശ്യമായ മറ്റ് വിവരങ്ങളും ഉണ്ടാകണം.

അപേക്ഷയും അനുബന്ധ വിവരങ്ങളും വിശദമായി പരിശോധിച്ച ശേഷം സെക്രട്ടറി ഡവലപ്പ്മെന്റ് പെർമിറ്റ് (അപ്പെന്റിക്സ് B യിൽ) നല്കേണ്ടതാണ്. ഉടമസ്ഥനു ലഭിച്ച പെർമിറ്റ് പ്രകാരം ഭൂവികസനം നടത്തിയ ശേഷം ഒരു പൂർത്തീകരണ സർട്ടിഫിക്കറ്റ് സെക്രട്ടറിയ്ക്ക് സമർപ്പിക്കണം. പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിച്ച് 15 ദിവസത്തിനുള്ളിൽ സെക്രട്ടറി ഒരു വികസന സർട്ടിഫിക്കറ്റ് നല്കേണ്ടതാണ്. അങ്ങനെ 15 ദിവസത്തിനുള്ളിൽ വികസന സർട്ടിഫിക്കറ്റ് ലഭിക്കുന്നില്ലെങ്കിൽ അങ്ങനെ വികസന സർട്ടിഫിക്കറ്റ് ലഭിച്ചുവെന്നു കരുതി തുടർപ്രവർത്തനങ്ങൾ ഉടമയ്ക്ക് സ്വീകരിക്കാം.

**4. ബിൽഡിങ്ങ് പെർമിറ്റ് (കെട്ടിടനിർമ്മാണ അനുവാദം)**

കെട്ടിടനിർമ്മാണ അനുമതിയ്ക്കായി നിശ്ചിതഫോറ (അപ്പെന്റിക്സ് A) ത്തിൽ ഏതൊരാളും ബന്ധപ്പെട്ട സെക്രട്ടറിക്ക് അപേക്ഷ സമർപ്പിക്കണം. അപേക്ഷയോടൊപ്പം കെട്ടിടത്തിന്റെ പ്ലാൻ, ലൊക്കേഷൻ പ്ലാൻ, സൈറ്റ് പ്ലാൻ, പാർക്കിംഗ് പ്ലാൻ, മറ്റു വ്യവസ്ഥകൾ സംബന്ധിച്ച പട്ടികകൾ എന്നിവയുടെ രണ്ടു കോപ്പികൾ, ഉടമസ്ഥത തെളിയിക്കുന്ന രേഖ, കരമടച്ച രസീത്, അപേക്ഷാഫീസ്, പ്ലാൻ തയ്യാറാക്കിയ എൻജിനീയറുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കോപ്പി എന്നിവയും ഉണ്ടാകണം.

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ചില വകുപ്പുകൾക്കു വേണ്ടിയുള്ള കെട്ടിടങ്ങൾ പണിയുന്നതിനുള്ള പ്ലാനുകൾ സെക്രട്ടറിക്ക് സമർപ്പിക്കണമെന്നേയുള്ളൂ. അനുവാദം ആവശ്യമില്ല. ഏതൊരാളും കെട്ടിടത്തിൽ നടത്തുന്ന മൂല്യവർദ്ധനയില്ലാത്ത ചില നിസ്സാര പുനർനിർമ്മാണങ്ങൾക്കും അനുവാദം ആവശ്യമില്ല.

***4.1 സൈറ്റ് പ്ലാനിൽ എന്തൊക്കെ വേണം?***

ബിൽഡിങ്ങ് പെർമിറ്റിനുള്ള അപേക്ഷയോടൊപ്പം വയ്ക്കുന്ന സൈറ്റ് പ്ലാനിൽ സ്ഥലത്തിന്റെ അതിരുകൾ, തൊട്ടടുത്തുള്ള റോഡിന്റെ സ്ഥാനം, പ്ലോട്ടിനടുത്തുള്ള വഴിയുടെ പേരും വീതിയും, പ്ലോട്ടിൽ നിലനില്ക്കുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ, വഴിയുടെ അരികിലാണ് പ്ലോട്ട് എങ്കിൽ വഴിയുടെ വീതി, കെട്ടിടത്തിനു മുൻപിൽ ഉണ്ടാകാവുന്ന സ്ഥലം, വായുവും വെളിച്ചവും കടന്നു പോകാവുന്ന തരത്തിൽ കെട്ടിടത്തിനു ചുറ്റും നിലനിർത്തിയിട്ടുള്ള സ്ഥലം, പൂന്തോട്ടത്തിനായി നീക്കിവെച്ച സ്ഥലം, കന്നുകാലിപ്പുര, കിണർ, കക്കൂസ് തുടങ്ങിയ അനുബന്ധ കെട്ടിടങ്ങൾ, സൈറ്റിന്റെ വടക്കു ദിശ തുടങ്ങിയ വിവരങ്ങൾ 1:400 ൽ കുറയാത്ത അളവിൽ തയ്യാറാക്കി ഉൾപ്പെടുത്തിയിരിക്കണം.

***4.2 കെട്ടിടത്തിന്റെ പ്ലാനിൽ എന്തു വേണം?***

കെട്ടിടത്തിന്റെ എല്ലാ നിലകളുടെയും പ്ലാനുകളും ആ ഫ്ളോർ പ്ലാനിൽ മുറികളുടെ വലിപ്പം, കയറ്റുപടിയുടെയും, ലിഫ്റ്റിന്റെയും, കിണറിന്റെയും മറ്റും സ്ഥാനം, കെട്ടിടത്തിന്റെ എല്ലാ സ്ഥലത്തിന്റെയും ഉപയോഗരീതി, ക്ലോസറ്റ്, സിങ്ക്, കുളിമുറി തുടങ്ങിയവയുടെ സ്ഥാനം, മുറികളുടെ ഉയരം, പാരപ്പെറ്റിന്റെ കനം, കെട്ടിടത്തിൽ ഉന്തി നില്ക്കുന്ന ഘടകങ്ങളുടെ അളവുകൾ, ടെറസ്സിന്റെ പ്ലാൻ, ജലം ഒലിച്ചുപോകാനുള്ള പദ്ധതിയും അതിനുള്ള ചരിവും, കെട്ടിടത്തിന്റെ ഫ്ളോർ ഏരിയ, കാർപ്പറ്റ് ഏരിയ, വടക്കു ദിശ എന്നിവയും 1:100 അളവിൽ തയ്യാറാക്കിയ പ്ലാനിൽ രേഖപ്പെടുത്തിയിരിക്കണം.

***4.3 സർവ്വീസ് പ്ലാനിൽ എന്തു വേണം?***

സർവ്വീസ് പ്ലാനിൽ സ്വകാര്യ ജലവിതരണ അഴുക്കു നിർമ്മാർജ്ജന സംവിധാനങ്ങളുടെ വിവരങ്ങൾ ഉണ്ടാകണം.

***4.4 പാർക്കിങ്ങ് പ്ലാനിൽ എന്ത് വേണം?***

പാർക്കിങ്ങിന് സ്ഥലം ഉൾപ്പെടുത്തുന്നുവെങ്കിൽ പാർക്കിങ്ങ് പ്ലാൻ സൈറ്റ് പ്ലാനിന്റെ അളവിൽ കുറയാത്ത അളവിൽ തയ്യാറാക്കുകയും പാർക്കിങ്ങിന് നീക്കിവെച്ചിരിക്കുന്ന സ്ഥലത്തിന്റെ വിവരങ്ങൾ ഉൾപ്പെടുത്തിയിരിക്കുകയും വേണം.

***4.5 മറ്റു നിബന്ധനകൾ***

എല്ലാ പ്ലാനുകളും രജിസ്റ്റേർഡ് എൻജിനീയർ ഒപ്പിട്ട് സാക്ഷ്യപ്പെടുത്തിയവ ആയിരിക്കണം.

ഒന്നിലധികം പേർക്കാണ് സ്ഥലമെങ്കിൽ എല്ലാവരുടെയും ഒപ്പിട്ട കൂട്ടായ അപേക്ഷ സമർപ്പിക്കണം. നിയമപരമായി അധികാരപ്പെടുത്തിയ ആൾക്കും അപേക്ഷ സമർപ്പിക്കാം.

## 5. അപേക്ഷയിൽ അനുവാദം നൽകുന്ന രീതി

അപേക്ഷ ലഭിച്ചു കഴിഞ്ഞാൽ സെക്രട്ടറി, സ്ഥലം സന്ദർശിക്കുകയും പ്ലാനുകളും രേഖകളും പരിശോധിക്കുകയും ചെയ്ത ശേഷം നൽകിയ വിവരങ്ങൾ നിയമങ്ങൾക്ക് അനുസരിച്ചാണെന്നു ബോധ്യം വന്നാൽ സൈറ്റും സൈറ്റ് പ്ലാനും അംഗീകരിക്കും. അതിനുശേഷം സെക്രട്ടറി കെട്ടിടത്തിന്റെ പ്ലാൻ, എലിവേഷൻ, കെട്ടിടത്തിന്റെ ഭാഗങ്ങൾ എന്നിവ നിയമാനുസൃതമാണോ എന്നു പരിശോധിച്ച് കെട്ടിടം നിർമ്മിക്കാനുള്ള അനുവാദം (അപ്പെന്റിക്സ് C യിൽ) രേഖാമൂലം നൽകും.

അപേക്ഷയിൽ എന്തെങ്കിലും ഭേദഗതി വരുത്തേണ്ടതോ കൂടുതൽ രേഖകളോടെ സമർപ്പിക്കേണ്ടതോ ഉണ്ടെങ്കിൽ ആ വിവരം 10 ദിവസങ്ങൾക്കുള്ളിൽ അപേക്ഷകനെ സെക്രട്ടറി രേഖാമൂലം അറിയിക്കണം. അപേക്ഷയും രേഖകളും സ്ഥലവും പരിശോധിച്ച ശേഷം അനുവാദം നൽകാവുന്നതല്ലെങ്കിൽ, സെക്രട്ടറി

അനുവാദം നിഷേധിച്ചുകൊണ്ടുള്ള കത്ത്, നിഷേധിക്കാനുള്ള കാരണങ്ങൾ സഹിതം രേഖാമൂലം അപേക്ഷകനു നൽകണം.

***5.1 എന്തൊക്കെ കാരണങ്ങളാൽ അനുവാദം നിഷേധിക്കാം?***

അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള കാര്യങ്ങൾ കെട്ടിട നിർമ്മാണ സംബന്ധമായ ഏതെങ്കിലും നിയമങ്ങളുടെയോ ചട്ടങ്ങളുടെയോ വ്യവസ്ഥകൾ ലംഘിച്ചിട്ടുണ്ടെങ്കിലോ, അപേക്ഷയിൽ ആവശ്യമായ എല്ലാ വിവരങ്ങളും രേഖകളും സമർപ്പിച്ചിട്ടില്ലെങ്കിലോ, വേണ്ട രീതിയിലല്ല തയ്യാറാക്കിയതെങ്കിലോ, അംഗീകൃത എൻജിനീയർ പ്ലാനുകളിൽ ഒപ്പ് വച്ചിട്ടില്ലെങ്കിലോ, സെക്രട്ടറി ആവശ്യപ്പെട്ട ഏതെങ്കിലും നിയമപരമായ വിവരങ്ങൾ നല്കിയിട്ടില്ലെങ്കിലോ, കെട്ടിട സ്ഥലത്തു നിന്നും പൊതുവഴിയിലേക്ക് വഴി ഇല്ലെങ്കിലോ, കെട്ടിടം നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലം സർക്കാരിന്റെയോ മറ്റോ പൊതുസ്ഥലം ആണെങ്കിലോ, സർക്കാരിന്റെ സ്ഥലമെടുക്കൽ നടപടികളിൽ ഉൾപ്പെടുന്ന സ്ഥല ത്താണ് കെട്ടിടം നിർമ്മിക്കാനുദ്ദേശിക്കുന്നതെങ്കിലോ സെക്രട്ടറിക്ക് അനുവാദം നിഷേധിക്കാം.

***5.2 എത്ര ദിവസങ്ങൾക്കുള്ളിൽ അപേക്ഷ അംഗീകരിക്കണം?***

സെക്രട്ടറി അപേക്ഷ ലഭിച്ച ശേഷമോ, ആവശ്യപ്പെട്ട കൂടുതൽ വിവരങ്ങൾ ലഭിച്ച ശേഷമോ 30 ദിവസത്തിനുള്ളിൽ സൈറ്റ് പ്ലാൻ അനുവദിച്ചു നൽകുകയോ കാരണങ്ങൾ രേഖപ്പെടുത്തി അനുവാദം നിഷേധിക്കുകയോ വേണം.

സൈറ്റ് പ്ലാൻ അനുവദിച്ച് നൽകിയ ശേഷം കെട്ടിട നിർമ്മാണ നിർവ്വഹണത്തിനുള്ള അപേക്ഷ സമർപ്പിച്ച് അല്ലെങ്കിൽ ആവശ്യമായ അനുബന്ധ വിവരങ്ങൾ നൽകിയതിനു ശേഷം 30 ദിവസത്തിനുള്ളിൽ കെട്ടിട നിർമ്മാണം നടത്താനുള്ള അനുവാദം സെക്രട്ടറി നൽകണം. അതായത് കൃത്യമായ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിൽ 30 ദിവസത്തിനുള്ളിൽ സൈറ്റ്പ്ലാനും തുടർന്നുള്ള 30 ദിവസത്തിൽ ബിൽഡിങ്ങ് പ്ലാനും അംഗീകരിച്ചു നൽകണം.

## 6. സെക്രട്ടറി അനുവാദം നൽകുന്നില്ലെങ്കിൽ ഗ്രാമപഞ്ചായത്ത് അനുവാദം നൽകണം

ശരിയായ അപേക്ഷ സെക്രട്ടറിയ്ക്ക് ലഭിച്ച ശേഷം 30 ദിവസങ്ങൾക്കുള്ളിൽ സൈറ്റ് പ്ലാനോ ബിൽഡിങ്ങ് പ്ലാനോ, സെക്രട്ടറി അംഗീകരിക്കുന്നില്ലെങ്കിൽ അപേക്ഷകന്റെ രേഖാമൂലമുള്ള അപേക്ഷ അനുസരിച്ച് മുൻസിപ്പൽ കൗൺസിൽ/ഗ്രാമപഞ്ചായത്ത് സൈറ്റ് പ്ലാനും ബിൽഡിങ്ങ് പ്ലാനും അംഗീകരിച്ചു നൽകാവുന്നതാണോ അല്ലയോ എന്ന് അടുത്ത 30 ദിവസങ്ങൾക്കുള്ളിൽ തീരുമാനിക്കാൻ ബാധ്യസ്ഥമാണ്. നിയമങ്ങൾക്കും വ്യവസ്ഥകൾക്കും അനുസൃതമായ അപേക്ഷയും പ്ലാനുകളും മാത്രമേ കൗൺസിൽ/ഗ്രാമപഞ്ചായത്ത് അനുവദിക്കാവൂ. അങ്ങനെയാണെങ്കിൽ അനുവദിച്ചു നൽകുകയും വേണം.

അങ്ങനെ കൗൺസിൽ/ഗ്രാമ പഞ്ചായത്ത് 30 ദിവസങ്ങൾക്കുള്ളിൽ തീരുമാനമെടുക്കുന്നില്ലെങ്കിൽ അപേക്ഷകന് അംഗീകാരം ലഭിച്ചുവെന്നു കരുതി നിയമങ്ങൾ എല്ലാം പാലിച്ചുകൊണ്ട് കെട്ടിട നിർമ്മാണം നടത്താം. ആ കെട്ടിടനിർമ്മാണം നടത്തുന്നത് നിയമങ്ങൾ എല്ലാം അനുസരിച്ചാണെങ്കിൽ അതിനെ അംഗീകൃത കെട്ടിട നിർമ്മാണമായി കണക്കാക്കുകയും ചെയ്യും. ആർക്കും തടയാൻ പോലും അധികാരമില്ല.

കെട്ടിടനിർമ്മാണ അനുവാദത്തിന് സാധാരണഗതിയിൽ മൂന്നു വർഷത്തെ കാലദൈർഘ്യമാണുള്ളത്. അനുവാദം തീരുന്ന തീയതിക്കു മുമ്പാണെങ്കിൽ മൂന്നുവർഷം വീതം രണ്ടുപ്രാവശ്യം അവ അപേക്ഷ നൽകി നിർമ്മാണ കാലയളവ് നീട്ടാവുന്നതാണ്. അനുവാദം അവസാനിച്ച് ഒരു വർഷത്തിനു ശേഷമാണ് അപേക്ഷിക്കുന്നതെങ്കിൽ മൂന്നുവർഷ കാലയളവിലേക്ക് ഒരിക്കൽ മാത്രം പുതുക്കാവുന്നതാണ്.

## 7. നിർമ്മിക്കുമ്പോൾ ഏതെങ്കിലും മാറ്റം വരുത്തണമെങ്കിൽ പുതുക്കിയ അനുവാദം തേടണം

കെട്ടിടനിർമ്മാണം നടന്നു കൊണ്ടിരിക്കുമ്പോൾ ഉടമസ്ഥൻ കെട്ടിടത്തിന്റെ പ്ലാനിൽ എന്തെങ്കിലും വ്യതിയാനം വരുത്തുന്നുവെങ്കിൽ, വ്യതിയാനം രേഖപ്പെടുത്തിയ പ്ലാനുകളുമായി പുതിയ അപേക്ഷസമർപ്പിച്ച് പുതുക്കിയ കെട്ടിടനിർമ്മാണ അനുവാദം വാങ്ങണം. ഈ ചട്ടങ്ങളിലെ വ്യവസ്ഥകൾ ലംഘിക്കാത്ത നിസ്സാര മാറ്റങ്ങൾക്ക് പുതുക്കിയ അനുവാദം വാങ്ങേണ്ടതില്ല. കെട്ടിടത്തിന്റെ മൂല്യം വർദ്ധിപ്പിക്കാതെ അതിനെ അതേപടി നിലനിർത്തിക്കൊണ്ട് അതേ സ്വഭാവവും മൂല്യവുമുള്ള വസ്തുക്കൾ ഉപയോഗിച്ചുകൊണ്ട് അതിന്റെ സ്ഥാനവും അളവുകളും മാറ്റാതെ അറ്റകുറ്റപ്പണികൾ നടത്താൻ ഉടമസ്ഥന് അവകാശമുണ്ട്.

സെക്രട്ടറിയുടെ അനുവാദം ഇല്ലാതെയും ചട്ടങ്ങൾക്ക് വിരുദ്ധമായും ഗൗരവമായ മാറ്റങ്ങൾ വരുത്തിയാൽ, സെക്രട്ടറി ആ നിർമ്മാണ പണികൾ അംഗീകൃത പ്ലാനിനും ചട്ടങ്ങൾക്കും അനുസൃതമായി മാറ്റണമെന്നും, മാറ്റുന്നില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ അറിയിക്കണമെന്നും കാണിച്ച് നോട്ടീസ് നൽകുകയും അയാൾക്ക് കാരണങ്ങൾ നല്കാനില്ലെങ്കിൽ ആ നിർമ്മാണം അയാൾ നിയമങ്ങൾക്കനുസൃതമാക്കി മാറ്റുകയും വേണം. ശരിയായ കാരണങ്ങൾ നല്കുന്നുവെങ്കിൽ സെക്രട്ടറി നല്കിയ നോട്ടീസ് റദ്ദാക്കുകയോ നല്കിയ വിശദീകരണത്തിന്റെ ന്യായങ്ങൾ പരിശോധിച്ച് ഭേദഗതി ചെയ്തു നടപ്പാക്കുകയോ ചെയ്യണം. തെറ്റായി നൽകിയ ഒരു പെർമിറ്റ് സെക്രട്ടറിയ്ക്ക് എപ്പോൾ വേണമെങ്കിലും പിൻവലിക്കാം.

## 8. നിയമവിരുദ്ധ നിർമ്മാണങ്ങൾ പൊളിച്ചു കളയണം

സെക്രട്ടറിയുടെ അനുവാദത്തിനു വിരുദ്ധമായോ നിയമങ്ങൾ അനുസരിക്കാത്തതോ ആയ നിർമ്മാണപ്രവർത്തനങ്ങൾ സെക്രട്ടറിയ്ക്ക് ബോധ്യപ്പെട്ടാൽ, അതുപൊളിച്ചുകളയണമെന്ന താൽക്കാലിക ഉത്തരവും ആ ഉത്തരവ് സ്ഥിരപ്പെടുത്താതിരിക്കാൻ കാരണമുണ്ടെങ്കിൽ അത് ബോധിപ്പിക്കണമെന്ന് വ്യക്തമാക്കുന്ന ഒരു കാരണം കാണിക്കൽ നോട്ടീസും അതുവരെ പണിനിർത്തിവയ്ക്കണമെന്ന നിർദ്ദേശവും സെക്രട്ടറി നൽകണം.

ഉടമ കാരണങ്ങൾ വിശദീകരിക്കുന്നുവെങ്കിൽ അവ പരിശോധിച്ച ശേഷം ഉചിതമായ തീരുമാനമെടുക്കണം. ഉടമ കാരണം കാണിക്കുന്നില്ലായെങ്കിൽ നിയമവിരുദ്ധ നിർമ്മാണങ്ങൾ പൊളിച്ചുകളയാനുള്ള സെക്രട്ടറിയുടെ ഉത്തരവ് സ്ഥിരപ്പെടുത്തുകയും ആ ഭാഗങ്ങൾ പൊളിച്ചുകളയുകയും അതിന്റെ ചെലവ് ഉടമയിൽ നിന്നും ഈടാക്കുകയും വേണം. അനുവാദമില്ലാത്തതോ നിയമവിരുദ്ധമോ ആയ ഏതു പണിയും നിർത്തിവെയ്ക്കണമെന്ന് സെക്രട്ടറിക്ക് നിർദ്ദേശിക്കാം. കൂടാതെ മനുഷ്യ ജീവന് അപകടകരമായ ഏതു പണിയും ഏതു സമയത്തും സെക്രട്ടറിയ്ക്ക് തടയാം.

**പൊതുജനാരോഗ്യം, സുരക്ഷിതത്വം, പൊതുക്ഷേമം എന്നിവ ലക്ഷ്യമാക്കി ചരിത്രാതീതകാലം മുതൽ, കൃത്യമായി പറഞ്ഞാൽ BC1800 – ലെ കോഡ് ഓഫ് ഹമുറാബി മുതൽ, ഇന്നോളം പലരൂപങ്ങളിൽ പാലിച്ചു വന്ന കെട്ടിടനിർമ്മാണ നിയന്ത്രണങ്ങൾ, നഗര സ്വഭാവത്തോടെ വളരുന്ന നമ്മുടെ ഗ്രാമങ്ങളിലും നടപ്പാക്കാനാരംഭിക്കുന്ന ആദ്യഘട്ടത്തിൽ ഒട്ടനവധി സങ്കീർണ്ണതകൾ നേരിടേണ്ടി വരും. ആ സങ്കീർണ്ണതകൾ കുറയ്ക്കാനുള്ള എളുപ്പവഴി ഈ ചട്ടങ്ങളുടെ സാരാംശം ബന്ധപ്പെട്ടവർ പഠിക്കുകയാണ്. ചില കണക്കുകൾ ഉണ്ടെങ്കിലും ഈ ചട്ടങ്ങൾ ഒരു നിയമഖണ്ഡമാണെന്നും എൻജിനീയറിങ്ങ് കാര്യങ്ങളല്ലെന്നും ഉള്ള അവബോധത്തോടെ സമീപിച്ചാൽ പഠനം എളുപ്പമാവും. എല്ലാവരും കാര്യങ്ങൾ ഗ്രഹിച്ചാൽ ഉദ്യോഗസ്ഥരുടെ ഈ രംഗത്തെ അഴിമതി സാധ്യത കുറയും. അല്ലെങ്കിൽ അഴിമതിയുടെ മറ്റൊരു പച്ചതുരുത്താകും ഈ രംഗം.**

അനുവാദമോ ചട്ടങ്ങളോ ലംഘിച്ചു നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങളും പൊളിച്ചുകളയാൻ സെക്രട്ടറി നടപടി സ്വീകരിക്കണം. അനുവാദമില്ലാതെ പണിത കെട്ടിടം നിയമം ലംഘിച്ചിട്ടില്ലെങ്കിൽ അതു ക്രമവൽക്കരിക്കാനും വ്യവസ്ഥയുണ്ട്. നിയമവിരുദ്ധ നിർമ്മാണങ്ങൾ പൊളിച്ചുകളയാൻ സെക്രട്ടറിക്ക് പോലീസിന്റെ സഹായം തേടാം.

**9. നിർമ്മാണം പൂർത്തിയായാൽ സെക്രട്ടറിയെ അറിയിക്കണം**

കെട്ടിടം നിർമ്മാണം പൂർത്തിയായാൽ പൂർത്തീകരണ സർട്ടിഫിക്കറ്റ് ഉടമയും അംഗീകൃത എൻജിനീയറും ഒപ്പിട്ട് സെക്രട്ടറിക്ക് സമർപ്പിക്കണം. സെക്രട്ടറി നിർമ്മാണത്തെക്കുറിച്ച് ബോധ്യപ്പെട്ട ശേഷം ഒരു ഓക്കുപ്പൻസി സർട്ടിഫിക്കറ്റ് (Occupancy certificate) 15 ദിവസത്തിനകം ഉടമയ്ക്ക് നൽകും. അങ്ങനെ ഉടമയ്ക്ക് സർട്ടിഫിക്കറ്റ് 15 ദിവസത്തിനകം ലഭിച്ചില്ലെങ്കിൽ, അതു ലഭിച്ചതായി കണക്കാക്കി ഉടമയ്ക്ക് നടപടികൾ സ്വീകരിക്കാം.

ജീവിയ്ക്കാൻ അപകടകരമല്ലാത്ത തരത്തിൽ നിർമ്മാണം പൂർത്തിയായ ഏതു ഘട്ടത്തിലും സെക്രട്ടറിയ്ക്ക് അപേക്ഷ നൽകി ഓക്കുപ്പൻസി സർട്ടിഫിക്കറ്റ് ഏതൊരാൾക്കും കരസ്ഥമാക്കാം.

**10. കെട്ടിടനിർമ്മാണത്തിൽ വേണ്ട പ്രധാന നിബന്ധനകൾ**

വിസർജ്ജ്യവസ്തുക്കളും ചപ്പുചവറുകളും നിറഞ്ഞ ഒരിടത്ത് കെട്ടിടം നിർമ്മിച്ചുകൂടാ. കുഴിയും ക്വാറിയും മറ്റുമുള്ള അനുചിതമായ സ്ഥലത്ത് കെട്ടിടം നിർമ്മിക്കരുത്. വെള്ളപ്പൊക്കത്തിൽ മുങ്ങിപ്പോകാവുന്നതോ, വെള്ളം വാർന്നുപോകാത്തതോ, 45 ഡിഗ്രിയിൽ കൂടുതൽ ചരിഞ്ഞ് നില്ക്കുന്നതോ ഒലിച്ചു പോകാവുന്ന മണ്ണുള്ളതോ, ആയ സ്ഥലത്ത് കെട്ടിടനിർമ്മാണം പാടില്ല. തീരദേശനിയമം പാലിക്കപ്പെടേണ്ടയിടത്ത് അതു ലംഘിച്ച് കെട്ടിടം നിർമ്മിച്ചുകൂടാ. ഇലക്ട്രിസിറ്റി നിയമങ്ങളിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ അനുസരിച്ച് ലൈനുകൾക്കുതാഴെ കെട്ടിടം പാടില്ലാത്തയിടത്ത് കെട്ടിടം നിർമ്മിച്ചുകൂടാ. മനുഷ്യവാസത്തിനായുള്ള ഏതു മുറിയും പുറത്തേക്കോ പുറത്തേക്കുള്ള തുറസ്സായ സ്ഥലത്തേക്കോ തുറക്കുന്നതായിരിക്കണം.

പത്തു മീറ്റർ വരെ ഉയരമുള്ള ഏതു കെട്ടിടത്തിനും മുൻവശത്ത് 3 മീറ്റർ വീതിയിലും പുറകുവശത്ത് 2 മീറ്റർ വീതിയിലും ഒരുവശത്ത് 1.20 മീറ്ററും മറുവശത്ത് 1 മീറ്ററും മുറ്റം ഉണ്ടായിരിക്കണം. ഏഴുമീറ്റർ ഉയരമുള്ള കെട്ടിടത്തിന് പുറകുവശത്ത് ശരാശരി 1.5 മീറ്റർ വീതിയിലും വാതിലുകൾ ഇല്ലെങ്കിൽ പുറകുവശത്ത് 75 സെന്റി മീറ്റർ വീതിയിലും ഒരു വശത്ത് 1.20 മീറ്ററും മറുവശത്ത് 75 സെന്റിമീറ്ററും മുറ്റം ഉണ്ടായിരിക്കണം. ചില സാഹചര്യങ്ങളിൽ മുറ്റത്തിന്റെ മേൽപ്പറഞ്ഞ അളവിൽ ചില വ്യതിയാനങ്ങൾ വരുത്താൻ ചട്ടങ്ങളിൽ വ്യവസ്ഥയുണ്ട്.

മനുഷ്യവാസമുള്ളതും പുറത്തേക്കു തുറക്കാത്തതുമായ ഏതു മുറിയിൽ നിന്നും അകത്ത് ഇറങ്ങാനുള്ള തൊട്ടടുത്ത മുറിയുടെ വീതി 2.4 മീറ്ററെങ്കിലും ഉണ്ടായിരിക്കണം. 7 മീറ്റർ വരെ ഉയരമുള്ള കെട്ടിടത്തിന് ഇത് 1.5 മീറ്റർ ആയാലും മതി.

കെട്ടിടം നിൽക്കുന്ന ഭൂമിയിൽ വെള്ളം കിനിഞ്ഞിറങ്ങുന്ന മണ്ണുള്ളതാണെങ്കിൽ മഴവെള്ളം ആ മണ്ണിൽ ഇറങ്ങാൻ പാകത്തിൽ പ്ലോട്ടിന്റെ ആ ഭാഗങ്ങൾ നിലനിർത്തണം. കെട്ടിടം നിൽക്കുന്ന ഭൂമിയുടെ അതിരുകൾക്ക് വെളിയിലേക്ക് കെട്ടിടം ഒട്ടും തള്ളി നില്ക്കാൻ പാടില്ല.

മൂന്നുമീറ്ററിലേറെ ഏകദേശ വീതിയുള്ള ഏതു റോഡിനോടു ചേർന്നുള്ള വീടുകളും റോഡിന്റെ മധ്യത്തിൽനിന്നും 4.5 മീറ്ററും സ്വന്തം അതിരിൽ നിന്നും മൂന്നു മീറ്ററും അകലത്തിലേ പണിയാവൂ. മൂന്നു മീറ്റർ വരെ വീതിയുള്ള നടപ്പുവഴികളുടെ അരികിലുള്ള കെട്ടിടങ്ങൾക്ക് കെട്ടിടത്തിന്റെ ഉയരം 7 മീറ്ററിൽ കുറവാണെങ്കിൽ സ്വന്തം അതിരിൽ നിന്നും 2 മീറ്റർ അകലം പാലിച്ചിരിക്കണം.

***10.1 മൂന്നുമീറ്റർ വിട്ട് വീട് പണിയണം***

ദേശീയ–സ്റ്റേറ്റ് ഹൈവേകൾ, മുൻസിപ്പാലിറ്റി–ഗ്രാമപഞ്ചായത്ത് എന്നിവ പ്രഖ്യാപിച്ച റോഡുകളുടെ വശങ്ങളിൽ ഉള്ള പ്ലോട്ടുകളിലെ വീടുകൾ ആ പ്ലോട്ടിന്റെ അതിരിൽ നിന്നും മൂന്നുമീറ്റർ അകലത്തിലായിരിക്കണം. എന്നാൽ മേൽപ്പറഞ്ഞ മൂന്നു മീറ്ററിനുള്ളിലേക്ക് സൺഷേഡ് 75 സെന്റിമീറ്റർ ഉന്തിനില്ക്കാവുന്നതാണ്. ആ സ്ഥലത്തിന്റെ അതിരിൽ തന്നെ അനുമതിയോടെ ചുറ്റുമതിൽ പണിയുന്നതിനും തടസ്സമില്ല. ആ മൂന്നുമീറ്ററിനുള്ളിൽ തെരുവിൽ നിന്നും കെട്ടിടത്തിലേക്കുള്ള പ്രവേശനമാർഗ്ഗമായി പടിക്കെട്ടുകളോ റാമ്പുകളോ നിൽക്കാവുന്നതാണ്.

***10.2 കെട്ടിടത്തിന്റെ ഭാഗങ്ങളെ സംബന്ധിച്ച വിവരങ്ങൾ***

എല്ലാ കെട്ടിടങ്ങളിലും വാട്ടർ ക്ലോസറ്റ് ഒന്നെങ്കിലും ഉണ്ടായിരിക്കണം. കുളിമുറിയുടെ വിസ്തീർണ്ണം 1.5 ചതുരശ്രമീറ്ററെങ്കിലും വേണം. അതിന്റെ ഒരു വശം 1 മീറ്ററും. കുളി മുറിയും കക്കൂസും ഒന്നിച്ചുള്ളതാണെങ്കിൽ 2.2 ചതുരശ്രമീറ്ററും ഒരു വശം 1.1 മീറ്ററും വേണം. ഉയരം 2.20 മീറ്ററും വേണം.

വരാന്തയുടെയോ ഇടനാഴിയുടെയോ പ്രവേശന വഴിയുടെയോ വീതി ഏറ്റവും കുറഞ്ഞത് 1 മീറ്ററെങ്കിലും വേണം. വീടാണെങ്കിൽ

പുറത്തോട്ടുള്ള വാതിലിന് ഏറ്റവും കുറഞ്ഞത് 75 സെന്റിമീറ്റർ വീതിയുണ്ടായിരിക്കണം. അല്ലാത്ത സ്ഥലങ്ങളിൽ 1.2 മീറ്ററും വേണം.

താമസിക്കാവുന്ന എല്ലാ മുറികളിലും വായുവും പ്രകാശവും കടന്നു പോകുന്നതിനുവേണ്ടി നാഷണൽ ബിൽഡിങ്ങ് കോഡ് 1983–ൽ പറഞ്ഞിട്ടുള്ളപോലെ ആവശ്യത്തിനു വാതായനങ്ങളോ ദ്വാരങ്ങളോ വേണം. അടുക്കളയിൽ പുകയും ചൂടുള്ള വായുവും പുറത്തുപോകാനുള്ള സംവിധാനം വേണം.

കുളിമുറിയിലും കക്കൂസിലും ആവശ്യത്തിനു വെളിച്ചവും വായുവും കടക്കുകയും പുറത്തേക്കുള്ള വായു പോകാവുന്ന വിധം ഒരു വായു നിർഗ്ഗമന വെന്റിലേറ്റർ സ്ഥാപിക്കുകയും വേണം.

12 വസതികളിൽ കൂടുതലുള്ള റസിഡൻഷ്യൽ പ്ലോട്ടുകൾക്ക് ഒരു വിനോദസ്ഥലം ആവശ്യമാണ്.

മൂന്നിലധികം നിലയുള്ള വീടുകൾ, ആശുപത്രികൾ, ലോഡ്ജുകൾ, വ്യാപാരസ്ഥാപനങ്ങൾ എന്നിവയ്ക്ക് ഒട്ടനവധി പ്രത്യേക നിബന്ധനകൾ പാലിക്കാനുണ്ട്.

### *10.3 കെട്ടിടങ്ങളിൽ മഴവെള്ള സംഭരണി വേണം*

100 ച.മീറ്ററിൽ കൂടിയതും 200 ച.മീറ്റർ സ്ഥലത്തു നില്ക്കുന്നതുമായ വാസഗൃഹങ്ങൾ ഉൾപ്പെടെയുള്ള ഒട്ടനവധി കെട്ടിടങ്ങൾക്കും മഴവെള്ള സംഭരണവും കൃത്രിമമായ ഭൂജല പരിപോഷണ സംവിധാനവും കെട്ടിടത്തിന്റെ ഭാഗമായി നിർമ്മിക്കണം. അവ ഇല്ലാതെ അനുമതി ലഭിക്കില്ല.

### 11. ചെറിയ പ്ലോട്ടുകളിലെ കെട്ടിടങ്ങൾ

125 ചതുരശ്രമീറ്ററിൽ കവിയാത്ത പ്ലോട്ടുകളിലെ 3 നിലകളിൽ കവിയാത്ത കെട്ടിടങ്ങൾക്ക് ചില ഇളവുകൾ അനുവദിച്ചിട്ടുണ്ട്.

ദേശീയ–സംസ്ഥാന ഹൈവേകൾ മുൻസിപ്പാലിറ്റി പ്രഖ്യാപിച്ചിട്ടുള്ള റോഡുകൾ എന്നിവ ഒഴിച്ചുള്ള റോഡുകളുടെ ഭാഗത്ത് സ്വന്തം അതിരിൽ നിന്നും 2 മീറ്റർ മതിയാകും. പക്ഷെ ടൗൺപ്ലാനിങ്ങ് സ്കീം എന്തെങ്കിലും നിലവിലുണ്ടെങ്കിൽ അതിന്റെ നിബന്ധനകൾ ചെറിയ പ്ലോട്ടിനും ബാധകമാകും. മുൻവശത്തുള്ള മുറ്റം 1.80 മീറ്റർ ഉണ്ടായിരിക്കണം. വശങ്ങളിൽ 90 സെ.മീ, മറ്റൊരു വശത്ത് 60 സെ.മീ, പുറകുവശത്ത് ഏറ്റവും കുറഞ്ഞത് .5 മീറ്റർ ആകാവുന്ന തരത്തിൽ ശരാശരി 1 മീറ്റർ വീതി വേണം. മറ്റു കെട്ടിടങ്ങൾക്കു പാലിക്കപ്പെടേണ്ട റോഡിന്റെ മദ്ധ്യത്തിൽ നിന്നുള്ള അകലം, പ്രവേശന റോഡിന്റെ വീതി, ലൈറ്റിങ്ങ്, വെന്റിലേഷൻ തുടങ്ങിയ കാര്യങ്ങളിൽ ഇത്തരം കെട്ടിടങ്ങൾക്ക് ഇളവുണ്ട്.

### 12. ചുറ്റുമതിലും വേലിയും

പൊതുവഴിയുടെയോ ജലമാർഗ്ഗത്തിന്റെയോ ഭാഗത്തെ ചുറ്റുമതിൽ ബന്ധപ്പെട്ട സെക്രട്ടറിയുടെ അനുവാദമില്ലാതെ പണിതുകൂടാ. പുതുക്കിപ്പണിയാനും അനുവാദം വേണം. ഗേറ്റും ഗ്രില്ലും പൊതുവഴിയിലേക്കോ അടുത്ത വസ്തുവിലേക്കോ തുറക്കാൻ പാടില്ല. വെള്ള പേപ്പറിൽ എഴുതി കോർട്ട്ഫീസ് സ്റ്റാമ്പ് പതിപ്പിച്ച അപേക്ഷയാണ് മതിൽ നിർമ്മാണ അനുമതിക്കായി സമർപ്പിക്കേണ്ടത്. അപേക്ഷയോടൊപ്പം ഭൂമിയുടെ ഉടമസ്ഥത തെളിയിക്കുന്ന രേഖ, വിശദമായ സൈറ്റ്പ്ലാൻ, മതിൽ നിർമ്മിക്കാൻ ഉപയോഗപ്പെടുത്തുന്ന വസ്തുവിന്റെ വിവരവും പെർമിറ്റ് ഫീസും സമർപ്പിക്കണം. അപേക്ഷ ലഭിച്ച് 30 ദിവസത്തിനുള്ളിൽ പെർമിറ്റ് നൽകണം. ഒരു വർഷമാണ് അനുവാദത്തിന്റെ കാലാവധി. പണികഴിഞ്ഞ് പണി തീർന്ന തീയതി രേഖപ്പെടുത്തിയ നിർമ്മാണ നിർവ്വഹണ റിപ്പോർട്ട് ഉടമസ്ഥൻ സെക്രട്ടറിക്ക് സമർപ്പിക്കുകയും വേണം.

### 13. മൂന്നുമീറ്റർ പരിധി പരിപാലിക്കാത്ത കെട്ടിടങ്ങളിൽ രണ്ടാം നില നിർമ്മിക്കുന്നത് സംബന്ധിച്ച്

2000 മാർച്ച് 30–നു മുമ്പ് നിലനില്ക്കുന്നതും റോഡരികിൽ നിന്നും 3 മീറ്റർ പരിധിപാലിക്കാത്തതുമായ കെട്ടിടങ്ങളിൽ ഒന്നാമത്തെതോ രണ്ടാമത്തെതോ നില താഴത്തെ നിലയുടെ റോഡിനടുത്തുള്ള അളവു പാലിച്ചുകൊണ്ടും ആ നിലയുടെ മൊത്തം വ്യാപ്തിയിൽ അധികമാകാതെയും പണിയുന്നതിന് തടസ്സമില്ല. എന്നാൽ മുൻപ് നിലനില്ക്കുന്ന താഴത്തെ നിലയിൽ 3 മീറ്റർ പരിധി സംബന്ധിച്ച വ്യവസ്ഥ പാലിച്ചുകൊണ്ട് കോണിപ്പടി പണിയാൻ മാത്രമേ അനുമതിയുള്ളൂ. കെട്ടിടം നില്ക്കുന്ന പ്ലോട്ടിന്റെ നാലു വശത്തും ശരാശരി 60 സെ.മീ (മറ്റു ചിലവിഭാഗം കെട്ടിടങ്ങൾക്ക് 1 മീറ്ററും) വീതം സ്ഥലം ഉണ്ടായിരിക്കുകയും വേണം. 1 മീറ്റർ വശമുള്ളിടത്തേ മുകൾ നിലയിൽ വാതിൽ വയ്ക്കാൻ പാടുള്ളൂ. 60 സെ.മീറ്ററിൽ കുറവുള്ള ഭാഗത്തേക്ക് ജനാലകളും പാടില്ല.

മേൽപ്പറഞ്ഞ കെട്ടിടങ്ങളിൽ മേൽക്കൂരയും ഷട്ടറുകളും വാതിലുകളും മാറ്റുന്നതിനും നിയമം അനുവദിക്കുന്നു. നിലവിലുള്ള കെട്ടിടങ്ങളിൽ കൂട്ടിച്ചേർത്ത് പണിയണമെങ്കിൽ ബിൽഡിങ്ങ് റൂൾസിലെ എല്ലാ വ്യവസ്ഥകളും പാലിച്ചിരിക്കണം.

### 14. കിണർ കുഴിയ്ക്കൽ

സെക്രട്ടറിയുടെ അനുവാദം ഇല്ലാതെ പുതിയ കിണർ കുഴിയ്ക്കാൻ പാടില്ല. കിണർ കുഴിയ്ക്കാൻ ഉദ്ദേശിക്കുന്ന ആൾ സൈറ്റ്പ്ലാനും സ്ഥലത്തിന്റെ ഉടമസ്ഥത തെളിയിക്കുന്ന രേഖയും സഹിതം സെക്രട്ടറിയ്ക്ക് അപേക്ഷ സമർപ്പിക്കണം. സെപ്റ്റിക്ക് ടാങ്കിൽ നിന്നും 7.5 മീറ്റർ അകലത്തിലായിരിക്കണം കിണർ കുഴിയ്ക്കേണ്ടത്. കിണറിന്റെ ചുറ്റും ചുടുകട്ട കൊണ്ട് ഒരു മീറ്റർ ഉയരത്തിൽ സംരക്ഷണഭിത്തി കെട്ടണം. കിണർ കുഴിയ്ക്കാനുള്ള അനുവാദത്തിന് രണ്ടുവർഷത്തേക്കായിരിക്കും സാധുത. കിണർ കുഴിച്ചതിനു ശേഷം അതു കുഴിച്ച തീയതി രേഖപ്പെടുത്തിയ ഒരു നിർവ്വഹണ റിപ്പോർട്ട് ഉടമസ്ഥൻ സെക്രട്ടറിയ്ക്ക് സമർപ്പിക്കണം.

### 15. കുടിൽ നിർമ്മിക്കുന്നതിനുള്ള വ്യവസ്ഥകൾ

സെക്രട്ടറിയുടെ അനുമതിയോടു കൂടി മാത്രമേ ഏതൊരാളും ഒരു കുടിൽ നിർമ്മിക്കാൻ പാടുള്ളൂ. മരവും ചെളിയും ഇലകളും മേച്ചിൽ വസ്തുക്കളും കൊണ്ടു നിർമ്മിക്കുന്നതാണ് കുടിൽ. ദേശീയ–സംസ്ഥാന–മുനിസിപ്പൽ/ഗ്രാമപഞ്ചായത്ത് പ്രഖ്യാപിത റോഡുകളിൽ നിന്നും 3 മീറ്ററും അതല്ലാത്ത റോഡുകളിൽ നിന്നും 1 മീറ്ററും അകലം പാലിച്ചു മാത്രമേ കുടിലുകൾ നിർമ്മിക്കാൻ പാടുള്ളൂ. കുടിലിന്റെ എല്ലാ വശങ്ങളിലും 60 സെ.മീ അകലം അതിരുകളിൽ നിന്നും ഉണ്ടാകണം.

കുടിൽ നിർമ്മിക്കാൻ അല്ലെങ്കിൽ പുനർനിർമ്മിക്കാൻ താല്പര്യമുള്ള ആൾ വെള്ളപേപ്പറിൽ കോർട്ട് ഫീസ് സ്റ്റാമ്പ് പതിച്ച അപേക്ഷ സൈറ്റ് പ്ലാനും ഉടമസ്ഥാവകാശം സ്ഥാപിക്കുന്ന രേഖയും അപേക്ഷാഫീസും സഹിതം സെക്രട്ടറിയ്ക്ക് സമർപ്പിക്കണം.

14 ദിവസത്തിനകം സെക്രട്ടറി അനുവാദം നൽകണം. 14 ദിവസങ്ങൾക്കു ശേഷം കുടിൽ നിർമ്മാണ അനുവാദം ലഭിച്ചില്ലെങ്കിൽ, അപേക്ഷകന് മുൻസിപ്പൽ കൗൺസിൽ/ഗ്രാമ പഞ്ചായത്തിനോട് അനുവാദത്തിനായി അപേക്ഷിക്കാവുന്നതും ആ അപേക്ഷയിൽ അനുവാദം നൽകണമോ വേണ്ടയോ എന്ന് കൗൺസിൽ/ഗ്രാമ പഞ്ചായത്ത് തീരുമാനമെടുക്കാൻ ബാധ്യസ്ഥവുമാണ്. കൗൺസിൽ/അല്ലെങ്കിൽ ഗ്രാമപഞ്ചായത്ത് 30 ദിവസത്തിനുള്ളിൽ അങ്ങനെ ആ അപേക്ഷയിൽ തീരുമാനമെടുക്കുന്നില്ലെങ്കിൽ അപേക്ഷകന് നിയമം പാലിച്ചുകൊണ്ട് കുടിൽ നിർമ്മിക്കാവുന്നതാണ്. കുടിൽ നിർമ്മിക്കാനുള്ള അനുവാദം സെക്രട്ടറി നിഷേധിക്കുന്നുവെങ്കിൽ ആ നിഷേധക്കുറിപ്പിൽ കാരണങ്ങളും രേഖപ്പെടുത്തിയിരിക്കണം.

കുടിൽ നിർമ്മിക്കാനുള്ള അനുവാദത്തിനു കാലപരിധി രണ്ടു വർഷമാണ്. കുടിൽ നിർമ്മിച്ച ശേഷം ഉടമസ്ഥൻ കെട്ടിടം നിർമ്മിച്ച തീയതി രേഖപ്പെടുത്തിയ നിർവ്വഹണ റിപ്പോർട്ട് സെക്രട്ടറിക്കു സമർപ്പിക്കണം.

**16. ചില നിർമ്മാണങ്ങൾ സെക്രട്ടറിയ്ക്ക് അംഗീകൃതമാക്കാം**

സെക്രട്ടറിയുടെ അനുവാദമില്ലാതെയാണ്, അനുവാദത്തോടെ മാത്രം ആരംഭിക്കേണ്ടിയിരുന്ന, ചില നിർമ്മാണങ്ങൾ ആരംഭിച്ചതെങ്കിലും ആ നിർമ്മാണത്തിൽ നിയമങ്ങൾ ലംഘിക്കപ്പെട്ടിട്ടില്ലെങ്കിൽ സെക്രട്ടറിയ്ക്ക് അവ ക്രമവൽക്കരിച്ചു നൽകാവുന്നതാണ്. എന്നാൽ അംഗീകാരമില്ലാതെ ആരംഭിക്കുന്ന ഏതു നിർമ്മാണവും തടയേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്.

അനുവാദം ഇല്ലാതെ നിർമ്മിച്ചതിന് അംഗീകാരം ലഭിക്കുന്നതിന്, സാധാരണഗതിയിൽ അനുവാദത്തിനായി അപേക്ഷിക്കുമ്പോൾ ആവശ്യമായ എല്ലാ രേഖകളും സഹിതം അപേക്ഷിക്കണം. സെക്രട്ടറി പുതിയ ഒരു അനുവാദത്തിൽ തീരുമാനമെടുക്കും പോലെ ഈ അപേക്ഷയിലും തീരുമാനമെടുക്കണം. സെക്രട്ടറി, അനുവാദമില്ലാതെ പണിത ആ കെട്ടിടത്തിന് അംഗീകാരം നല്കുന്നില്ലായെങ്കിൽ അതിനെ അനധികൃത കെട്ടിടമായി പരിഗണിച്ച് പൊളിച്ചു കളയാൻ നിർദ്ദേശം നല്കണം. ഉടമ അനുവാദമില്ലാതെ പണിതതും സെക്രട്ടറി പൊളിച്ചുകളയാൻ നിർദ്ദേശിച്ചതുമായ കെട്ടിടം പൊളിച്ചുകളയുന്നില്ലായെങ്കിൽ സെക്രട്ടറി അതു പൊളിച്ചുകളയേണ്ടതും അതിനുള്ള ചെലവ് ഉടമയിൽ നിന്നും ഈടാക്കേണ്ടതുമാണ്. സെക്രട്ടറിയ്ക്ക് കെട്ടിട ഉടമയ്ക്ക് എതിരെ പ്രോസിക്യൂഷനു പോയും തുടർനടപടികൾ സ്വീകരിക്കാം.

**17. സെക്രട്ടറിയുടെ നടപടികളിൽ അപ്പീൽ പോകാം**

കെട്ടിട നിർമ്മാണ സംബന്ധമായി സെക്രട്ടറി നൽകുന്ന ഏതു ഉത്തരവുകൾക്കുമെതിരെ അതൃപ്തിയുള്ളവർക്ക് അപ്പീൽ നൽകാം.

കെട്ടിടസ്ഥലം അംഗീകരിക്കുക, കെട്ടിടനിർമ്മാണം അനുവദിക്കുക, നിർമ്മാണത്തിൽ മാറ്റം വരുത്താനാവശ്യപ്പെടുക, കെട്ടിടം പൊളിക്കാൻ ആവശ്യപ്പെടുക, പണി നിർത്തി വയ്ക്കാൻ ആവശ്യപ്പെടുക എന്നീ കാര്യങ്ങളിൽ സെക്രട്ടറിയുടെ ഉത്തരവിന് എതിരെ ട്രൈബ്യൂണലിൽ നേരിട്ട് അപ്പീൽ സമർപ്പിക്കാം. സെക്രട്ടറിയുടെ മറ്റ് ഉത്തരവുകൾക്ക് എതിരെ ഭരണസമിതിയിൽ അപ്പീൽ സമർപ്പിക്കണം. മുൻസിപ്പാലിറ്റിയോ ഗ്രാമപഞ്ചായത്തോ എടുക്കുന്ന തീരുമാനങ്ങൾക്ക് എതിരെ ട്രൈബ്യൂണലിൽ അപ്പീൽ സമർപ്പിക്കാം. 30 ദിവസത്തിനുള്ളിൽ അപ്പീൽ സമർപ്പിക്കണം.

**18. ഈ കുറിപ്പിൽ വിവരിച്ചിട്ടില്ലാത്ത സുപ്രധാനവ്യവസ്ഥകൾ**

ബഹുനില കെട്ടിടങ്ങളുടെ സുരക്ഷാസംവിധാനങ്ങളെക്കുറിച്ചും, മൊബൈൽ ഫോണുകൾക്കുള്ള ടെലികമ്മ്യൂണിക്കേഷൻ ടവർ സ്ഥാപിക്കുന്നതിനെക്കുറിച്ചും, പൈതൃക കെട്ടിടങ്ങൾ സംരക്ഷിക്കുന്നതിനെ സംബന്ധിച്ചും, കെട്ടിട നിർമ്മാണ പ്ലാനുകൾ തയ്യാറാക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന എൻജിനീയർമാരെ രജിസ്റ്റർ ചെയ്യുന്നതിനെ സംബന്ധിച്ചും സെക്രട്ടറി സർക്കാരിനു നല്കേണ്ട റിപ്പോർട്ടുകളെക്കുറിച്ചും, അനധികൃത നിർമ്മാണം തടയാൻ വേണ്ടി സ്വീകരിക്കേണ്ട വിജിലൻസ് സ്ക്വാഡ് ഉൾപ്പെടെയുള്ള സംവിധാനങ്ങളെക്കുറിച്ചും, കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ചാലുള്ള പിഴയെക്കുറിച്ചും കേരള മുൻസിപ്പൽ ബിൽഡിങ്ങ് റൂൾസിന്റെ വിവിധ അധ്യായങ്ങളിൽ വിവരിച്ചിട്ടുണ്ട്. അവ ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല.

**19. ഉപസംഹാരം**

പൊതുജനാരോഗ്യം, സുരക്ഷിതത്വം, പൊതുക്ഷേമം എന്നിവ ലക്ഷ്യമാക്കി ചരിത്രാതീതകാലം മുതൽ, കൃത്യമായി പറഞ്ഞാൽ BC1800-ലെ കോഡ് ഓഫ് ഹമുറാബി മുതൽ, ഇന്നോളം പലരൂപങ്ങളിൽ പാലിച്ചുവന്ന കെട്ടിടനിർമ്മാണ നിയന്ത്രണങ്ങൾ, നഗര സ്വഭാവത്തോടെ വളരുന്ന നമ്മുടെ ഗ്രാമങ്ങളിലും നടപ്പാക്കാനാരംഭിക്കുന്ന ആദ്യഘട്ടത്തിൽ ഒട്ടനവധി സങ്കീർണ്ണതകൾ നേരിടേണ്ടി വരും. ആ സങ്കീർണ്ണതകൾ കുറയ്ക്കാനുള്ള എളുപ്പവഴി ഈ ചട്ടങ്ങളുടെ സാരാംശം ബന്ധപ്പെട്ടവർ പഠിക്കുകയാണ്. ചില കണക്കുകൾ ഉണ്ടെങ്കിലും ഈ ചട്ടങ്ങൾ ഒരു നിയമഖണ്ഡമാണെന്നും എൻജിനീയറിങ്ങ് കാര്യങ്ങളല്ലെന്നും ഉള്ള അവബോധത്തോടെ സമീപിച്ചാൽ പഠനം എളുപ്പമാവും. മനസ്സിരുത്തി വായിച്ചാൽ ആർക്കും മനസ്സിലാകാത്തതൊന്നും ഇതിലില്ല. എല്ലാവരും കാര്യങ്ങൾ ഗ്രഹിച്ചാൽ ഉദ്യോഗസ്ഥരുടെ ഈ രംഗത്തെ അഴിമതി സാധ്യത കുറയും. അല്ലെങ്കിൽ അഴിമതിയുടെ മറ്റൊരു പച്ചതുരുത്താകും ഈ രംഗം. ഏതായാലും ദോഷങ്ങളെ അതിജീവിയ്ക്കുന്ന ഗുണഗണങ്ങൾ ഉള്ള ഒന്നാണ് കെട്ടിടനിർമ്മാണ നിയന്ത്രണം. •

## നിർമ്മാണം ആരംഭിച്ച കെട്ടിടങ്ങൾക്ക് അനുമതി വേണോ?

ഗ്രാമപഞ്ചായത്തുകളിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ നടപ്പിലാക്കുമ്പോൾ തറനിരപ്പിനു മുകളിലേക്ക് കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത എല്ലാ കെട്ടിടങ്ങൾക്കും സെക്രട്ടറിയുടെ അനുമതി വാങ്ങിയേ നിർമ്മാണം നടത്താൻ പാടുള്ളൂ. നിർമ്മാണം കഴിഞ്ഞതും ഇതുവരെ നമ്പർ ലഭിച്ചിട്ടില്ലാത്തതുമായ കെട്ടിടത്തിന് ഫീസ് ബാധകമായിരിക്കും. ഭാഗികമായി നിർമ്മിച്ച കെട്ടിടങ്ങൾക്ക് സുരക്ഷാ സംവിധാനങ്ങളും പാർക്കിംഗ് സ്ഥലവും മഴവെള്ള കൊയ്ത്ത് സംവിധാനവും ഏർപ്പാട് ചെയ്യേണ്ടതുണ്ട്. നിർമ്മാണത്തിലിരിക്കുന്ന കെട്ടിടങ്ങളിൽ എന്തെങ്കിലും ഭേദഗതി വരുത്തുന്നുവെങ്കിൽ പുതിയ പെർമിറ്റ് ആവശ്യമാണ്.

# അക്രഡിറ്റഡ് ഏജൻസികൾ നിർവ്വഹിക്കുന്ന പണികളുടെ നടപടിക്രമം പരിഷ്ക്കരിച്ചു

## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് – തദ്ദേശഭരണ സ്ഥാപനങ്ങൾ അക്രഡിറ്റ് ഏജൻസികൾ മുഖേന പൊതുമരാമത്ത് പണികളുടെ നിർവ്വഹണം നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ പരിഷ്കരിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ(എം.എസ്)നം. 133/07/തസ്വഭവ.

തീയതി, തിരുവനന്തപുരം, 18–05–2007

പരാമർശം:
1. സ.ഉ. (പി) നം. 216/97/ തഭവ; തീയതി 23.09.1997
2. സ.ഉ (എം.എസ്) നം. 254/97/തഭവ, തീയതി 12.11.1997
3. സ.ഉ (എം.എസ്) നം. 68/98 തഭവ, തീയതി 21.03.1998
4. സ.ഉ (പി) നം. 21/99/തഭവ, തീയതി 28.01.1999
5. സ.ഉ (പി) നം. 135/99/തഭവ, തീയതി 06.07.1999
6. സ.ഉ (എം.എസ്) നം. 47/2001/പ്ലാനിംഗ്, തീയതി 28.11.2001
7. സർക്കുലർ നം 13527/ഡി.പി 1/03/തസ്വഭവ, തീയതി 19.3.2003
8. സ.ഉ (ആർ.ടി) നം. 4288/04/തസ്വഭവ, തീയതി 14.12.04
9. സ.ഉ (ആർ.ടി) നം. 856/05/തസ്വഭവ, തീയതി 5.3.05

### ഉത്തരവ്

പരാമർശം ഒന്ന്, രണ്ട് എന്നിവ പ്രകാരം പുറപ്പെടുവിച്ച കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളെയും കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങളെയും അടിസ്ഥാനമാക്കി സർക്കാർ ചില സ്ഥാപനങ്ങളെ/സർക്കാരിതര സംഘടനകളെ/ലേബർ കോൺട്രാക്റ്റ് സഹകരണ സംഘങ്ങളെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പൊതുമരാമത്ത് പ്രവൃത്തികൾ നിർവ്വഹണം നടത്തുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസികളായി അംഗീകരിച്ചിട്ടുണ്ട്. ലാഭേച്ഛ കൂടാതെ പ്രവർത്തിക്കുന്നതും സാമ്പത്തികക്ഷമതയുള്ളതും പ്രവർത്തിപരിചയമുള്ളതുമായ സ്ഥാപനങ്ങൾ/സംഘടനകൾ/സംഘങ്ങൾക്കാണ് അക്രഡിറ്റേഷൻ നൽകുന്നത്. ഇപ്രകാരം അംഗീകാരം നൽകുന്ന അക്രഡിറ്റഡ് ഏജൻസികൾ മുഖേന, തദ്ദേശഭരണ സ്ഥാപനങ്ങൾ പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം നടത്തുന്നതിന് പരാമർശത്തിലെ 3,4,5,6,7,9 എന്നിവ പ്രകാരം നിശ്ചയിച്ചിരുന്ന നടപടിക്രമങ്ങൾ ചുവടെ വിവരിക്കുന്ന പ്രകാരം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഒരു സ്ഥാപനത്തിന്/സംഘടനയ്ക്ക്/സംഘത്തിന് അക്രഡിറ്റേഷൻ നൽകികൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ള ഇനം പ്രവൃത്തികൾ മാത്രമേ ആ സ്ഥാപനം/സംഘടന/സംഘം മുഖേന നിർവ്വഹണം നടത്താൻ പാടുള്ളു. ചില ഏജൻസികളുടെ കാര്യത്തിൽ ചില പ്രദേശങ്ങൾക്ക്/ജില്ലയ്ക്ക് മാത്രമായാണ് അക്രഡിറ്റേഷൻ നൽകിയിട്ടുള്ളത്. അതിനാൽ പ്രവൃത്തിയുടെ നിർവ്വഹണചുമതല ഈ ഉത്തരവിലെ നടപടിക്രമങ്ങൾ പ്രകാരം ഒരു അക്രഡിറ്റ് ഏജൻസിയെ ഏൽപ്പിക്കുന്നതിനു മുമ്പ് ബന്ധപ്പെട്ട ഏജൻസിക്ക് തങ്ങളുടെ തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുള്ള അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തണം.
2. ലാഭം അനുവദനീയമല്ലാത്തതിനാലും യഥാർത്ഥ മൂല്യം (actual cost) മാത്രമേ ചെലവഴിക്കാൻ പാടുള്ളു എന്നതിനാലും കരാറുകാരന്റെ ലാഭവിഹിതം കൂടാതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. എന്നാൽ മൂല്യവർധിത നികുതി (Value Addex Tax), ആദായ നികുതി (Income Tax), മറ്റു നികുതികൾ, നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതം, മാനേജ്മെന്റ് ചാർജ്ജ്, എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള പ്രതിഫലം (അനുവദനീയമാണെങ്കിൽ മാത്രം) മുതലായ ചെലവുകൾക്കുള്ള തുക എസ്റ്റിമേറ്റിൽ പ്രത്യേകം കാണിച്ചിരിക്കണം. പ്രാബല്യത്തിലുള്ള നിരക്കുകൾ പ്രകാരം തയ്യാറാക്കുന്ന എസ്റ്റിമേറ്റ് തുകയ്ക്ക് പുറമെയാണ് (over and above estimates as per rates in vogue) ഈ ചെലവുകൾക്കുള്ള തുക വകയിരുത്തേണ്ടത്.
3. **എസ്റ്റിമേറ്റ് തയ്യാറാക്കൽ**

   (a) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വേണ്ടി പുറപ്പെടുവിച്ചിട്ടുള്ള പൊതുമരാമത്ത് ചട്ടങ്ങളിലെ വ്യവസ്ഥകളെ അടിസ്ഥാനമാക്കിയായിരിക്കണം പ്ലാൻ, ഡിസൈൻ, എസ്റ്റിമേറ്റ് മുതലായവ തയ്യാറാക്കേണ്ടത്. സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കുകളാണ് (schedule of rates) എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് അവലംബിക്കേണ്ടത്.

   (b) നിർമ്മിതി കേന്ദ്രങ്ങൾ, കോസ്റ്റ്ഫോർഡ്, ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് തുടങ്ങിയ ഏജൻസികളുടെ തനത് സാങ്കേതികവിദ്യ (alternate technology) ഉപയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികൾക്ക്, ഈ ഏജൻസികൾ നിശ്ചയിച്ചിട്ടുള്ള ഡാറ്റായുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഏജൻസികളുടെ തന്നെ സ്റ്റാൻഡേർഡും, സ്പെസിഫിക്കേഷനും അനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കാവുന്നതാണ്. എന്നാൽ ആകെ മതിപ്പ് ചെലവ്, പൊതുമരാമത്ത് വകുപ്പ് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളും നിബന്ധനകളും അനുസരിച്ച് തയ്യാറാക്കുമ്പോൾ ലഭിക്കുന്ന എസ്റ്റിമേറ്റ് തുകയെക്കാൾ അധികമാകരുത്.

   (c) തനത് സാങ്കേതികവിദ്യ ഉപയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികളുടെ പ്ലാൻ, ഡിസൈൻ, എസ്റ്റിമേറ്റ് മുതലായവ ബന്ധപ്പെട്ട ഏജൻസികളുടെ എഞ്ചിനീയർമാർക്കും തയ്യാറാക്കാവുന്നതാണ്. എന്നാൽ മറ്റ് പ്രവൃത്തികളുടെ കാര്യത്തിൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ തന്നെയായിരിക്കണം ഇവ തയ്യാറാക്കേണ്ടത്.
4. **സാങ്കേതികാനുമതി:**

   പൊതുമരാമത്ത് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി വാങ്ങുന്നതിന് സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പൊതുവായ നടപടിക്രമങ്ങൾ അക്രഡിറ്റഡ് ഏജൻസികൾ മുഖേന നിർവ്വഹണം നടത്തുന്ന പ്രവൃത്തികൾക്കും ബാധകമായിരിക്കും. എന്നാൽ നിർമ്മിതി കേന്ദ്രങ്ങൾ, കോസ്റ്റ്ഫോർഡ്, ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് തുടങ്ങിയ ഏജൻസികളുടെ തനത് സാങ്കേതിക വിദ്യ ഉപയോഗിക്കുന്ന പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനായി ജില്ലാതലത്തിൽ ഒരു പ്രത്യേക സമിതി ഉണ്ടായിരിക്കണം. ഈ ഏജൻസികൾ ഉപയോഗിക്കുന്ന സാങ്കേതികവിദ്യ പരിചയമുള്ള എഞ്ചിനീയർമാരെ ഉൾപ്പെടുത്തികൊണ്ടുള്ള ഒരു സമിതി

രൂപീകരിക്കുന്നതിന് ജില്ലാ കളക്ടർമാർ നടപടി സ്വീകരിക്കേണ്ട താണ്. നിർമ്മിതി കേന്ദ്രങ്ങൾ, കോസ്റ്റ്ഫോർഡ്, ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് മുതലായ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന എഞ്ചിനീയർമാരെ ഈ സമിതിയിൽ ഉൾപ്പെടുത്തുവാൻ പാടില്ലാ ത്തതാണ്. ഈ സമിതിയിൽ നിന്നാണ് എല്ലാ തലത്തിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾ ഇത്തരം പ്രവൃത്തികൾക്ക് സാങ്കേതി കാനുമതി വാങ്ങേണ്ടത്. തനത് സാങ്കേതികവിദ്യ പരിചയമുള്ള എഞ്ചിനീയർമാർ ഇല്ലാത്തതിനാൽ ഇപ്രകാരമൊരു സമിതി ഏതെ ങ്കിലും ജില്ലയിൽ രൂപീകരിക്കാൻ കഴിയുന്നില്ലെങ്കിലോ സമിതി രൂപീകരിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത സമിതിയ്ക്ക് സങ്കേതികാനു മതി നൽകാൻ കഴിയുന്ന അധികാരപരിധിയിലും കൂടുതൽ എസ്റ്റിമേറ്റ് തുകയുള്ള പ്രവൃത്തിയാണെങ്കിലോ പരാമർശം എട്ട് പ്രകാരം രൂപീകരിച്ചിട്ടുള്ള സംസ്ഥാനതല സമിതിയിൽ നിന്ന് സാങ്കേതികാനുമതി വാങ്ങാവുന്നതാണ്.

5. ടെണ്ടർ നടപടിക്രമങ്ങൾ കൂടാതെ തന്നെ പ്രവൃത്തികളുടെ നിർവ്വ ഹണം അക്രഡിറ്റഡ് ഏജൻസികളെ ഏൽപ്പിക്കാവുന്നതാണ്. ഷെഡ്യൂൾ നിരക്കിനെക്കാൾ കുറഞ്ഞ നിരക്കിൽ പ്രവൃത്തി നട പ്പാക്കുന്നതിനുള്ള സാധ്യത തദ്ദേശഭരണ സ്ഥാപനം ആരായണം. അതുപ്രകാരം നിശ്ചയിക്കുന്ന നിരക്കിന്റെ അടിസ്ഥാനത്തിലായി രിക്കണം നിർവ്വഹണ ചുമതല ഏജൻസിയെ ഏൽപ്പിക്കേണ്ടത്. ഷെഡ്യൂൾ നിരക്കിനെക്കാൾ അധിക നിരക്ക് അനുവദിക്കാൻ പാടു ള്ളതല്ല. എന്നാൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ പൊതുമരാമത്ത് പ്രവൃത്തികൾക്ക് ടെണ്ടർ എക്സസ് അനുവദിക്കുന്നതിന് സർക്കാർ ഒരു പൊതു ഉത്തരവിലൂടെ അനുമതി നൽകുകയാണെ ങ്കിൽ മാത്രം അതിന് നിശ്ചയിക്കുന്ന വ്യവസ്ഥകൾ പ്രകാരം അധി കനിരക്ക് അനുവദിക്കാവുന്നതാണ്.
6. നിരതദ്രവ്യം (EMD), ജാമ്യതുക (security) മുതലായവ അക്രഡി റ്റഡ് ഏജൻസികളിൽ നിന്നും ഈടാക്കേണ്ടതില്ല.
7. പ്രവൃത്തി ഏല്പിക്കുമ്പോൾ തദ്ദേശഭരണസ്ഥാപനവും എജൻസിയും തമ്മിൽ കരാർ ഉടമ്പടിയിൽ ഏർപ്പെടണം.

**8. സൂപ്പർവിഷൻ നടത്തി അളവുകൾ രേഖപ്പെടുത്തൽ:**

(a) തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയറാണ് സൂപ്പർവിഷൻ നടത്തി അളവുകൾ രേഖപ്പെടുത്തേണ്ടത്. തനത് സാങ്കേതികവിദ്യ ഉപയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികളുടെ കാര്യത്തിൽ മാത്രം ബന്ധപ്പെട്ട ഏജൻസികളുടെ എഞ്ചിനീയർമാർക്കും അളവുകൾ രേഖപ്പെടുത്താവുന്നതാണ്. എന്നിരുന്നാലും തദ്ദേശഭരണ സ്ഥാപ നത്തിന്റെ എഞ്ചിനീയർ അവ പരിശോധിച്ച് ശരിയാണെന്ന് ബോധ്യപ്പെടേണ്ടതാണ്.

(b) പ്രവൃത്തിയുടെ സാങ്കേതിക ഗുണനിലവാരം (technical soundness) ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം എജൻസിക്കാണ്.

(c) പ്ലാൻ, ഡിസൈൻ, എസ്റ്റിമേറ്റ് മുതലായവ തയ്യാറാക്കുക, സൂപ്പർവിഷൻ നടത്തുക എന്നീ ചുമതലകൾ നിറവേറ്റുന്നതിന് തദ്ദേശഭരണ സ്ഥാപനത്തിന് സ്വന്തമായി എഞ്ചിനീയർ ഇല്ലെങ്കിൽ/ എഞ്ചിനീയറുടെ തസ്തിക ഒഴിഞ്ഞു കിടക്കുകയാണെങ്കിൽ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശ ങ്ങൾക്കനുസൃതമായി പകരം സംവിധാനം ഏർപ്പെടുത്താവുന്ന താണ്.

**9. അളവുകൾ പരിശോധിക്കൽ (Check measurement):**

(a) അളവുകൾ രേഖപ്പെടുത്തിയ എഞ്ചിനീയറുടെ ഉയർന്ന റാങ്കി ലുള്ള മറ്റൊരു എഞ്ചിനീയർക്ക്, ചെക്ക് മെഷർമെന്റ് നടത്താവുന്ന താണ്. എന്നാൽ തനത് സാങ്കേതികവിദ്യ ഉപയോഗിച്ച് നടപ്പാ ക്കുന്ന പ്രവൃത്തിയുടെ അളവുകൾ ഏജൻസിയുടെ എഞ്ചിനീയ റാണ് രേഖപ്പെടുത്തുന്നതെങ്കിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ റാങ്കിൽ താഴെയല്ലാത്ത ഒരു എഞ്ചിനീയറായിരി ക്കണം ചെക്ക്മെഷർമെന്റ് നടത്തേണ്ടത്.

(b) തദ്ദേശഭരണ സ്ഥാപനങ്ങളുടെ/തദ്ദേശഭരണ സ്ഥാപനങ്ങളി ലേക്ക് പുനർവിന്യസിച്ച എഞ്ചിനീയർമാർക്ക് പുറമെ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലിയുള്ള എഞ്ചിനീ യർമാർക്കും, സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വിരമിച്ചതും സാങ്കേതികാനുമതി നൽകുന്നതിനുള്ള സമിതികളിൽ അംഗങ്ങളുമായ എഞ്ചിനീയർമാർക്കും ചെക്ക്മെഷർമെന്റ് നടത്താ വുന്നതാണ്. വിരമിച്ച എഞ്ചിനീയർമാരുടെ കാര്യത്തിൽ അവർ ഏത് പദവിയിൽ നിന്നാണോ വിരമിച്ചത് പ്രസ്തുത പദവിയിലുള്ള എഞ്ചിനീയറായി അവരെ കണക്കാക്കാവുന്നതാണ്.

**10. മാനേജ്മെന്റ് ചാർജ്ജ്/എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള പ്രതിഫലം:**

പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നതിനുള്ള മാനേജ്മെന്റ് ചാർജ്ജ് ആയി എസ്റ്റിമേറ്റ് തുകയുടെ 2 (രണ്ട്) ശതമാനം പരിധിയില്ലാതെ, ഏജൻസിക്ക് നൽകേണ്ടതാണ്. തനതു സാങ്കേതികവിദ്യ ഉപയോ ഗിച്ച് നടപ്പാക്കുന്ന പ്രവൃത്തിയുടെ കാര്യത്തിൽ എജൻസി തന്നെ യാണ് പ്ലാൻ, ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്ന തെങ്കിൽ പ്രതിഫലമായി എസ്റ്റിമേറ്റ് തുകയുടെ ½ ശതമാനം ഏജൻസിക്ക് അനുവദിക്കാവുന്നതാണ്. ഇത്തരം ചെലവുകൾക്ക് വേണ്ട തുക മാനേജ്മെന്റ് ചാർജ്ജ്/എസ്റ്റിമേറ്റ് തയ്യാറാക്കുന്നതി നുള്ള പ്രതിഫലം എന്ന ഇനത്തിൽ പ്രൊജക്ടിൽ പ്രത്യേകം ഉൾപ്പെടുത്തണം.

**11. പേയ്മെന്റ് :**

ചുവടെ കൊടുത്തിരിക്കുന്നത് പ്രകാരം ഘട്ടം ഘട്ടമായി മാത്രമേ ഏജൻസിക്ക് തുക നൽകാൻ പാടുള്ളൂ.

(a) *ഘട്ടം 1:* കരാർ ഉടമ്പടിയിൽ ഏർപ്പെട്ടു കഴിഞ്ഞാൽ പ്രവൃത്തി ക്കുള്ള കരാർ ഉടമ്പടി തുകയുടെ 20%.

(b) *ഘട്ടം 2,3,4:* മുൻ അഡ്വാൻസുകളുടെ 90% ചെലവഴിച്ചതിനുള്ള വാലേഷൻ, ചെക്ക്മെഷർ ചെയ്യുന്ന എഞ്ചിനീയർ സാക്ഷ്യപ്പെടു ത്തുന്ന മുറയ്ക്ക് 20% വീതം.

(c) *ഘട്ടം 5 :* മുൻ അഡ്വാൻസുകളുടെ 90% ചെലവഴിച്ചതിനുള്ള വാലേഷൻ, ചെക്ക്മെഷർ ചെയ്യുന്ന എഞ്ചിനീയർ സാക്ഷ്യപ്പെ ടുത്തുന്ന മുറയ്ക്ക് 10% വീതം.

(d) *ഘട്ടം 6 :* പ്രവൃത്തി പൂർത്തിയാക്കിയതിനുശേഷം ഫൈനൽ വാലേഷൻ ചെക്ക്മെഷർ ചെയ്യുന്ന എഞ്ചിനീയർ സാക്ഷ്യപ്പെടു ത്തുകയും ബന്ധപ്പെട്ട എല്ലാ രേഖകളും തദ്ദേശസ്വയം ഭരണസ്ഥാ പനത്തിന് സമർപ്പിക്കുകയും ചെയ്യുന്ന മുറയ്ക്ക് ബാക്കി 10%.

(e) മാനേജ്മെന്റ് ചാർജ്ജ്/ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള പ്രതി ഫലം അവസാന ഘട്ടത്തിൽ നൽകിയാൽ മതിയാകും.

12. തനതു സാങ്കേതിവിദ്യ ഉപയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തിയുടെ അളവുകൾ ഏജൻസിയുടെ എഞ്ചിനീയറാണ് രേഖപ്പെടുത്തുന്ന തെങ്കിൽ മെഷർമെന്റ് ബുക്ക്, വൗച്ചറുകൾ, മറ്റ് രേഖകൾ എന്നിവ ഏജൻസി തന്നെ തയ്യാറാക്കി സൂക്ഷിക്കണം. തദ്ദേശഭരണ സ്ഥാപനമോ, തദ്ദേശഭരണസ്ഥാപനം നിയോഗിക്കുന്ന എഞ്ചിനീ

യറോ/സമിതിയോ എപ്പോൾ ആവശ്യപ്പെട്ടാലും അവ പരിശോധനയ്ക്കായി നൽകേണ്ടതാണ്. മെഷർമെന്റ് ബുക്ക്, മറ്റ് രേഖകൾ എന്നിവ പ്രവൃത്തി പൂർത്തിയാക്കി 15 ദിവസത്തിനകം തദ്ദേശഭരണ സ്ഥാപനത്തിന് നൽകണം.

13. പരാമർശം ഒന്ന്, രണ്ട് എന്നിവ പ്രകാരം പുറപ്പെടുവിച്ച പൊതുമരാമത്ത് ചട്ടങ്ങളിലെ 17-ാമത് ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് പ്രകാരം പ്രവൃത്തിയുടെ സംക്ഷിപ്ത വിവരം അടങ്ങിയ ഒരു നോട്ടീസ് ഏജൻസി തയ്യാറാക്കി, വ്യക്തമായി കാണാവുന്ന തരത്തിൽ പണി സ്ഥലത്ത് പ്രദർശിപ്പിക്കേണ്ടതാണ്.

14. പ്രവൃത്തികൾ സംബന്ധിച്ച എല്ലാ രേഖകളും പൊതുരേഖകളായിരിക്കുന്നതാണ്. ഏതെങ്കിലും പൗരൻ ആവശ്യപ്പെട്ടാൽ പകർപ്പ് എടുക്കുന്നതിനുള്ള ഫീസ് ഈടാക്കി കൊണ്ട് ഏജൻസി/തദ്ദേശഭരണസ്ഥാപനം ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് നൽകേണ്ടതാണ്.

15. നികുതികളും ക്ഷേമനിധി വിഹിതവും തദ്ദേശഭരണ സ്ഥാപനം തന്നെ നേരിട്ട് അടയ്ക്കണം. ഈ ചെലവുകൾ പൂർത്തിയാക്കിയ പ്രവൃത്തിയുടെ ബില്ലിൽ നിന്നും കുറവ് ചെയ്യാൻ പാടുള്ളതല്ല. ഇവ അടച്ചുവെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ (മൂല്യവർദ്ധിത നികുതിയെ (VAT) സംബന്ധിച്ച് ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരമുള്ള നിശ്ചിത ഫോറം, ക്ഷേമനിധി വിഹിതം അടച്ച രസീതിന്റെ പകർപ്പ്, ആദായ നികുതി അടച്ചതിന്റെ സർട്ടിഫിക്കറ്റ് മുതലായവ) തദ്ദേശഭരണസ്ഥാപനം അക്രഡിറ്റഡ് ഏജൻസിക്ക് നൽകണം. ഏജൻസികൾ അവരുടെ ടേൺ ഓവർ സംബന്ധിച്ച കണക്കുകൾ ബന്ധപ്പെട്ട വകുപ്പിൽ/ സ്ഥാപനത്തിൽ സമർപ്പിക്കുമ്പോൾ ഈ പ്രവൃത്തികൾക്ക് തദ്ദേശഭരണസ്ഥാപനം നികുതി/ ക്ഷേമനിധി വിഹിതം അടച്ചിട്ടുണ്ടെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ലെങ്കിൽ ഏജൻസികൾ വീണ്ടും അവ അടയ്ക്കേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കുന്നതിനാണ് ഇപ്രകാരം സർട്ടിഫിക്കറ്റുകൾ നൽകണമെന്ന് നിർദ്ദേശിക്കുന്നത്. മുൻ കാലങ്ങളിൽ അക്രഡിറ്റഡ് ഏജൻസികൾ മുഖേന നിർവ്വഹണം നടത്തുകയും തദ്ദേശഭരണസ്ഥാപനം തന്നെ നേരിട്ട് നികുതി/ ക്ഷേമനിധിവിഹിതം അടയ്ക്കുകയും ചെയ്തിട്ടുള്ള പ്രവൃത്തികളുടെ കാര്യത്തിൽ അവ അടച്ചുവെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ ഏജൻസികൾക്കു നൽകിയിട്ടില്ലെങ്കിൽ തദ്ദേശഭരണസ്ഥാപനങ്ങൾ ഉടൻ തന്നെ അവ ബന്ധപ്പെട്ട ഏജൻസികൾക്ക് നൽകേണ്ടതാണ്.

പരാമർശം 4, 6, 9 എന്നീ സർക്കാർ ഉത്തരവുകളും 7-ാമത്തെ സർക്കുലറും റദ്ദ് ചെയ്യുന്നു. പരാമർശം 3,5 എന്നീ സർക്കാർ ഉത്തരവുകളിലെ,അക്രഡിറ്റേഷൻ സംബന്ധിച്ച ഭാഗങ്ങളൊഴികെയുള്ള നടപടിക്രമങ്ങളും റദ്ദ് ചെയ്യുന്നു. അതായത് പരാമർശം മൂന്നിലെ ഉത്തരവിൽ സംസ്ഥാന നിർമ്മിതി കേന്ദ്രം, ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ, കോസ്റ്റ് ഫോർഡ് എന്നീ സ്ഥാപനങ്ങൾക്ക് അക്രഡിറ്റേഷൻ നൽകികൊണ്ടുള്ള ഭാഗവും പരാമർശം അഞ്ചിലെ ഉത്തരവിൽ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന് അക്രഡിറ്റേഷൻ നൽകികൊണ്ടുള്ള ഭാഗവും മാത്രം തുടർന്നും പ്രാബല്യത്തിലുണ്ടായിരിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**എസ്.എം. വിജയാനന്ദ്**

ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി

*(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)*

## എല്ലാ ഗ്രാമപഞ്ചായത്തുകളിലും കെട്ടിടനിർമ്മാണ ചട്ടങ്ങൾ

**GOVERNMENT OF KERALA**

**Local Self Government (RD) Department**

**NOTIFICATION**

G.O (Ms) No. 150/2007/LSGD.

Dated Thiruvananthapuram, 6th June 2007.

S.R.O No. 495/2007- In exercise of the powers conferred by subsection (1) of section 274 of the Kerala Panchayat Raj Act, 1994 ( 13 of 1994) and in super-session of all the previous notifications issued in this subject matter, the Government of Kerala hereby declare that those provisions of the Kerala Municipality Act, 1994 (20 of 1994) mentioned in the Schedule below and the Kerala Municipality Building Rules, 1999, shall be extended and be in force in all the Village Panchayats of Kerala State with immediate effect.

**SCHEDULE**

Clauses (2), (3), (19), (32), (34), (38) and (46) of section 2 of chapter 1, chapter XVIII and Sections 509 and 510 of chapter XXIII, sections 511, 515,517 of chapter XXIV, section 563 of chapter XXV, sections 567,570, 573 of chapter XXVI and the fourth and fifth schedules in so far as they relate to the matters specified in chapter XVII of the Kerala Municipality Act, 1994 ( 20 of 1994).

By Order of the Governor

**S.M. Vijayanand**

Principal Secretary to Government

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport).

Kerala has a unique environmental situation, which has historically influenced the human settlement as well as land use pattern. However, of late, large scale development is taking place in unregulated manner even in the rural areas of the State. This rapid growth in an unplanned manner without reference to the carrying capacity of a locality in relation to available infrastructure, services and resources would have serious negative consequences affecting the present and future development of the State. Therefore it is necessary to ensure proper regulation of development especially construction activities. For this purpose Government have already implemented the provisions of Kerala Municipality Building Rules and the relevant provisions of the Kerala Municipality Act, 1994 (Act 20 of 1994) in 184 Panchayats. Now it is decided to extend the application of the Kerala Municipality Building Rules, 1999 and the relevant provisions of the Kerala Municipality Act, 1994 (20 of 1994) to all village Panchayats of Kerala State.

This notification is intended to achieve the above object.

*(Panchayat News Service)*

**Institute of Social Sciences**

8 Nelson Mandela Road
New Delhi 110 070

*International Conference on*

# Kerala People's Plan Revisited

**14-15 December 2007, Thiruvananthapuram, Kerala**

*Organized by*

**Institute of Social Sciences (ISS)**

*in co-operation with*

**Kerala Institute of Local Administration (KILA)**

## CALL FOR PAPERS

In India the progress in the implementation of decentralized planning and the performance of District Planning Committees following the 73rd and 74th amendments of the Indian constitution has been halting and haphazard. The people's Plan campaign launched in mid- 1990s in Kerala was a historic landmark in formulating a methodology of decentralised planning with people's effective participation. It is important to build on it, revisit it and carry it forward. The two - day conference will pool and share the experience of local planning in Kerala, rest of India and other countries. We invite papers form social scientists, planners, innovative NGOs and administrators in the following broad areas – empirical as well as theoretical:

- Methodology of decentralised planning
- District Planning committees and District Planning: Experiences from various states
- GIS as a tool of local planning.
- Sectoral Plan vs Spatial Planning: Issues of Integration
- Gender component in Local Planning: Experience and Lessons from Kerala
- Democratic Decentralisation: Planning Experience from other countries.

The papers must reach M.A Oommen, Malcolm S. Adiseshiah Chair Professor for Development Economics and Decentralized Planning, Institute of Social Sciences office, TC -2/2678 Surya Nagar, KRA - 98, Pattom, Thiruvananthapuram, Kerala 695 004 (Tel: + 91 471 2534763 Email : maoommen@asianetindia.com) before 1 October 2007. Travel and other expenses of scholars from India whose papers are selected will be met by the organisers. Foreign participants may arrange their travel through their Universities/ Foundations/Research Centres. Their hospitality, while in Kerala, will be looked after by the organisers.

*For further details contact:*

P.N. Kuttappan, Institute of Social Sciences, 8 Nelson Mandela Road, New Delhi 110070 (Tel:+ 91 11 26121902 /26121909, Cell : 9968469014 Fax: + 91 1126137027, Emails : issnd@vsnl.com

## തദ്ദേശസ്ഥാപനങ്ങൾക്ക് പുതുക്കിയ PWD ഷെഡ്യൂൾ നിരക്കുകൾ

GOVERNMENT OF KERALA

ABSTRACT

Local Self Government Department – Revision of PWD Schedule of Rates – Implementation of new rates in LSGDs – Orders issued.

Local Self Government (DA) Department

G.O (Ms) No. 137/07/LSGD

Dated, Thiruvananthapuram, 28/05/07

Read : 1. G.O (Ms) No. 227/06/LSGD dated 4.10.2006
2. G.O (Rt) 595/07/PWD dated 26/04/2007

ORDER

As per the Government Order read 1st above, Government have accorded sanction for allowing tender excess up to 15% for building and bridge works with estimates prepared on the basis of 2004 PWD Schedule Rates until new Schedule of Rates come into effect.

Now Government as per Government Order read as 2nd paper above have revised the PWD Schedule of Rates with effect from 01.04.07.

In the above circumstances Government are pleased to order that the new Schedule of Rates sanctioned as per the G.O read as second paper above will be applicable to LSGD also w.e.f 1/04/07. The tender excess as per the G.O read as first paper above stands cancelled w.e.f. 1/04/07

The new SOR 2007 will not apply in respect of contracts already executed or where a tender based on earlier SOR is proposed to be accepted.

(By Order of the Governor)
S.M. Vijayanand
Principal Secretary to Govt.

(Panchayat News Service)

## പുതിയ PFA ചട്ടങ്ങൾ മരവിപ്പിച്ചു

GOVERNMENT OF KERALA

ABSTRACT

Health and Family Welfare Department – Kerala Prevention of Food Adulteration Rules 2007 – Freezed – Orders issued.

Health & Family Welfare (E) Department

G.O (Rt) No. 1974/07/H & FWD.

Dated, Thiruvananthapuram, 4/06/07

Read : G.O. (P) No. 31/07/H&FWD dated 1.02.2007

ORDER

As per the Government Order read above, the Kerala Prevention of Food Adulteration Rules 2007 came into existence with effect from 1-2-2007. In the said rules Government made certain revision in the license fee levied in the PFA Act.

Considering the requests of various organisations, Government are pleased to freeze the order read above till further orders.

(By Order of the Governor)
R. Purushothaman Nair
Deputy Secretary to Govt.

(Panchayat News Service)

## അനധികൃത ശിശുഭവനുകളുടെ പ്രവർത്തനം അവസാനിപ്പിക്കുന്നതിന്

19369/ഡി.എ1/07/തസ്വഭവ.

തദ്ദേശസ്വയംഭരണ(ഡിഎ) വകുപ്പ്
തിരുവനന്തപുരം, തീയതി: 4–05–2007

**സർക്കുലർ**

വിഷയം: അനധികൃത ശിശുഭവനുകളുടെ പ്രവർത്തനം അവസാനിപ്പിക്കുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന: 13.04.2007 ലെ സാമൂഹ്യക്ഷേമ (സി) വകുപ്പിന്റെ 4630/സി2/07/സാ.ക്ഷേ.വ നമ്പർ കുറിപ്പ്.

കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ അനധികൃത ശിശുഭവനുകൾ പ്രവർത്തിക്കുന്നതായും ഈ അനധികൃത ശിശുഭവനുകൾ/അനാഥാലയങ്ങൾ എന്നിവ മുഖേന ശിശു വ്യാപാരവും അനധികൃത ശിശുകൈമാറ്റവും നടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇങ്ങനെയുള്ള അനധികൃത ശിശു വ്യാപാരവും ശിശുകൈമാറ്റവും അവസാനിപ്പിക്കുന്നതിനായി ബന്ധപ്പെട്ട സെക്രട്ടറിമാർ ഇത്തരത്തിലുള്ള അനധികൃത ശിശുഭവനങ്ങൾ/അനാഥാലയങ്ങൾ എന്നിവ സാമൂഹ്യക്ഷേമ വകുപ്പ് ഉദ്യോഗസ്ഥരുമായി യോജിച്ച് പരിശോധന നടത്തേണ്ടതും ടി സ്ഥാപനങ്ങൾ മുഖാന്തരമുള്ള അനധികൃത ദത്തെടുപ്പ് തടയേണ്ടതും കുട്ടികളെ സാമൂഹ്യക്ഷേമ വകുപ്പുമായി സഹകരിച്ച് അടിയന്തരമായി അംഗീകാരമുള്ള സ്ഥാപനങ്ങളിലേക്ക് മാറ്റി താമസിപ്പിക്കേണ്ടതുമാണെന്ന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഇതിനാൽ നിർദ്ദേശം നൽകുന്നു.

മേൽ വിഷയത്തിന്മേൽ എല്ലാ സെക്രട്ടറിമാരും അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതുമാണ്.

**എസ്.എം വിജയാനന്ദ്**
ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി

*(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)*


പഞ്ചായത്ത് രാജ് (മാസിക)

പരസ്യ നിരക്ക്

| | | |
|---|---|---|
| കവർ അവസാനപുറം (കളർ) | – | 10,000 രൂപ |
| കവർ പേജ് – ഉൾവശം (ഒറ്റക്കളർ) | – | 6,000 രൂപ |
| മറ്റു പേജുകൾ – ഫുൾ | – | 4,000 രൂപ |
| അര പേജ് | – | 2,000 രൂപ |

വാർഷിക വരിസംഖ്യ – 90 രൂപ ഡിമാന്റ് ഡ്രാഫ്റ്റായോ, മണിഓർഡറായോ അയയ്ക്കുക

വിലാസം

എഡിറ്റർ/പഞ്ചായത്ത് ഡയറക്ടർ,
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി. ഒ.,
തിരുവനന്തപുരം – 33


Edited and Published by A. Ajith Kumar, IAS, Director of Panchayats, Govt. of Kerala Thiruvananthapuram - 695 033 and Printed at Gramalakshmi Mudralayam, Kanjikode, Palakkad.